www.malankaralibrary.com

# തപോധന വിസ്മയങ്ങൾ

ഫിലിപ്പ് ചെമ്പകശ്ശേരി



www.malankaralibrary.com

# തപോധന വിസ്മയങ്ങൾ

ഫിലിപ്പ് ചെമ്പകശ്ശേരി

Published by

Bethany Sisters' Generalate
Kottayam
2004

www.malankaralibrary.com

**THAPODHANA VISMAYANGAL**
*(Malayalam)*

Author : Fr. Philip Chempakassery

Published by : Bethany Sisters' Generalate
Kottayam

All Rights reserved to the Publisher

Price : Rs. 75/-

# ഉള്ളടക്കം

ആമുഖം

മുഖവുര

**ബാല്യവിസ്മയങ്ങൾ**

1. ആശാന്റെ എഴുത്ത്
2. എനിക്ക് റ്റി.സി. വേണം
3. ശിഷ്ടം കൂടാതെ ഒരാൾക്കെത്ര?

**പരിത്യാഗ വിസ്മയങ്ങൾ**

4. നിഷ്പാദുക സമ്പന്നർക്ക്
5. ഒരു പേരിടൽ
6. ചിരുണിയെന്ന ചീപ്പ്
7. കോളേജ് പ്രൊഫസറും കടലക്കച്ചവടക്കാരനും
8. കടലേ ശാന്തമാകൂ
9. അനുസരണം പഠിപ്പിക്കാൻ
10. അവരെയും നാട്ടിലേയ്ക്കു കൊണ്ടു പോകുകയാണ്
11. ഒരു ജനനം, സമൂഹത്തിന്റെ ജനനം
12. അച്ചൻ അടുക്കളയിൽ

**നേതൃ വിസ്മയങ്ങൾ**

13. മരക്കോലും മരക്കുരിശും
14. ധർമ്മക്കാരനച്ചൻ
15. ബഥനിമലയേ സമാധാനത്തോടെ.....
16. ഒരു ഓട്ടം തിരുമേനിക്ക്

www.malankaralibrary.com

17. ഇതെല്ലാം എങ്ങനെ അറിഞ്ഞു
18. തകരപ്പെട്ടിയും മരപ്പെട്ടിയും
19. ഒരു ഏറ്റുപറച്ചിൽ
20. ഒരു ദൈവവിളി
21. പരിഗണന
22. ഒരു പിശാചു പിടുത്തം
23. ചാക്കോച്ചേട്ടനും സെമിനാരിക്കാരും
24. പൊന്തിഫിക്കൽ കുർബ്ബാന
25. ഒരു സുറിയാനി ക്ലാസ്സും ശിക്ഷയും
26. അതും ഈ സിംഹസദൃശനിൽ
27. എടോ തനിക്ക് ഹൃദയമില്ലേ ?
28. പാറയിൽ കുരിശ്
29. മുകൾഭാഗം ഒരുപോലിരിക്കട്ടെ
30. കെട്ടിടം കുലുങ്ങുന്നെന്നോ ?
31. വിണ്ണിലോ മണ്ണിലോ ?
32. പശുവും വയ്ക്കോലും
33. ചാക്കോച്ചൻ പറഞ്ഞതാണ് ശരി
34. നമ്മേക്കാൾ വലിയവനല്ലേ ദൈവം
35. ഒരു വിലാപം

# ആമുഖം

യുഗപ്രഭാവനായ മാർ ഈവാനിയോസ് പിതാവ് സ്ഥലകാല പരിമിതികളെ ഉല്ലംഘിച്ച് ശാശ്വതമായ പ്രസക്തിയോടും മറക്കുകയോ മറയ്ക്കുകയോ ചെയ്യാനാകാത്ത സ്വാധീനതയോടും കൂടി വിരാജിക്കുന്നു. അഭിവന്ദ്യ പിതാവ് മൺ മറഞ്ഞിട്ട് അരനൂറ്റാണ്ട് കഴിഞ്ഞു. പക്ഷേ ആ അസാധാരണ വ്യക്തിത്വം കേരള ക്രൈസ്തവ സമൂഹത്തിൽ പതിച്ച തെളിവാർന്ന മുദ്ര മായിക്കാനാകാതെ നിലകൊള്ളുന്നു. പല മഹാന്മാരിൽ കണ്ടെത്താവുന്ന ഗുണവിശേഷങ്ങൾ ഒരുമിച്ച് അദ്ദേഹത്തിൽ സ്ഥാനം പിടിച്ചിരുന്നുവെന്നതാണ് സത്യം. അടുത്തു പരിചയിച്ചവർക്കെല്ലാം പിതാവ് വിസ്മയമായിരുന്നു. വായിച്ചറിഞ്ഞവർ വീണ്ടും അദ്ദേഹത്തെപ്പറ്റി അറിയാനാഗ്രഹിക്കുന്നു. വായനക്കാരന്റെ മനസ്സിൽ വിസ്മയത്തിന്റെ കല്ലോലങ്ങൾ സൃഷ്ടിക്കാതെ അദ്ദേഹത്തെപ്പറ്റി ഒന്നും വായിക്കാനാകില്ല, അറിയാനാകില്ല. മലങ്കര സഭയിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ നായകനായ മാർ ഈവാനിയോസ് എന്നും അഭിമാനമാണ്. ബഥനി സന്ന്യാസ പ്രസ്ഥാനത്തിന് അടിസ്ഥാനമിട്ട പിതാവിനെപ്പറ്റി ഭക്താദരങ്ങളോടു മാത്രമേ ബഥനി സന്ന്യസ്തർക്ക് ചിന്തിക്കാനാകൂ.

അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രം എഴുതാൻ അനേകർ തയ്യാറായിട്ടുണ്ട്. മലയാളത്തിൽ ചെറുതും വലുതുമായ പല പുസ്തകങ്ങൾ ആ ധന്യജീവിതത്തെ അധീകരിച്ച് വിരചിതമായിട്ടുണ്ട്. അവയിൽ ചിലതെല്ലാം മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മികച്ച സംഭാവനയായിട്ടുണ്ട്. എങ്കിലും വന്ദ്യപിതാവിനെപ്പറ്റിയുള്ള അനുസ്മരണത്തിന്, ആ വിസ്മയകരമായ ജീവിത വർണ്ണനയ്ക്ക്, പരിമിതികളില്ല. വർണ്ണിക്കുന്തോറും വീണ്ടും വർണ്ണനീയമായി ഏറെ അവശേഷിക്കുന്നുവെന്ന പ്രതീതിയാണുണ്ടാകുക. ഇനിയും അനേക ഗ്രന്ഥങ്ങൾ ആ വിശുദ്ധജീവിതത്തിന്റെ അപ്രകാശിതമേഖലകളിലേക്ക് വെളിച്ചം വീശുന്നവയായി വിരചിതമാകേണ്ടിയിരിക്കുന്നു.

'തപോധനവിസ്മയങ്ങൾ' അത്തരമൊരു സംരംഭമാണ്. ചിന്തിക്കാനും ധ്യാനിക്കാനും ജീവിതത്തിൽ പകർത്താനും, ശൈലികൾ തിരുത്താനും ബോധ്യങ്ങൾ വളർത്താനും ഉപകരിക്കുന്ന ഒട്ടനവധി കാര്യങ്ങൾ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലുണ്ടായിട്ടുണ്ട്.

www.malankaralibrary.com

അവയിൽ പലതും ലിഖിതരൂപം പ്രാപിച്ചിട്ടില്ല. കൂടെ ജീവിച്ചിരുന്നവരും കേട്ടറിഞ്ഞവരും വായ്മൊഴിയായി തലമുറകൾക്കു കൈമാറിക്കൊണ്ടിരിക്കുന്നു. അവയ്ക്ക് അക്ഷരങ്ങളുടെ വടിവേകുക ആവശ്യമാണ്. വന്ദ്യപിതാവിന്റെ ജീവിതത്തിലെ മറ്റു ചില ധന്യമുഹൂർത്തങ്ങൾ ചില ഗ്രന്ഥങ്ങളിൽ സൂചിതമായിട്ടുണ്ടെങ്കിലും അവയുടെ പ്രാധാന്യം വേണ്ട വണ്ണം പ്രസ്പഷ്ടമാക്കപ്പെടാതെ പോയിട്ടുണ്ട്. ഇത്തരം മുത്തുകൾ ശേഖരിച്ച് അനുവാചകസമക്ഷം അവതരിപ്പിക്കാനുള്ള ശ്രമമാണ് ഈ ഗ്രന്ഥരചനയ്ക്ക് പ്രേരകമായിട്ടുള്ളത്. ഇത് ഒരു ആരംഭമേ ആകുന്നുള്ളൂ. ഇനിയും വളരെയേറെ ശാസ്ത്രീയമായ ഗവേഷണവും മനശാസ്ത്രത്തിന്റെയും ആദ്ധ്യാത്മിക വിജ്ഞാനീയത്തിന്റെയും പിൻബലത്തോടെയുള്ള സൂക്ഷ്മനിരീക്ഷണങ്ങളും നടത്തി വന്ദ്യപിതാവിന്റെ ജീവിതത്തിലെ അപ്രകാശിതമുത്തുകൾ കണ്ടെടുത്ത് സഹൃദയലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കേണ്ടതുണ്ട്.

മലങ്കര കത്തോലിക്കാ സഭയിലെ ഒരു ബൈബിൾ പണ്ഡിതനും മലങ്കര മേജർ സെമിനാരിയിലെ ബൈബിൾ പ്രൊഫസറുമായ ബഹു. ഫിലിപ്പ് ചെമ്പകശ്ശേരിയച്ചൻ ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ താത്പര്യപ്രകാരം മാർ ഈവാനിയോസ് തിരുമേനിയെപ്പറ്റി അതിവിശിഷ്ടമായ ഈ ഉപഹാരം സമ്മാനിച്ചിരിക്കുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പിയായ മാർ ഈവാനിയോസ് തിരുമേനിയോട് വലുതായ ആദരവും, ഭക്തിയും പുലർത്തുന്ന ബഹു. അച്ചന് എല്ലാ അനുഗ്രഹവും ദൈവം കനിഞ്ഞു നൽകട്ടെ എന്നു പ്രാർത്ഥിക്കുകയും അദ്ദേഹത്തോടു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊരു ഗ്രന്ഥം പ്രകാശനം ചെയ്യുവാൻ സാദ്ധ്യമായതിൽ ബഥനിസന്ന്യാസിനീ സമൂഹത്തിന് അഭിമാനവും ആദരവുമുണ്ട്.

"തപോധന വിസ്മയങ്ങൾ" സഹൃദയ ലോകത്തിന് പ്രചോദന ഹേതുവാകുമെന്ന വിശ്വാസത്തോടെ ഗ്രന്ഥകാരന് അഭിനന്ദനങ്ങളർപ്പിക്കുന്നതോടൊപ്പം ഈ ഗ്രന്ഥം അനുവാചക സമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

**മദർ ഫിലോമിന**
*മദർ ജനറൽ*
*സിസ്റ്റേഴ്സ് ഓഫ് ദി ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്*
*1 ഡിസംബർ 2003*

# മുഖവുര

മഹാനായ മാർ ഈവാനിയോസ് വിസ്മയങ്ങളുടെ വിളനിലമായിരുന്നു. ചിന്തയിലും വചനത്തിലും വാഴ്‌വിലും അദ്ദേഹം അസാധാരണനായിരുന്നു. ആ അസാധാരണത്വം മഹാന്മാരെപ്പോലും മോഹിപ്പിച്ചിട്ടുണ്ട്. ഇത്രയും ഒരു മനുഷ്യന് സാധിക്കുമോ? ഇതുവരെയും പേകേണ്ടതുണ്ടോ? ഇങ്ങനെ പോയാൽ ജീവിതമെങ്ങനെ? ഇതെല്ലാം ആർക്കു വേണ്ടി? ത്യാഗത്തിനുമില്ലേ പരിധികൾ! ഭക്തനെങ്കിലും കുറെ ഭയം വേണ്ടേ? എന്നിങ്ങനെ അദ്ദേഹത്തിന്റെ അത്ഭുതാവഹമായ വാഗ്‌വിലാസവും വിസ്മയകരമായ വിജ്ഞാനവും പിൻതിരിയലറിയാത്ത മുന്നേറ്റവും കണ്ട സമകാലികർ അത്ഭുതപ്പെട്ടിട്ടുണ്ട്. മാവേലിക്കരക്കാരനായ ഈ മനീഷ മനുഷ്യരാശിക്കെല്ലാം അഭിമാനിക്കാവുന്നത്ര അത്യുന്നതങ്ങളിൽ എത്തിച്ചേർന്ന മഹാപ്രതിഭയാണ്. ഈ പ്രതിഭയെപ്പറ്റി എത്രയേറെ സംസാരിച്ചാലും എഴുതിയാലും അത് അധികമാകുകയില്ല. അദ്ദേഹത്തിന്റെ അസാധാരണമായ വ്യക്തിവിശേഷവും മഹത്തായ സംഭാവനകളും മാത്രമല്ല അതിനു കാരണം. ചരിത്രാതീതമായ അവസ്ഥാവിശേഷമാണ് മാർ ഈവാനിയോസ് കൈവരിച്ചിരിക്കുന്നത്. മലങ്കര കത്തോലിക്കാ സഭയുടെ അടിത്തറയിൽത്തന്നെ സ്ഥാനം ലഭിച്ചുവെന്നതാണ് അദ്ദേഹം കൈവരിച്ച ചരിത്രാതീതമായ അവസ്ഥയ്ക്കു കാരണം. ഭാരതത്തിലെ ക്രൈസ്തവ സഭ മറ്റേതൊരു സഭയേയും പോലെ ക്രിസ്തുവെന്ന മൂലക്കല്ലിൽ പണിയപ്പെട്ട ദൈവികസൗധമാണ്. അതിന്റെ അടിസ്ഥാനം അപ്പസ്തോലിക ക്രിസ്താനുഭവമാണ്, വളരെ വിശേഷവിധിയായി ഭാരതത്തിന്റെ അപ്പോസ്തലനായ മാർ തോമായുടെ ക്രിസ്താനുഭവം. എന്നാൽ ചരിത്രത്തിന്റെ കുത്തൊഴുക്കിൽ ഈ സഭയ്ക്ക് നഷ്ടപ്പെട്ട സാർവ്വത്രിക കൂട്ടായ്മ വീണ്ടെടുത്ത് മാർത്തോമായുടെ സഭയെ സാർവ്വത്രികതയിൽ ഭംഗമേതുമില്ലാത്ത മലങ്കര കത്തോലിക്കാസഭയാക്കുന്നതിൽ മാർ ഈവാനിയോസ് വഹിച്ച പങ്ക് മുൻപു ആരും ചെയ്യാത്തതും ചെയ്തു വിജയിക്കാത്തതുമാണ്. അങ്ങനെ സഭാത്മകതയുടെ പൂർണ്ണതയിലേക്ക് മലങ്കര സഭയെ എത്തിക്കുകവഴി ഈ സഭയുടെ അടിത്തറയിൽ ആർക്കും ഒരിക്കലും മാറ്റിമറിക്കാനാകാത്തവിധം മാർ ഈവാനിയോസ് സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. അതോടൊപ്പം ചരിത്രത്തിന്റെ സ്ഥലകാലപരിമിധികൾ

www.malankaralibrary.com

കടന്ന് ചരിത്രാതീത മാനം അദ്ദേഹം കൈവരിച്ചിരിക്കുന്നു. 1882 മുതൽ 1953 വരെയുള്ള 71 വർഷമാണ് മാർ ഈവാനിയോസ് ഈ ഭൂമിയിൽ ജീവിച്ചത്. എന്തുകൊണ്ടും വളരെ ഹ്രസ്വമായ കാലഘട്ടം. പക്ഷേ ഈ 71 വർഷത്തിൽ ഒതുങ്ങുന്നതല്ല അദ്ദേഹത്തിന്റെ ജീവിതം. സഭയോളം അദ്ദേഹം വളർന്നു. സഭയോളം അദ്ദേഹം ദീർഘായുഷ്മാനായി തീർന്നിരിക്കുന്നു. മാർ ഈവാനിയോസിനെ മാറ്റി നിറുത്തിക്കൊണ്ട് മലങ്കര സഭയ്ക്ക് നിലനില്ക്കാനാകില്ല. മാർ ഈവാനിയോസിനെ മറന്നാൽ മലങ്കരയും വിസ്മൃതിയിലാകും.

മാർ ഈവാനിയോസ് പിതാവിനെപ്പറ്റി ഇതിനകം ഒട്ടേറെ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ആദ്യമായി ശാസ്ത്രീയമായ അടിസ്ഥാനത്തിൽ എഴുതപ്പെട്ട ഗവേഷണഗ്രന്ഥമെന്ന സ്ഥാനം ഫാദർ തോമസ് ഇഞ്ചക്കലോടി രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ച 'ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്' ആണ്. പിന്നീട് വിരചിതമായ പല പുസ്തകങ്ങൾക്കും ഈ ഗ്രന്ഥം പ്രാമാണികഗ്രന്ഥമായി ഭവിച്ചു. എന്നാൽ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് എന്ന ഗ്രന്ഥം പിതാവിനെപ്പറ്റി എല്ലാ വിവരങ്ങളും നല്കുന്നുവെന്ന് പറയാനാകില്ല. പുനരൈക്യശില്പി എന്ന കാഴ്ചപ്പാടിൽ പിതാവിന്റെ ജീവിതം നോക്കിക്കാണുന്ന ഫാദർ ഇഞ്ചക്കലോടി ആ മഹാനുഭാവന്റെ വ്യക്തിവിലാസത്തിന്റെ മറ്റനേകം മാനങ്ങൾ കാണാതെ പോയിട്ടുണ്ട്. എല്ലാ ഗ്രന്ഥങ്ങൾക്കുമുണ്ടല്ലോ അത്തരത്തിലുള്ള പരിമിതികൾ. ഗ്രന്ഥകാരന്റെ ദർശന വിശേഷമനുസരിച്ചാണ് വിഷയം അവതരിപ്പിക്കുക. അതോടെ ആ ദർശനബാഹ്യമായ വശങ്ങൾ വിസ്മരിക്കപ്പെടുന്നു. വിസ്മരിക്കപ്പെട്ട ചില വശങ്ങൾ പ്രകാശിപ്പിക്കാനാണ് ഈ ഗ്രന്ഥത്തിൽ ശ്രമിച്ചിട്ടുള്ളത്.

ഇതിൽ പറയുന്ന രംഗങ്ങളെല്ലാം പുതിയൊരു ഗവേഷണ ഫലമല്ല. പലതും ഇതിനുമുൻപു പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള പലതും പിതാവിനെ അടുത്തു പരിചയപ്പെട്ട ചില വൈദികരുടെയും മറ്റു സുഹൃത്തുക്കളുടെയും സഹായത്തോടെ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ കാണുന്ന മറ്റു ചില രംഗങ്ങൾ ഒരു ഗ്രന്ഥത്തിലും ഇതുവരെയും സൂചിപ്പിക്കുക പോലും ചെയ്യാത്തതാണ്. മാർ ഈവാനിയോസിന്റെ കൂടെ ജീവിച്ച ചില വ്യക്തികൾ നല്കിയ സാക്ഷ്യമാണ് അവയ്ക്ക് ആധാരം.

ഈ ലേഖകൻ കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി ശേഖരിച്ച വിവരങ്ങളാണ് ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത്. ക്രൈസ്തവ കാഹളം മാസികയുടെ എഡിറ്ററായിരുന്ന കാലത്ത് ഈ ലേഖകന് മാർ ഈവാനിയോസ് പിതാവിന്റെ ചില സുഹൃത്തുക്കളെ, ശയ്യാവലംബികളായ സുഹൃത്തുക്കളെ, സന്ദർശിച്ചു സംസാരിക്കാൻ സന്ദർഭം ലഭിച്ചിരുന്നു. അവരൊക്കെ ആശ്ചര്യഭാവത്തോടെ, പിതാവിനെപ്പറ്റി പറഞ്ഞ ചില കാര്യങ്ങൾ ഒരു ഗ്രന്ഥരൂപത്തിൽ പ്രകാശിപ്പിക്കാൻ അന്നു മുതൽ ഈ ലേഖകൻ ശ്രമിക്കുകയായിരുന്നു. ഇപ്പോൾ അത് സാധിതപ്രായമായതിനാൽ ഏറെ സന്തോഷിക്കുന്നു. ഞാൻ സംസാരിച്ചവരിൽ ഒരാൾ മാത്രമാണ് പിതാവിനെപ്പറ്റി എന്തെങ്കിലും മോശമായി സംസാരിച്ചത്. ആ വ്യക്തിയുടെ പേര് ഇവിടെ വെളിപ്പെടുത്തുന്നില്ല. അദ്ദേഹത്തിന്റെ നിഷേധാത്മകമായ അഭിപ്രായത്തെപ്പറ്റി ഞാൻ ചിലരോടെല്ലാം സംസാരിക്കുകയും അതിന് കാരണമെന്തെന്ന് ആരായാൻ ശ്രമിക്കുകയും ചെയ്തു. എന്റെ അന്വേഷണം എന്നെ കൊണ്ടെത്തിച്ചത് ആ വ്യക്തിക്ക് പിതാവുമായി നേരിട്ട് ഒരു ബന്ധവും ഇല്ലായിരുന്നുവെന്ന സത്യത്തിലാണ്. ഏതാണ്ട് പിതാവിന്റെ സമകാലികനായിരുന്നെങ്കിലും ആ വ്യക്തി ഒരിക്കലും പിതാവിനെ നേരിട്ടു കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ലെന്ന് പിന്നീട് മനസിലാക്കാൻ സാധിച്ചു. പുനരൈക്യപ്രസ്ഥാനത്തോട് വിരോധമുള്ളവർ നല്കിയ തെറ്റായ ധാരണകളാണ് ഈ വ്യക്തി പുലർത്തിയിരുന്ന അഭിപ്രായങ്ങൾക്ക് ആധാരമെന്ന് മനസിലായി.

പിതാവിനെപ്പറ്റി അത്ഭുതഭാവത്തോടെ സംസാരിച്ചവരിൽ വൈദികരും സന്യാസിനികളും അല്മായരുമുണ്ട്. ഇതിൽ ചിലരെയെല്ലാം പല തരത്തിലുള്ള കുറ്റങ്ങളെ പ്രതി പിതാവ് ശിക്ഷിച്ചിട്ടുള്ളവരുമാണ്. ശിക്ഷ ഏറ്റു വാങ്ങിയശേഷവും പിതാവിനോട് വിരോധഭാവമല്ല വിസ്മയഭാവമാണ് ഇവർക്ക് തോന്നിയിരുന്നതെന്ന് ശിക്ഷിക്കപ്പെട്ടവർത്തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പിതാവിൽ എന്നും ഒരു മഹാനെ, ഒരു അത്ഭുത മനുഷ്യനെ, ആണ് ഇവരെല്ലാം കണ്ടിരുന്നത്. ഇങ്ങനെ ആ മഹത്ത്വം നേരിട്ടറിഞ്ഞ പലരോടും സംസാരിച്ചതിൽ നിന്ന് ലഭിച്ച വിവരങ്ങളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയെല്ലാം ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ പിതാവിന്റെ വ്യക്തിവിലാസത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. ഇവർ വിവരിച്ചിട്ടുള്ള രംഗങ്ങൾ സജീവമായി അവരുടെ മനസ്സുകളിൽ വളരെക്കാലം നിലനിന്ന

www.malankaralibrary.com

താണ് ആ സജീവത അവരുടെ വിവരണത്തിലും പ്രതിഫലിക്കുന്നുണ്ടായിരുന്നു. എങ്കിലും വർഷവും തീയതിയുമൊന്നും കൃത്യമായി പറയാൻ അവർക്ക് കഴിയുമായിരുന്നില്ല. ഇവർ വിവരിച്ച രംഗങ്ങളുടെ കാലം നിർണ്ണയിക്കാൻ മറ്റു മാർഗ്ഗങ്ങളുമില്ല. അതിനാൽ കാലനിർണ്ണയത്തിന് ഈ പുസ്തകത്തിൽ ശ്രമിച്ചിട്ടില്ല. രംഗങ്ങളുടെ സജീവത, നാടകീയത, കഴിയുന്നിടത്തോളം നിലനിർത്താനാണ് ശ്രമിച്ചിട്ടുള്ളത്. വന്ദ്യ മാർ ഈവാനിയോസ് പിതാവ് കാലാതീതനായി വളർന്നു കഴിഞ്ഞു. ചരിത്രപുരുഷനെങ്കിലും ചരിത്രാതീതവ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. ഒരു ഇതിഹാസമായി ആ ജീവിതം വളർച്ച പ്രാപിച്ചിരിക്കുന്നു. ആ സ്ഥിതിക്ക് കാലനിർണ്ണയത്തിന് പ്രസക്തികുറയുകയാണ്. ഭാവങ്ങൾക്കാണ് ആ ജീവിതത്തിൽ കൂടുതൽ പ്രാധാന്യമുള്ളത്. ഭാവങ്ങൾ ചരിത്രാതീതമാണ്.

ഈ ഗ്രന്ഥരചനയിൽ എന്നെ സഹായിച്ചവർ അനേകരാണ്, പ്രത്യേകിച്ചും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചവർ. അവരിൽ പലരും മൺമറഞ്ഞുപോയി. അവരെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന പലരും അനുഭവങ്ങൾ പങ്കുവച്ചിട്ടുണ്ട്, സ്വന്തം ജീവിതത്തിലെ അനുഭവങ്ങളും പിതാവിനെപ്പറ്റി മറ്റുള്ളവരിൽ നിന്ന് കേട്ടറിഞ്ഞവയും. അവരിൽ ബഹു. സാമുവേൽ തൈക്കൂട്ടത്തിലച്ചന്റെ സംഭാവന ഏറെയുണ്ട്. അദ്ദേഹത്തിന് ആത്മാർത്ഥമായ നന്ദി!

അഭിവന്ദ്യ പിതാവിനെപ്പറ്റി ആർക്കും അറിയാത്ത അനേക വിവരങ്ങൾ ആദരവോടെ അറിയിച്ച പരേതരായ വൈദികരിൽ മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ, ബ. സക്കറിയാസ് കിളിലേത്ത്, ബ. ജോൺ ഒ.ഐ.സി, ഗബ്രിയേൽ ഒ.ഐ.സി എന്നിവരെ ആദരപൂർവ്വം അനുസ്മരിക്കുന്നു. പരേതയായ മദർ മാക്സാ എസ്.ഐ.സിയുമായി പലപ്പോഴും മണിക്കൂറുകളോളം സംസാരിക്കാൻ സന്ദർഭം ലഭിച്ചിട്ടുണ്ട്. മാർ ഈവാനിയോസിന്റെ നാമശ്രവണത്തിൽത്തന്നെ അവർ ഏതാണ്ടൊരു നിർവൃതി അനുഭവിച്ചിരുന്നുവെന്ന് തോന്നിയിട്ടുണ്ട്. ആരിൽനിന്നും അതുവരെയും കേൾക്കാൻ കഴിയാതിരുന്ന ഒട്ടനവധി വിവരങ്ങൾ പിതാവിനെപ്പറ്റി കേട്ടറിയാൻ മദറുമായുള്ള സംഭാഷണം സഹായിച്ചിട്ടുണ്ട്. മദറിനെയും ആദരപൂർവ്വം അനുസ്മരിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം സ്വന്തം ചെലവിൽ നിർവ്വഹിക്കുന്ന ബഥനി സന്ന്യാസിനീ സമൂഹത്തോടും ഈ യജ്ഞത്തിന് പ്രേരണ നല്കിയ മദർ ഫിലോമിനായോടുമുള്ള കൃതജ്ഞത രേഖപ്പെടുത്താൻ സന്തോഷമുണ്ട്. മലങ്കരയെപ്പറ്റിയും അതിന്റെ ഗതകാല നായകരെപ്പറ്റിയും പഠിക്കാനും പഠിച്ചത് പ്രസിദ്ധീകരിക്കാനും ബഥനിസന്ന്യാസിനീ സമൂഹം പ്രകടിപ്പിക്കുന്ന താത്പര്യം ഏറെ പ്രശംസാർഹമാണ്. ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന മദർ ഫിലോമിനായുടെ പ്രേരണയും പ്രോത്സാഹനവുമില്ലാതിരുന്നെങ്കിൽ ഇത്തരമൊരു ഗ്രന്ഥം വെളിച്ചം കാണുമായിരുന്നില്ല. ഈ പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച ബഥനി പ്രസ് മാനേജർ ബ്ര. ഗ്രേഷ്യാസിനോടും സഹപ്രവർത്തകരോടും നന്ദി പ്രകാശിപ്പിക്കുന്നു.

അഭിവന്ദ്യ ഈവാനിയോസ് പിതാവിനെ കൂടുതൽ അറിയാനും ആ വ്യക്തിത്വത്തിന്റെ പ്രഭയിൽ ക്രൈസ്തവ ജീവിതം കൂടുതൽ അർത്ഥവത്തായി ജീവിക്കാനും ഈ പുസ്തകം കുറച്ചെങ്കിലും ഉപകരിക്കുമെങ്കിൽ ഈ ഗ്രന്ഥകർത്താവ് കൃതാർത്ഥനായി. മാർ ഈവാനിയോസെന്ന ധന്യജീവിതത്തിന്റെ മുമ്പിൽ നമ്രശിരസ്ക്കനായി ഈ ഗ്രന്ഥം പൊതുജനസമക്ഷം സമർപ്പിക്കുന്നു.

തിരുവനന്തപുരം
15 - 07 - 2004

**ഫാദർ ഫിലിപ്പ് ചെമ്പകശ്ശേരി**

www.malankaralibrary.com

## ബാല്യവിസ്മയങ്ങൾ

1. ആശാന്റെ എഴുത്ത്

2. എനിക്ക് റ്റി.സി. വേണം

3. ശിഷ്ടം കൂടാതെ ഒരാൾക്കെത്ര?

www.malankaralibrary.com

# ആശാന്റെ എഴുത്ത്

ഗീവർച്ചൻ മിടുമിടുക്കനാണ്. അത് മാതാപിതാക്കൾക്കും അയൽക്കാർക്കുമെല്ലാം ബോധ്യമുള്ള കാര്യമാണ്. മിടുമിടുക്കനെ പഠിപ്പിക്കുകതന്നെ വേണം...... പക്ഷേ നഴ്സറി സ്കൂളുകളും ഡേ കെയർ സെന്ററുകളും ഇല്ലാത്ത കാലം. എൽ.കെ.ജി.യും യു.കെ.ജി.യുമില്ല. ഒന്നുകിൽ മാതാപിതാക്കളോ സ്വന്തക്കാരോ വീട്ടിലിരുത്തി പഠിപ്പിക്കണം. അല്ലെങ്കിൽ ചില ആശാന്മാർ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടങ്ങളിൽ അയച്ചു പഠിപ്പിക്കണം. ഈ കുടിപ്പള്ളിക്കൂടങ്ങൾ പേരിൽ മോശമാണെങ്കിലും ഫലത്തിൽ മെച്ചമാണ്. മലയാളഭാഷ നല്ലവണ്ണം വായിക്കാനും എഴുതാനും പഠിക്കാൻ ഇത്തരം സ്കൂളുകളെക്കാൾ മെച്ചമായ സംവിധാനങ്ങൾ അന്നില്ല. പല ആശാന്മാരും വർഷങ്ങളോളമുള്ള പരിചയംകൊണ്ട് അധ്യാപനകലയിൽ പ്രഗല്ഭരാണ്. മാത്രമല്ല മലയാളത്തോടൊപ്പം കുറച്ചൊക്കെ സംസ്കൃതവും ഇത്തരം സ്കൂളിൽ പഠിപ്പിച്ചിരുന്നു. അതിനാൽ രണ്ടു വർഷത്തെ ആശാൻപള്ളിക്കൂടത്തിലെ അഥവാ കുടിപ്പള്ളിക്കൂടത്തിലെ പഠനം പ്രായോഗിക ജീവിതത്തിനാവശ്യമായ ശിക്ഷണമെല്ലാം നൽകിയിരുന്നു.

ഭാഷമാത്രമല്ല ഇത്തരം സ്കൂളുകളിലെ പഠന വിഷയം, കണക്കും പ്രധാനവിഷയമാണ്. കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനും പഠിക്കുക - ഇത്ര മാത്രമേ പ്രായോഗിക ജീവിതത്തിൽ അന്ന് ആവശ്യമുണ്ടായിരുന്നുള്ളൂ. ആവശ്യമുള്ളത്രയും കുടിപ്പള്ളിക്കൂടത്തിൽ നിന്ന് ലഭിച്ചിരുന്നു.

www.malankaralibrary.com

തന്നെപ്പോലെ അദ്ധ്വാനിച്ച് ജീവിക്കുന്നവനും സ്ഥിരോത്സാഹിയും കുടുംബത്തോടു സ്നേഹമുള്ളവനും കാരണവന്മാർ തന്നിട്ടു പോയ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കുന്നവനും ആയിരിക്കണം മകൻ എന്ന് ഗീവർച്ചന്റെ പിതാവായ തോമാപ്പണിക്കർക്ക് നിർബ്ബന്ധമായിരുന്നു. അത്തരം ഒരു കുടുംബനാഥനാകാനുള്ള ഒരുക്കത്തിന്റെ ഭാഗമായിട്ടാണ് ഗീവർച്ചനെ ആശാൻ പള്ളിക്കൂടത്തിൽ ചേർത്തത്.

മാതാപിതാക്കളുടെ പ്രതീക്ഷയെ കടന്നുചെല്ലുന്നതായിരുന്നു, ഗീവർച്ചന്റെ പഠനം. വെറുമൊരു കാരണവരാകാനുള്ള പഠനത്തിനപ്പുറം സഭയെ നയിക്കാനുള്ള വിദഗ്ദ്ധന്റെ മാനസികാവസ്ഥയിലാണ് ഗീവർച്ചൻ പഠിച്ചത്, വായിച്ചത്, ചിന്തിച്ചത്.

ക്ലാസിൽ എല്ലാവർക്കും പ്രിയങ്കരനായിരുന്നു, ഗീവർച്ചൻ - സഹവിദ്യാർത്ഥികൾക്കും അധ്യാപകനായ ആശാനും. ഏതെങ്കിലും ദിവസം ഗീവർച്ചൻ വരാതിരുന്നാൽ അന്ന് ആ കുടിപ്പള്ളിക്കൂടത്തിന് മൂകതയാണ്. ഗീവർച്ചന്റെ സാന്നിദ്ധ്യം ആശാനും കുട്ടികൾക്കും പ്രചോദനമേകി.

കുട്ടികളെ പഠിപ്പിക്കുന്ന ജോലിയിലും ഗീവർച്ചൻ ആശാനു സഹായകമായിരുന്നു. എല്ലാവർക്കും എല്ലാം ആശാൻ തന്നെ പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. ഗീവർച്ചൻ ചെയ്തുകൊള്ളും. അങ്ങനെ വിദ്യാർത്ഥിയുടെയും സഹാദ്ധ്യാപകന്റെയും റോളിലാണ് ആശാൻ ഗീവർച്ചനെ കണ്ടിരുന്നത്.

ഗീവർച്ചനോടു സവിശേഷ മമത കാട്ടാൻ വേറെയുമുണ്ട് കാരണങ്ങൾ. അവന്റെ മാതാപിതാക്കളെ ആശാനു നല്ലവണ്ണം അറിയാം. മാന്യതയും കുലമഹിമയുമുള്ളവരാണവർ. ഈ തലമുറമാത്രമല്ല, കഴിഞ്ഞ പല തലമുറകളായി അവർ മാന്യതയിൽ മുന്നിട്ടു നിൽക്കുന്നു.

ഇങ്ങനെയൊക്കെ ആണെങ്കിലും ആശാനും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തിൽ ഇടർച്ചകളും സംഭവിക്കാറുണ്ടായിരുന്നു. ചിലപ്പോഴെല്ലാം കുട്ടികൾ പഠിക്കാതെ വരുന്നത് ആശാൻ-ശിഷ്യ



ബന്ധത്തെ ഉലയ്ക്കാറുണ്ടായിരുന്നു. മറ്റു ചിലപ്പോൾ കൊടുക്കേണ്ട ഫീസിനെപ്പറ്റിയുള്ള സംഭാഷണം ഇടർച്ചയിലേക്ക് നീങ്ങുമായിരുന്നു.......

അന്ന് എന്ത് സംഭവിച്ചുവെന്ന് വ്യക്തമല്ല. ആശാൻ അസാധാരണമായ കോപത്തിലാണ്. കുട്ടികൾ വല്ലാതെ ഭയപ്പെട്ടിരുന്നു. ഒന്നും പറയാൻ കുട്ടികൾക്കാർക്കും ധൈര്യമില്ല. ആശാൻ തന്നെ സംസാരിച്ചുകൊണ്ടിരുന്നു. എന്താണദ്ദേഹം പറയുന്നത്?.......

തന്റെ സേവനം അംഗീകരിക്കപ്പെടുന്നില്ല. ഇങ്ങനെയുള്ള കുട്ടികളെ പഠിപ്പിച്ചിട്ടു പ്രയോജനമില്ല. വാസ്തവത്തിൽ താൻ തന്റെ വിലയേറിയ സമയം ഇവർക്കുവേണ്ടി പാഴാക്കുകയാണ് - ഇങ്ങനെ പോയി ആശാന്റെ ആവലാതികളുടെ പട്ടിക.

ക്ലാസ് ആരംഭിച്ചപ്പോഴേ തുടങ്ങിയതാണ് ആവലാതികൾ. കോമയോ, സെമിക്കോളനോ ഇല്ലാതെ അത് ദീർഘിച്ചുകൊണ്ടിരുന്നു. ഫുൾസ്റ്റോപ്പ് അടുത്തെങ്ങും ഉണ്ടാകില്ലെന്നത് ഉറപ്പാണ്.

കുട്ടികൾക്ക് മടുത്തു. എങ്കിലും എല്ലാവരും മൗനം പാലിച്ചു. ധൈര്യമില്ലെന്നതാണ് കാരണം. ആരാണ് സംസാരിക്കുക? എങ്ങനെയാണ് ഈ ആവലാതി ഇങ്ങനെ നിറുത്തില്ലാതെ തുടരാൻ അനുവദിക്കുന്നത്? എല്ലാരുടെയും കണ്ണുകൾ ഗീവർച്ചനിലേക്കു തിരിഞ്ഞു. ഗീവർച്ചനു കാര്യം മനസ്സിലായി. താൻ എന്തെങ്കിലും ചെയ്യണം. അവൻ പറഞ്ഞു.

“സാറിന് പറ്റില്ലെങ്കിൽ സാറിന്റെ എഴുത്ത് അങ്ങു എടുത്തു കൊള്ളൂ. ഞങ്ങളുടെ ഓല തിരിയെ തന്നാൽ മതി. ഞങ്ങൾ പൊയ്ക്കൊള്ളാം. ആശാന്റേതാണല്ലോ എഴുത്ത്...... ഓല ഞങ്ങളുടേതും....... എഴുത്ത് എടുത്തോളൂ. ഓല തിരിയെത്തരൂ.”

www.malankaralibrary.com

# "എനിക്കു റ്റി. സി. വേണം....."

സാധാരണ അധ്യയന ദിവസമായിരുന്നിട്ടും ഗീവർഗ്ഗീസിനു ആ ദിവസം വളരെ അസാധരണമായി അനുഭവപ്പെട്ടു. ആർത്തലയ്ക്കുന്ന കുട്ടികൾ ചുറ്റും ഓടിക്കളിച്ചുനടന്നു. അവരോടൊത്തുകൂടാൻ ഗീവർഗ്ഗീസിന് തോന്നിയില്ല. അവന്റെ മനസുനിറയെ അന്നുരാവിലേ അപ്പച്ചൻ പറഞ്ഞകാര്യങ്ങളായി രുന്നു. "മോനേ... ഇനി അധികനാൾ നീ ആ സ്കൂളിൽ പോകേണ്ട... അവിടെ നിന്ന് റ്റി. സി. വാങ്ങി മറ്റൊരു സ്കൂളിൽ ചേർക്കാം. ഞാൻ വരുന്നുണ്ട്. ഹെഡ്മാസ്റ്ററെ കണ്ടു വിവരം പറഞ്ഞു റ്റി. സി. വാങ്ങണം... രണ്ടു മൂന്നു ദിവസത്തിനകം അതു നടക്കണം. എങ്കിലേ മറ്റേതെങ്കിലും സ്കൂളിൽ പ്രവേശനം കിട്ടുകയുള്ളു."

അപ്പച്ചൻ പറഞ്ഞ ഓരോ വാക്കും അവന്റെ മനസ്സിൽ കൂടി സഞ്ചരിച്ചുകൊണ്ടിരുന്നു. തിരുമേനിയാണ് റ്റി. സി. വാങ്ങി സ്കൂൾ മാറണമെന്ന് ആവശ്യപ്പെട്ടിരുക്കുന്നത്... താൻ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നതു ചർച്ച് മിഷൻ സൊസൈറ്റിയുടെ സ്കൂൾ ആണുപോലും സുറിയാനി ക്രിസ്ത്യാനികൾക്ക് സ്വീകരിക്കാനാകാത്ത അബദ്ധധാരണകളാണു പോലും അവർ വച്ചുകൊണ്ടിരിക്കുന്നതും കുട്ടികളെ പഠിപ്പിക്കുന്നതും. തിരുമേനിയുടെ വാക്കുകൾ അപ്പച്ചൻ ആവർത്തിച്ചത് അവന്റെ മനസിൽ ഓടിയെത്തി..... "വിഷമുള്ള ഉറവയിൽ നിന്നാണല്ലോ



കുഞ്ഞ് പാനം ചെയ്യുന്നത്." താൻ വിജ്ഞാ നദാഹിയാണെന്നും കിട്ടുന്നതെല്ലാം ആവേശത്തോടെ ഉൾക്കൊള്ളുന്ന പ്രകൃതമാ ണെന്നും കുടി തിരുമേനി പറഞ്ഞുപോലും.

ഗീവർഗ്ഗീസിന്റെ മനസ്സിൽ വർഷങ്ങൾക്കു മുൻപു നടന്ന ഒരു രംഗം ഓടിയെത്തി. ഒരു രാത്രിയിൽ കോരിച്ചൊരിയുന്ന മഴയത്ത് ശെമ്മാശനെ വിളിച്ചു കൊണ്ടു വന്നതിന് തിരുമേനിയിൽ നിന്ന് കിട്ടിയ പ്രശംസ. ആ തിരുമേനിയല്ലേ പറഞ്ഞത് വിഷമുള്ള ഉറവയിൽ നിന്നാണ് താൻ പാനം ചെയ്യുന്നതെന്ന്... തിരുമേനിക്ക് തെറ്റാൻ നിവൃത്തിയില്ല. ഈ സ്കൂൾ വിടുകതന്നെ.

കൂകിവിളിക്കുകയും പരസ്പരം വഴക്കുണ്ടാക്കുകയും ചെയ്യുന്ന സഹപാഠികളിലേക്കു ഗീവർഗ്ഗീസിന്റെ കണ്ണുകൾ തിരിഞ്ഞു. ഇവരൊക്കെ തന്നെ എത്രയേറെ സ്നേഹിക്കുന്നു. എല്ലാവരും തന്നെ ഒരു നേതാവായി കണക്കാക്കുന്നു. താൻ പറയുന്നതൊന്നും ഇവരാരും നിഷേധിക്കാറില്ല. താൻ നന്നായി പഠിക്കുന്നു വെന്നാണ് അധ്യാപകരും പറയുന്നതു. സ്നേഹമുള്ള അധ്യാപകർ... തന്നെ ഏതാണ്ട് ആരാധനാ മനോഭാവത്തോടെ ബഹുമാനിക്കുന്ന സഹപാഠികൾ.... ഇവരെയെല്ലാം ഉപേക്ഷിച്ചു പോകണമല്ലോ. സ്കൂൾ മാറിയാൽ ഇവരെല്ലാം തനിക്കു നഷ്ടമാകും പക്ഷേ തിരുമേനിയുടെ വാക്കുകൾ... "വിഷമുള്ള ഉറവയിൽ നിന്നാണല്ലോ കുഞ്ഞ് പാനം ചെയ്യുന്നത്..." വേണ്ട. സുഹൃത്തുക്കൾ വേണ്ട. അവരുടെ സ്നേഹം വേണ്ട... അധ്യാപകരുടെ വാത്സല്യം വേണ്ട...വേണ്ടത് സത്യമാണ്. സത്യത്തെപുൽകാൻ ഇതൊക്കെ വലിച്ചെറിയുക തന്നെ.

വരാന്തയിൽ ചിന്താമഗ്നനായിനിന്ന ഗീവർഗ്ഗീസിന്റെ കണ്ണുകളിൽ ഹെഡ്മാസ്റ്ററുടെ രുപം പതിഞ്ഞു. പുറത്തു നിന്ന് അതിവേഗം വന്ന് ഓഫീസിലേക്ക് കയറുകയാണദ്ദേഹം. ഈ സ്കൂൾ വിട്ടു പോകുകതന്നെവേണമെങ്കിൽ എന്തിന് അപ്പച്ചനു സൗകര്യമുണ്ടാകു ന്നതുവരെ താമസിക്കണം. പാനം ചെയ്യുന്നത്

www.malankaralibrary.com

വിഷപാനമാണെങ്കിൽ ഉടനെ അവസാനിപ്പിക്കുകയല്ലേ മെച്ചം. അപ്പച്ചന് സൗകര്യമുണ്ടാകു ന്നതുവരെ കാത്തിരിക്കാതെ താൻ തന്നെ ഹെഡ്മാസ്റ്ററുടെ അടുത്ത് കാര്യം പറഞ്ഞു റ്റി. സി. വാങ്ങുകയല്ലേ നല്ലത്.

ഗീവർഗ്ഗീസ് ധൈര്യം സംഭരിച്ച് ഹെഡ് മാസ്റ്ററുടെ പുറകേ ഓഫീസിലേക്കു കയറി. തന്റെ വത്സലശിഷ്യൻ മുറിയിൽ കയറിയപ്പോൾ ഹെഡ്മാസ്റ്റർക്ക് അതിയായ സന്തോഷം. "എന്താ ഗീവർഗ്ഗീസ് എന്തുവേണം?" ഗീവർഗ്ഗീസ് വന്ന പാടേ ആവശ്യം അറിയിച്ചു. "എനിക്കു റ്റി.സി. വേണം." അപ്പച്ചൻ പറഞ്ഞയച്ചതാണ്. എന്നെ മറ്റൊരു സ്കൂളിൽ ചേർക്കാൻ പോകുകയാണ്." ഹെഡ്മാസ്റ്റർക്ക് തന്റെ കാതുകളെ വിശ്വസിക്കാനായില്ല ഗീവർഗ്ഗീസ് റ്റി. സി. വാങ്ങികൊണ്ടു പോകുകയോ.... പഠനത്തിലും പെരുമാറ്റത്തിലും മറ്റെല്ലാവരെയും പിന്നിലാക്കിയ, ഭാവിയുടെ വാഗ്ദാനമെന്ന് താനും മറ്റദ്ധ്യാപകരും വിധിയെഴുതിയ, ഗീവർഗ്ഗിസ് സ്കൂൾ വിട്ടുപോകുകയോ? എത്രവലിയ നഷ്ടമായിരിക്കും അത് തനിക്കും ഈ സ്കൂളിനും മറ്റെല്ലാവർക്കും. ചിന്തിച്ചു കൊണ്ടു നിന്ന ഹെഡ് മാസ്റ്ററോട് ഗീവർഗ്ഗീസ് തിരുമേനിയുടെ കല്പനയാണെന്നും കുടി കൂട്ടിചേർത്തു.

ദീർഘനേരത്തെ മൗനത്തിനു ശേഷം ഹെഡ്മാസ്റ്റർ പറഞ്ഞു. "ഞങ്ങൾ ആലോചിക്കട്ടെ."

അപ്പോഴേക്കും ക്ലാസ്സ് തുടങ്ങുന്നതിനുള്ള മണിശബ്ദം കേട്ടു. ഗീവർഗ്ഗീസ് ഹെഡ്മാസ്റ്ററെ വണങ്ങി ക്ലാസ്സ്മുറിയിലേക്കോടി

അന്നത്തെ വിഷയങ്ങളിലൊന്നും ശ്രദ്ധിക്കാൻ ഗീവർഗ്ഗീസിന് കഴിഞ്ഞില്ല. അവന്റെ മനസ്സിൽ മുഴുവൻ റ്റി. സി. യെപ്പറ്റിയുള്ള ചിന്ത യായിരുന്നു. സാർ. റ്റി. സി. തരുമോ?.... എന്തായാലും സ്കൂൾ വിട്ട ശേഷം ഒന്നുകൂടിചോദിക്കുകതന്നെ. അപ്പോഴേക്കും മറ്റു അധ്യാപകരു മായി ആലോചിച്ച് ഹെഡ്മാസ്റ്റർ തീരുമാനമെടുത്തിട്ടുണ്ടാകും.....



സ്കൂൾ അവസാനിച്ചതിന്റെ മണിയടിച്ചു. കുട്ടികളെല്ലാം. വീടുകളിലേക്ക് കുതിച്ചു. ഗീവർഗ്ഗീസ് നേരേ പോയത് ഹെഡ്മാസ്റ്ററിന്റെ മുറിയിലേക്കാണ്... ഹെഡ്മാസ്റ്ററുടെ മുഖത്തുനോക്കി അവൻ പറഞ്ഞു: "സാർ എനിക്കു റ്റി. സി. വേണം. അത്യാവശ്യമാണ്."

ഹെഡ്മാസ്റ്റർ നിശ്ചയദാർഢ്യമുള്ള ആ ബാലമുഖത്തേയ്ക്കും തന്റെ മേശപുറത്തു കിടന്ന കടലാസുകളിലേക്കും മാറിമാറി നോക്കി. അയാൾ അറിയാതെ ഒരു പേപ്പർ എടുത്ത് എഴുതി, ഒപ്പു വച്ചു, സീൽ ചെയ്ത് ഭദ്രമായി മടക്കി ഗീവർഗ്ഗീസിന്റെ മുൻപിലേക്കു നീട്ടികൊണ്ടു പറഞ്ഞു "ഇതാ നിന്റെ റ്റി. സി. നിന്റെ ഇഷ്ടം പോലെയാകട്ടെ."

റ്റി. സി. വാങ്ങി സാറിന് നന്ദിപറഞ്ഞുകൊണ്ട് വേഗം പുറത്തിറങ്ങി വീട്ടിലേക്ക് ഒടിയ ബാലന്റെ ഹൃദയത്തിൽ എന്തെന്നില്ലാത്ത സന്തോഷമായിരുന്നു... ഇനി വിഷമുള്ള ഉറവയിൽ നിന്ന് പാനം ചെയ്യേണ്ടതില്ലല്ലോ.....

www.malankaralibrary.com

# "....ശിഷ്ടം കൂടാതെ ഒരാൾക്കെത്ര?"

അവ്യക്തമായൊരു ഗണിതശാസ്ത്ര പ്രശ്നമാണ് കുട്ടികളെ വിഷമിപ്പിച്ചത്. ഏതൊക്കെയോ കുറേ സംഖ്യകൾ പറഞ്ഞിട്ട് അവസാനം ആ ചോദ്യം ഇങ്ങനെ അവസാനിച്ചു. "....ശിഷ്ടം കൂടാതെ ഒരാൾക്കെത്ര?"

ആശാൻ പള്ളിക്കൂടത്തിൽ ഗണിതശാസ്ത്രത്തിന്റെ ആദ്യപാഠങ്ങൾ മാത്രം പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളോടാണ് ചോദ്യം..... ശിഷ്ടം എന്നാൽ എന്തെന്നവർക്കറിഞ്ഞുകൂടാ..... അതിന് മുമ്പ് പറഞ്ഞ സംഖ്യകൾ വ്യക്തവുമല്ല..... എങ്ങനെ ഉത്തരം പറയും?

പത്തിരുപതു കുട്ടികളുണ്ട് ക്ലാസ്സിൽ. ആക്കൂട്ടത്തിൻ മിടുമിടുക്കനെന്ന് എല്ലാവരും പുകഴ്ത്തുന്ന ഗീവർഗ്ഗീസുമുണ്ട്.....

ചോദ്യം മണ്ടന്മാരിൽ ആരംഭിച്ചു..... ഉത്തരമില്ല..... ഓരോരുത്തരായി എഴുന്നേറ്റു തലകുനിച്ചു നിന്നു, ഉത്തരം അറിയാതെ..... ആശാൻ വളരെ ഗൗരവത്തിലാണ്. ചോദ്യം അവസാനിപ്പിക്കാനോ, ചോദിച്ചതിന്റെ ശരിയുത്തരം പറഞ്ഞു കൊടുക്കാനോ ആശാൻ തയ്യാറല്ല. തയ്യാറായാലും ശരിയുത്തരം പറയാൻ ആശാനും സാധ്യമല്ല. കാരണം അത്തരമായിരുന്നു ചോദ്യം..... ബോധപൂർവ്വം



ചോദിച്ച ചോദ്യമല്ല അത്. മദ്യലഹരിയിൽ വായിൽ തോന്നിയതെന്തോ ചോദിച്ചു പോയതാണ്. എന്താണ് താൻ ചോദിച്ചതെന്നു ആശാനു പോലും ഇപ്പോൾ നിശ്ചയമില്ല. അതിനാൽ ചോദ്യത്തിന്റെ അന്ത്യഭാഗം മാത്രമാണ് ഇപ്പോൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. "ശിഷ്ടം കൂടാതെ ഒരാൾക്ക് എത്രകിട്ടും?" മണ്ടന്മാർ ഒന്നൊന്നായി എഴുന്നേറ്റ് തലകുനിച്ചു നിന്നു..... അല്പം മിടുക്കന്മാരും അപ്രകാരം തന്നെ ചെയ്തു... ചോദ്യം കൂടുതൽ ശക്തിയോടെ ആവർത്തിക്കപ്പെട്ടുകൊണ്ടിരുന്നു..... "ശിഷ്ടം വരാതെ ഒരാൾക്ക് എത്ര കിട്ടും......?"

എല്ലാവരും എഴുന്നേറ്റ് തലകനിച്ചു നില്ക്കുന്നു..... ചോദ്യം ആവസാനം മിടുമിടുക്കന്റെ അടുക്കലെത്തി.... തന്റെ മൗഢ്യത്തിന് പരിഹാരം ഇവിടെ കാണാനാകുമെന്ന് ആശാൻ കരുതിയിട്ടുണ്ടാകും. താൻ തന്നെ മറന്നു പോയ ചോദ്യത്തിന്റെ ആദ്യഭാഗം ഒരു പക്ഷേ മിടുമിടുക്കന്റെ ഉത്തരത്തിൽ നിന്ന് ലഭിച്ചെന്നു വരും.... ആശാൻ ഗീവർച്ചനെ നോക്കി ചോദിച്ചു "ശിഷ്ടം വരാതെ ഒരാൾക്കെത്ര കിട്ടു?"

എന്താണ് ഈ ചോദ്യത്തിനുത്തരം? ചോദ്യത്തിന് ഉത്തരമല്ല വിശദീകരണമാണുള്ളതെന്ന് മിടുക്കന്മാരിൽ പലർക്കും വ്യക്തമാണ്. ആശാന്റെ മദ്യപാനത്തെപ്പറ്റി മറ്റുള്ളവർ പറഞ്ഞും ക്ലാസ്സിലെ പെരുമാറ്റത്തിൽ നിന്നും അവർ മനസ്സിലാക്കിയിരുന്നു.... ആശാൻ വേച്ചു വേച്ചു വരുമ്പോഴേ കുട്ടികളുടെ ഉള്ളിൽ ചിരി ഊറുമായിരുന്നു. എങ്കിലും ആശാനല്ലേ ആക്ഷേപിക്കാൻ പാടില്ല. അവർ മൗനം പുലർത്തി വന്നു. ഇന്ന് ലഹരി കുറേ ഏറിപ്പോയെന്ന് അവർ മനസ്സിലാക്കിത്തുടങ്ങി. അതിന്റെ ഫലമാണ് ആ ചോദ്യം. "ശിഷ്ടം കൂടാതെ ഒരാൾക്ക് എത്ര കിട്ടും?" ഈ ചോദ്യത്തിന്റെ വിശദീകരണം അവർക്കറിയാം. "ഉള്ളിൽ കിടക്കുന്ന മദ്യം....." അങ്ങനെ ഉത്തരം പറഞ്ഞാലോ? വേണ്ട..... ആശാനെ ആക്ഷേപിക്കാൻ പാടില്ല. മിടുമിടുക്കനും എഴുന്നേറ്റ് ഒന്നും ഉത്തരം പറയാതെ തലകുനിച്ചു നിന്നു.....

www.malankaralibrary.com

ഇത് ഗുരു പ്രതീക്ഷിച്ചതല്ല. ഇങ്ങനെയൊരു രംഗം തന്റെ ജീവിതത്തിലാദ്യത്തേതാണ്. ഗീവർച്ചനോട് ചോദിച്ച ഒരു ചോദ്യത്തിനും ഇതുവരെ ശരിയുത്തരം ലഭിക്കാതിരുന്നിട്ടില്ല.....

ആശാന് അരിശം മൂത്തു......"നിനക്കും അറിഞ്ഞുകൂടേ? നിന്നെ ഞാനൊരു പാഠം പഠിപ്പിക്കാം......"

താൻ തന്നെയാണ് പാഠം പഠിക്കേണ്ടതെന്ന് മനസ്സിലാക്കാതെ ആശാൻ പുറത്തു ചെന്നു ഭാരമുള്ളൊരു കല്ലുമായി തിരിയെ വന്നു.

ഉത്തരം പറയാതിരുന്ന മിടുമിടുക്കനെ കുനിച്ചു നിറുത്തി, ഭാരമുള്ള കല്ല് മുതുകത്തു വച്ചുകൊടുത്തു. എന്നിട്ടൊരാജ്ഞ

"അനങ്ങിപോകരുത്...... അതുപോലെ ക്ലാസ്സ് അവസാനിക്കുന്നതുവരെ നില്ക്കണം....."

ഗീവർച്ചൻ അനുസരിച്ചു. അനുസരിക്കാതിരിക്കാൻ പറ്റില്ല.... താൻ വെറുമൊരു ബാലൻ. ആശാനോടു അടരാടാൻ താനാരാണ്..... മാത്രമല്ല ഗുരുവാണ്...... ഗുരുവിനെ ആദരിക്കണമെന്നത് ആദ്യപാഠമാണ്.....

ഗീവർച്ചൻ ഭാരമുള്ള ആ കല്ലും മുതുകിൽ താങ്ങി ക്ഷമയോടെ നിന്നു, ക്ലാസ്സ് തീരും വരെയും.



## പരിത്യാഗ വിസ്മയങ്ങൾ

4. നിഷ്പാദുക സന്യഭുക്ക്
5. ഒരു പേരിടൽ
6. ചീരുണിയെന്ന ചീഷ്
7. കോളേജ് പ്രൊഫസറും കടലക്കച്ചവടക്കാരനും
8. കടലേ ശാന്തമാകൂ
9. അനുസരണം പഠിപ്പിക്കാൻ
10. അവരെയും നാട്ടിലേക്കു കൊണ്ടുപോകുകയാണ്
11. ഒരു ജനനം, സമൂഹത്തിന്റെ ജനനം
12. അച്ചൻ അടുക്കളയിൽ

www.malankaralibrary.com

# നിഷ്പാദുക സസ്യഭുക്ക്

**അ**ന്ന് ദുഃഖ വെള്ളിയാഴ്ചയായിരുന്നു. പെരുനാട് ബഥനിക്കുന്നിലെ ആശ്രമത്തോടു ചേർന്നു തയ്യാറാക്കിയിരുന്ന പന്തലിൽ വച്ചായിരുന്നു ദുഃഖവെള്ളിയുടെ ശുശ്രൂഷകൾ. ഫാദർ പി.റ്റി. ഗീവർഗ്ഗീസാണ് പ്രധാന കാർമ്മികൻ. കൗമാകളും പ്രാർത്ഥനകളും ഇടയ്ക്കിടെയുള്ള പണ്ഡിതോചിതമായ പ്രസംഗങ്ങളുമായി ശുശ്രൂഷ തുടർന്നുകൊണ്ടിരുന്നു. എല്ലാംകൂടെ അവസാനിച്ചപ്പോൾ നേരം അഞ്ചുമണി. ജനങ്ങൾകൂട്ടമായി പന്തലിനുപുറത്ത് ഇറങ്ങി അവിടവിടെ കൂട്ടംകൂടിനിന്നു. ഇനി കഞ്ഞികുടിച്ചിട്ടേ വീടുകളിൽ പോകാൻ സാധിക്കുകയുള്ളു. അതോടൊപ്പം ശുശ്രൂഷകൾക്കു നേതൃത്വം നല്കിയ പട്ടക്കാരനോട് കുശലം സംസാരിക്കാനും അവർക്കു താത്പര്യമുണ്ട്. അവിടവിടെകൂട്ടം കൂടി ജനങ്ങൾ നില്ക്കുന്നതുകണ്ട് പുഞ്ചിരിയോടെ ഗീവർഗ്ഗീസച്ചൻ പന്തലിൽ നിന്നിറങ്ങിവന്നു സംസാരിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പാദങ്ങൾ നഗ്നമാണ്. ചെരുപ്പു ധരിച്ചിട്ടില്ല. സാധാരണ വൈദികരെ ആരെയും അങ്ങനെ നഗ്നപാദരായി കണ്ടിട്ടില്ല. അവിടെ കൂടിയിരുന്ന ഒരാൾ ചോദിച്ചു.

"അച്ചന്റെ ചെരിപ്പ് എന്തിയേ? പുറത്തു ഊരിയിട്ടിട്ടാണോ പള്ളിയിൽ കയറിയത്? വല്ലവരും മോഷ്ടിച്ചതാണോ?"

"അല്ല. അങ്ങനെയെങ്ങും നമ്മുടെ ആളുകൾ ചെയ്യുകയില്ല.

www.malankaralibrary.com

ഞാൻ ചെരിപ്പ് ഉപയോഗിക്കാത്തതാണ്. കുറേ കാലമായി ഞാൻ ചെരുപ്പുപയോഗിക്കുന്നില്ല".

"വല്ല രോഗവുമാണോ. അതോ..." അച്ചന് പണത്തിന്റെ കുറവാണെങ്കിൽ ചെരുപ്പ് വാങ്ങിക്കൊടുക്കാമെന്ന ഭാവത്തിൽ മറ്റൊരാൾ സംസാരിച്ചു.

"രോഗമൊന്നുമില്ല... വേണ്ടെന്നു വച്ചെന്നേയുള്ളു. അല്പമൊരു ത്യാഗം അത്രമാത്രം..." ഫാദർ ഗീവർഗ്ഗീസ് വിശദീകരിച്ചു.

"പക്ഷേ, അച്ചോ, നമ്മുടെ പാരമ്പര്യമനുസരിച്ച് കുർബാനയ്ക്കു പോലും ചെരുപ്പു ധരിക്കണമെന്നല്ലേ.... അപ്പോൾ ചെരുപ്പ് ധരിക്കാതിരിക്കുന്നത് നമ്മുടെ പാരമ്പര്യത്തിനു വിരുദ്ധമല്ലേ..." ഒരു നേതാവിന്റെ സംശയം ആ വഴിക്കാണ് നീങ്ങിയത്.

"പക്ഷേ അത് വിശുദ്ധകുർബാനയ്ക്കല്ലേ. ഞാൻ പുറത്തു നടക്കുമ്പോഴത്തെ കാര്യമാണ് പറഞ്ഞത്. ചെരിപ്പില്ലാത്ത അനേകരില്ലേ നമ്മുടെ നാട്ടിൽ. അതുപോലെ ഞാനും ചെരുപ്പില്ലാതെ നടക്കാമെന്നുവിചാരിച്ചു. പക്ഷേ ഇതു ജീവിതകാലം മുഴുവൻ പാലിക്കാനുള്ള വ്രതമൊന്നുമല്ല. ഒരു താത്കാലിക ത്യാഗമെന്നേയുള്ളു. നിങ്ങൾക്കറിയാമോ നമ്മുടെ ഹിന്ദുസന്ന്യാസിമാരിൽ പലരും നഗ്നപാദരാണ്. അവർ അത് സന്ന്യാസത്തിന്റെ ഭാഗമായി സ്വീകരിച്ചിരിക്കുന്ന ത്യാഗമാണ്. ഞാനും സന്ന്യാസിയാണല്ലോ. അതുകൊണ്ട് സന്ന്യാസത്തിന്റെ കുറേ ത്യാഗങ്ങൾ ഏറ്റെടുത്തു പരിശീലിക്കാമെന്നു വിചാരിച്ചു... സന്ന്യാസം എന്ന വാക്കിന്റെ അർത്ഥം തന്നെ ഉപേക്ഷിക്കുകയെന്നാണ്. അതായത് സമ്യക്കായി ഉപേക്ഷിക്കുക. നമ്മുടെ സഭയിൽ സന്ന്യാസത്തിന്റെ അരൂപി ഇതുവരെയും രൂഢമൂലമായിട്ടില്ല. സന്ന്യാസമാണ് സഭയുടെയും ഏതൊരു



മതത്തിന്റെയും ശക്തി കേന്ദ്രം. നന്നായി ത്യാഗം ചെയ്യുന്ന, ശരിയായി പ്രാർത്ഥിക്കുന്ന ഒരു സന്ന്യാസസമൂഹം സഭയിലുണ്ടെങ്കിൽ ആ സഭ പരാജയപ്പെടുകയില്ല. സന്ന്യാസ സമൂഹത്തിൽ നിന്ന് ആദ്ധ്യാത്മിക ശക്തിമുഴുവൻ വ്യാപിക്കും. നമ്മുടെ സഭയ്ക്കു അത്തരം ഒരു ശക്തികേന്ദ്രം ഇല്ലാത്തത് നികത്താനാണ് ഞാൻ ഈ ആശ്രമം തുടങ്ങിയത്. ഇതു നമ്മുടെ സഭയുടെ ആദ്ധ്യാത്മിക സിരാകേന്ദ്രമാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു....."

"മാംസം ഉപേക്ഷിക്കുന്നതും സന്ന്യാസത്തിന്റെ ഭാഗമാണോ? അച്ചൻ പ്രസംഗത്തിൽ അങ്ങനെയെന്തോ പറഞ്ഞെന്നു തോന്നുന്നു." മറ്റൊരാളുടെ സംശയം അങ്ങനെ നീങ്ങി.

"നമ്മുടെ പാരമ്പര്യമല്ലേ അത്. നോമ്പിൽ നാം ഇറച്ചി കഴിക്കാറില്ലല്ലോ. ഇറച്ചിമാത്രമല്ല, മുട്ട, പാൽ, മത്സ്യം ഇതൊക്കെ നാം ഉപേക്ഷിക്കാറില്ലേ... അതിന്റെ അർത്ഥമെന്താണ്? ഈ സാധനങ്ങൾ ഉപേക്ഷിക്കുന്നതിൽ നമ്മുടെ പൂർവ്വപിതാക്കന്മാർ എന്തോ മൂല്യം കണ്ടിരുന്നു. എന്നാൽ എന്നും അങ്ങനെ ഉപേക്ഷിക്കുന്നത് കഠിനമായതുകൊണ്ട് നോമ്പുകാലത്തേയ്ക്ക് മാത്രമായി നാം അതു ചുരുക്കിയിരിക്കുന്നുവെന്നു മാത്രം. കഴിവുള്ളവർ എന്നും മാംസം ഉപേക്ഷിക്കുന്നതാണ് നല്ലത്. നമ്മുടെ ഹിന്ദുസഹോദരന്മാരെങ്ങനെയാണ് കഴിയുന്നത്? എല്ലാ ഉന്നതകുലത്തിൽ പെട്ട ഹിന്ദുക്കളും സസ്യഭുക്കുകളാണ്. നമ്മളും ഈ രാജ്യത്തിന്റെ മക്കളല്ലേ. രാജ്യത്തിലെ ബഹു ഭൂരിപക്ഷത്തിന്റെ നല്ല പാരമ്പര്യങ്ങൾ നമ്മളും പാലിക്കേണ്ടതല്ലേ? അതുകൊണ്ടാണ് സസ്യാഹാരത്തിന്റെ മേന്മയെപ്പറ്റി ഞാൻ പറഞ്ഞത്. ഈ ആശ്രമത്തിൽ ഒരിക്കലും ഇറച്ചി പാചകം ചെയ്യുകയോ ഭക്ഷിക്കുകയോ ചെയ്യുകയില്ല. കാരണം ഭാരതത്തിന്റെ സംസ്കാരത്തി നിണങ്ങുന്ന ഒരു ജീവിതരീതിയാണ് സന്ന്യാസികളിൽ നിന്ന് ഭാരതീയർ പ്രതീക്ഷിക്കുന്നത്. ഭാരതത്തിലെ

www.malankaralibrary.com

സന്ന്യാസിമാർ, അതു ഹിന്ദുക്കളാ യാലും ക്രിസ്ത്യാനികളായാലും, നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യങ്ങൾ പാലിക്കണം. എങ്കിലേ നമ്മൾ മറ്റുള്ളവരുടെ മുമ്പിൽ സ്വീകാര്യരാകുകയുള്ളു..."

"ഈ പുത്തൻ ആശയങ്ങളെല്ലാം അച്ചൻ സെറാമ്പൂരിൽ നിന്നും പഠിച്ചതാണോ?"

"അതേ. സെറാമ്പൂർ കോളജിൽനിന്നല്ല. അവിടെയുള്ള ഒരു ശ്രീരാമകൃഷ്ണാശ്രമത്തിൽനിന്ന്. സെറാമ്പൂരിലെ ക്ലാസ്സുകൾക്കിടയിൽ എനിക്കുകിട്ടിയ ഒരു അസുലഭമായ അനുഭവമാണ് ഹൈന്ദവ സഹോദരരുമായി അടുത്തിടപഴകാൻ കഴിഞ്ഞത്. അതിലും എടുത്തുപറയേണ്ടതാണ് സെറാമ്പൂരിലെ ശ്രീകൃഷ്ണാശ്രമത്തിലെ അംഗങ്ങളുമായി പരിചയപ്പെടുകയും അവരുടെ സൗഹൃദം നേടാൻ സാധിക്കുകയും ചെയ്തുവെന്നത്. ഞാൻ ആ സന്ന്യാസിമാരോടൊപ്പം താമസിച്ച് അവരുടെ ജീവിതരീതി നേരിട്ട് കണ്ട് അനുഭവിച്ചിട്ടുണ്ട്. അവരുടെ ത്യാഗജീവിതവും സംസ്ക്കാരവും വളരെ പ്രശംസനീയമാണ്. അവരിൽനിന്നാണ് ചെരിപ്പില്ലാതെ നടക്കുന്നതിനും മാംസാഹാരം വർജ്ജിക്കുന്നതിനും ഞാൻ പഠിച്ചത്. ആ സന്ന്യാസികൾ സസ്യഭുക്കു കളാണ്. അത് ഭാരതത്തിന്റെ പൊതുവായ സംസ്ക്കാരമാണ്. അവർ പശുക്കളെ കൊല്ലുന്നതിനെ എതിർക്കുന്നു. അതിൽ കുറേ അർത്ഥമുണ്ട്. നമ്മുടെ ദേശീയ മൃഗമല്ലേ പശു. അതിനോടു ദയകാണിക്കുക മനുഷ്യരോടു ദയകാണിക്കാനുള്ള പരിശീലനമാകും. പശു ദേവതയോ ദേവിയോ ഒന്നും ആണെന്നല്ല ഞാൻ പറയുന്നത്. എന്നാൽ പശുക്കളെ കൊല്ലാതിരിക്കുന്നതിൽ ഒരു മൂല്യം ഒളിഞ്ഞിരിപ്പുണ്ട് അത് എല്ലാ ജീവികളോടുമുള്ള ദയവും എല്ലാ ജീവികളുടെയും സ്രഷ്ടാവിനോടുള്ള ആദരവുമാണ്. മിണ്ടാപ്രാണിയോടു ക്രൂരത കാണിക്കുന്നത് അവയുടെ സ്രഷ്ടാവിനോടുള്ള ക്രൂരതയാണ്. അവയെ കൊല്ലാതിരിക്കുകയാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം. അതുപോലെ



മാംസാഹാരം വർജ്ജിക്കുന്നത്. സന്ന്യാസജീവിതത്തിന് വളരെ സഹായകരമാണ്. ചെരുപ്പില്ലാത്തയാത്രയിലും അർത്ഥമുണ്ട്. അത് ത്യാഗത്തിന്റെ അടയാളമാണ്. അതുപോലെ ഭൂമിയോടു ഇഴുകിചേർന്നുകഴി യുന്നതിന്റെ പ്രതീകമാണ്. സന്ന്യാസത്തിൽ ആഴപ്പെടുന്നതിന് വേണ്ടി കുറേ കാലത്തേ ക്കെങ്കിലും ഈ വക ത്യാഗങ്ങൾ ചെയ്യാനാണ് ഞാൻ ആഗ്രഹി ക്കുന്നത്. അത് നമ്മുടെ സന്ന്യാസത്തെ ഭാരതീയമാക്കുകയും നമ്മുടെ സന്ന്യാസം ഭാരതീയർക്ക് അനുകരണീയമാകുകയും ചെയ്യും...."

അച്ചന്റെ വിശദീകരണം കേട്ടപ്പോൾ എല്ലാവർക്കും അദ്ദേഹത്തോട് കൂടുതൽ ആദരവ് തോന്നി. ഇത്രയും ഉന്നതനായിരിക്കെ ഇത്രയും ത്യാഗസന്നദ്ധതകാണിക്കുന്ന മറ്റൊരാളെ കാണാനാകുമോ? അവർ ചിന്തിച്ചു.

www.malankaralibrary.com

# ഒരു പേരിടൽ

**പേ**രിലെന്തിരിക്കുന്നു? ഒന്നുമില്ലേ? ഒന്നുമില്ലന്നെങ്ങനെ പറയും? ഒരു കുട്ടി ജനിക്കുമ്പോൾ അനുയോജ്യമായ പേരു നൽകാൻ മാതാപിതാക്കൾ എത്ര ചിന്തിക്കാറുണ്ട്. തനിക്ക് ഗീവർഗ്ഗീസ് എന്ന പേരു നല്കിയ പിതാവ് അദ്ദേഹത്തിന് വി. ഗീവർഗ്ഗീസ് സഹദായോടുള്ള ഭക്ത്യാദരസൂചകമായല്ലേ ആ പേര് നല്കിയത്. ഗീവർഗ്ഗീസ് സഹദായുടെ സംരക്ഷണം തനിക്കു ലഭിക്കണമെന്ന ആഗ്രഹവും ആ പേരു നല്കലിനു പിറകിലുണ്ടായിരുന്നെന്നു ചിന്തിക്കരുതോ? പേരിൽ കാര്യമുണ്ട്. ആരും താൻ സ്നേഹിക്കുകയും ഗൗരവമായി കാണുകയും ചെയ്യുന്ന ഒന്നിനും ചിന്തിക്കാതെ പേരിടുകയില്ല. വാക്വാർത്ഥങ്ങൾ ശിവപാർവ്വതിമാരെ പോലെ ഒന്നു ചേർന്നിരിക്കുന്നു.... ആരാണതു പറഞ്ഞത്? മലയാളം ക്ലാസിലെ അധ്യാപകൻ! ഒരിക്കലും വേർതിരിക്കാൻ സാധിക്കാത്തതാണ് വാക്കും അതിന്റെ അർത്ഥവും അഥവാ വസ്തുവും അതിനെ വിളിക്കാനുപയോഗിക്കുന്ന പേരും. അങ്ങനെയെങ്കിൽ താൻ സ്ഥാപിച്ച സന്ന്യാസ സമൂഹത്തിനും യോജിച്ച ഒരു പേരു വേണ്ടേ. സമൂഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ജീവിത ശൈലി, പ്രവർത്തന രീതി, പ്രാർത്ഥനാജീവിതം ഇതെല്ലാം ഉൾക്കൊള്ളുന്ന ഏതൊതു പദമാണ് പേരായി സ്വീകരിക്കുക?..... റോമാ സഭയിലെ സന്ന്യാസസമൂഹങ്ങളുടെ പേരുകൾ ഒന്നൊന്നായി മനസ്സിലൂടെ



കടന്നു പോയി..... ബെനഡിക്ടയിൻ സന്ന്യാസ സമൂഹം, ഫ്രാൻസിസ്ക്കൻ സന്ന്യാസ സമൂഹം, ഈശോ സഭാ സമൂഹം..... പക്ഷേ എല്ലാം പാശ്ചാത്യ സംസ്ക്കാരമുൾക്കൊള്ളുന്നവയല്ലേ...... ഒരു പൗരസ്ത്യ സഭയായ മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ഥാപിതമായ സന്ന്യാസസമൂഹത്തിന് പാശ്ചാത്യനാമങ്ങൾ ഉപയോഗിക്കുകയോ? അതു പാടില്ല. പൗരസ്ത്യതയും ഭാരതീയതയും കാത്തുസൂക്ഷിക്കാൻ വേണ്ടി ആരംഭമായ സമൂഹത്തിന് പാശ്ചാത്യനാമം പാടില്ല...... സുറിയാനി സഭയുടെ ഏതെങ്കിലും പിതാവിന്റെ അല്ലെങ്കിൽ വിശുദ്ധന്റെ നാമം സ്വീകരിച്ചാലോ.......

എം. എ. അച്ചൻ വല്ലാതെ ചിന്താകുഴപ്പത്തിലായി. തന്റെ സന്ന്യാസ സമൂഹത്തിന്റെ സവിശേഷതകൾ പ്രഖ്യാപനം ചെയ്യുന്നതും എന്നാൽ പൗരസ്ത്യ സംസ്കാരത്തിന് ഇണങ്ങുന്നതും എല്ലാവർക്കും സ്വീകാര്യവുമായ ഒരു നാമം..... പൗരസ്ത്യപിതാക്കന്മാരുടെ നാമങ്ങൾ ഓരോന്നായി മനസ്സിലൂടെ കടന്നു പോയി. കൂറിലോസ്, എഫ്രേം, ഗ്രിഗോറിയോസ്, ബസേലിയോസ്..... ഒന്നിലും തൃപ്തി തോന്നുന്നില്ല. എല്ലാറ്റിലുമുണ്ട് എന്തോ ചില ന്യൂനതകൾ. താൻ ചാരിക്കിടന്നിരുന്ന കസേരയിൽ നിന്ന് എഴുന്നേറ്റ് മേശപ്പുറത്തു വച്ചിരുന്ന ബൈബിൾ കൈയിലെടുത്തു.... തനിക്ക് ഇഷ്ടമുള്ള പേരല്ല, താൻ തെരഞ്ഞെടുക്കുന്ന പേരുമല്ല തന്റെ സന്ന്യാസ സമൂഹത്തിന്റെ പേര് ദൈവം കാണിച്ചുതരുന്നതുമാത്രം.

പ്രാർത്ഥനാപൂർവ്വം ബൈബിൾ ചുംബിച്ചുകൊണ്ട് പതുക്കെ തുറന്നു. "ദൈവമേ നിന്റെ സന്ന്യാസ സമൂഹത്തിന് നീ ഇടാനാഗ്രഹിക്കുന്ന പേര് വെളിവാക്കിത്തരണമേ...." ബൈബിൾ മലർക്കെ തുറന്നു. ആദ്യം ദൃഷ്ടിയിൽപ്പെട്ട ഭാഗം വായിച്ചു. "അവർ പോകുന്ന വഴി അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മാർത്താ എന്നു പേരുള്ള ഒരുവൾ അവനെ സ്വഭവനത്തിൽ സ്വീകരിച്ചു. അവൾക്ക് മറിയം എന്നു പേരായ ഒരു സഹോദരിയുണ്ടായിരുന്നു..."

www.malankaralibrary.com

ഏതു ഗ്രാമമാണിത്? ബഥനി. അവിടെയാണ് യേശു ആശ്വാസവും സൗഹൃദവും കണ്ടെത്തിയത്. എന്റെ സന്ന്യാസ സമൂഹം ബഥനിയിലെ മാർത്തയുടെയും മറിയത്തിന്റെയും ലാസറിന്റെയും ഭവനം പോലെയായിരിക്കണം. ബഥനി എന്നാണ് എന്റെ സന്ന്യാസ സമൂഹത്തിന്റെ പേര്. എം. എ. അച്ചൻ മുറിയിൽ നിന്ന് പുറത്തിറങ്ങി അവിടെ നിന്നിരുന്ന സന്ന്യാസികളെ വിളിച്ചു പറഞ്ഞു. നമ്മുടെ സമൂഹത്തിന്റെ പേരെന്തെന്നോ? 'ബഥനി.... ബഥനിയിലെ മാർത്തയും മറിയവും ലാസറുമായി നാം മാറണം....'



# ചീരുണിയെന്ന ചീപ്പ്

സംരക്ഷകനും സംരക്ഷിതരും ഉല്ലാസയാത്രയ്ക്കിറങ്ങി. സംരക്ഷകൻ എം. ഏ. അച്ചൻ. സംരക്ഷിതർ കുറേ നവസന്ന്യാസാർത്ഥിനികൾ..... കൽക്കട്ടാനഗരത്തിന്റെ തെരുവീഥികളിലൂടെയാണ് ഉല്ലാസയാത്ര..... ചന്തകളും കമ്പോളങ്ങളും കടന്ന് മുന്നോട്ടു നീങ്ങി.....

ഒരു തെരുവു വാണിഭക്കാരൻ ഒരു ഉന്തുവണ്ടിയിൽ പല സാധനങ്ങളുമായി മുമ്പേ നീങ്ങുന്നു. അയാൾ നല്ല സ്പീഡിലാണ്. ചന്തയിലേക്ക് പോകുകയായിരിക്കും.....

ഉല്ലാസയാത്രാസംഘത്തിന്റെ നേതാവ് അപ്പോഴാണ് ഒരു കാര്യം ഓർത്തത്. യാത്ര തുടങ്ങുന്നതിനു മുമ്പ് ഒരു വ്യവസ്ഥ ചെയ്തിരുന്നു. സന്ന്യാസാർത്ഥിനികൾക്ക് ചീപ്പു വാങ്ങിക്കൊടുക്കാമെന്ന്..... എം. ഏ. അച്ചൻ വാണിഭക്കാരന്റെ വില്പനച്ചരക്കുകളിലേക്ക് നോക്കി..... ചീപ്പും കണ്ണാടിയും എല്ലാം അതിലുണ്ട്.

എം. ഏ. അച്ചൻ ഉറക്കെ വിളിച്ചു. "ചീപ്പ്..... ചീപ്പ്....."

വാണിഭക്കാരൻ അതിവേഗം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. അയാൾ പോയാൽ ചീപ്പു വാങ്ങാൻ പറ്റില്ല. വേറെ എവിടെ ഈ നഗരത്തിൽ ഈ സാധനം വാങ്ങാൻ കിട്ടുമെന്ന് അറിഞ്ഞുംകൂടാ.....

www.malankaralibrary.com

മുന്നോട്ട് നീങ്ങിക്കൊണ്ട് എം. ഏ. അച്ചൻ വീണ്ടും ഉറക്കെ വിളിച്ചു.. വാണിഭക്കാരൻ മുന്നോട്ടു തന്നെ അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണ്..... അയാളുണ്ടോ മനസ്സിലാക്കുന്നു, എം. ഏ. അച്ചന്റെ ലക്ഷ്യം.....

വാണിഭക്കാരനും അയാളെ പിൻതുടർന്നു അച്ചനും അതിവേഗം നീങ്ങിക്കൊണ്ടിരുന്നത് സന്ന്യാസിനികൾക്ക് കൗതുകമായി. എങ്കിലും അച്ചനെ സഹായിക്കണമെന്ന് അവർക്കുണ്ട്. ചീപ്പു വേണ്ടാ എന്ന് പറഞ്ഞാലോ..... പക്ഷേ ഒന്നു തീരുമാനിച്ചാൽ അതിൽ നിന്ന് പെട്ടെന്നൊന്നും പിൻതിരിയുന്ന ആളല്ല എം. ഏ. അച്ചൻ.....

സന്ന്യാസിനികൾക്ക് കാര്യം മനസ്സിലായി. ചീപ്പെന്നു പറഞ്ഞാൽ എന്തെന്നു മനസ്സിലാക്കാതെയാണ് വാണിഭക്കാരൻ ഓടുന്നത്. അിറിഞ്ഞിരുന്നെങ്കിൽ ഉടനെ ഉന്തുവണ്ടി നിറുത്തി കച്ചവടം നടത്തുമായിരുന്നു..... ഈ നാട്ടിൽ എന്താണ് ചീപ്പിനുള്ള വാക്ക്?

ഒരാൾക്ക് ഓർമ്മ വന്നു..... ചീരുണി..... അവർ എം. ഏ. അച്ചന്റെ പിറകേ വിളിച്ചു കൂകി..... "അച്ചാ ചീരുണിയാണ്." അച്ചനും കാര്യം ഗ്രഹിച്ചു..... വാണിഭക്കാരന്റെ പിറകേ ഓടിക്കൊണ്ട് അച്ചൻ വിളിച്ചു പറഞ്ഞു, "ചീരുണി..... ചീരുണി....."

വാണിഭക്കാരൻ തിരിഞ്ഞു നോക്കി. അയാൾ വണ്ടി നിറുത്തി..... പിറകോട്ട് വലിച്ചു. അനേകം നിറത്തിലും വലിപ്പത്തിലും രൂപത്തിലുമുള്ള ചീപ്പുകൾ..... സന്ന്യാസാർത്ഥിനികളുടെ ആവശ്യം പോലെ ചീരുണിയെന്ന ചീപ്പു വാങ്ങിക്കൊടുത്തു..... എല്ലാവർക്കു സന്തോഷമായി.....



# കോളേജ് പ്രൊഫസറും കടലക്കാച്ചവടക്കാരനും

ഗീവർഗ്ഗീസച്ചൻ ക്ലാസ്സെടുക്കുകയാണ്. വിഷയം സുറിയാനി. വിദ്യ നേടുന്നവർ സന്ന്യാസാർത്ഥിനികൾ. സ്ഥലം കൽക്കത്ത.

എന്നുമുള്ളതല്ല ഈ പരിപാടി. വല്ലപ്പോഴും സമയം കിട്ടുമ്പോൾ മാത്രമാണ് വിദ്യാർത്ഥികളും പ്രൊഫസറും സുറിയാനി ക്ലാസ്സിനുവേണ്ടി ഒത്തുകൂടുന്നത്. അതിന് കാരണമുണ്ട്. പ്രൊഫസറായ ഫാദർ ഗീവർഗ്ഗീസ് മുഴുവൻ സമയവും സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിലാണ്. തന്റെ സംരക്ഷണത്തിലാണ് നവസന്ന്യാസാർത്ഥിനികളെങ്കിലും കോളേജിലെ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിന്ന് അവരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ സമയം ലഭിക്കാറില്ല. എങ്കിലും ഒഴിവുനേരങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സന്ന്യാസാർത്ഥിനികളെ സുറിയാനിയും, ഇംഗ്ലീഷും, മാതൃഭാഷയും സന്ന്യാസത്തിന്റെ ആദ്യപാഠങ്ങളും പഠിപ്പിച്ചു.

അസുലഭമായി മാത്രം ലഭിക്കുന്ന അത്തരമൊരു സന്ദർഭം ഉപയോഗപ്പെടുത്തിയാണ് അന്നത്തെ ക്ലാസ്സ് ക്രമപ്പെടുത്തിയിരുന്നത്. സുറിയാനി പണ്ഡിതനായ പ്രൊഫസർ സരസമായി ക്ലാസ്സ് കൈകാര്യം ചെയ്തു. വ്യാകരണത്തോടൊപ്പം ഉദാഹരണത്തിന് ആരാധനയിലെ ഗാനങ്ങളും പ്രാർത്ഥനകളും ഉദ്ധരിച്ചുകൊണ്ട്

www.malankaralibrary.com

ക്ലാസ്സ് പുരോഗമിച്ചുകൊണ്ടിരുന്നു. സമയം മുന്നോട്ടു പോകുന്ന കാര്യം ആരും ശ്രദ്ധിച്ചില്ല. വിദ്യാർത്ഥിനികളിൽ ആരെങ്കിലും അതു മനസിലാക്കിയിരുന്നെങ്കിലും പറയാൻ മുതിർന്നില്ല. കാരണം ക്ലാസ്സ് അവിടെ അവസാനിപ്പിക്കാൻ അവർക്ക് ഇഷ്ടമില്ല.

അവസാനം പ്രൊഫസർ വാച്ചിൽ നോക്കി. സമയം രണ്ടുമണി. പത്തുമണിക്കു തുടങ്ങിയ ക്ലാസ്സാണ്. ഇനി തുടരാൻ പാടില്ല. പ്രൊഫസർ ക്ലാസ്സ് അവസാനിപ്പിച്ചു.

വിദ്യാർത്ഥിനികൾ പോകാൻ എഴുന്നേറ്റു. അവരും വാച്ചിൽ നോക്കി. സമയം കഴിഞ്ഞുപോയി. ഇനി ഉച്ചഭക്ഷണം കിട്ടുകയില്ല. വിദ്യാർത്ഥിനികളുടെ പരുങ്ങലിൽ നിന്ന് ഗീവർഗ്ഗീസച്ചൻ കാര്യം മനസിലാക്കി. എന്താണ് ഇനി ചെയ്യുക? സന്ന്യാസാർത്ഥിനികൾ പട്ടിണി കിടക്കേണ്ടി വരുക.

അച്ചൻ വേഗം പുറത്തിറങ്ങി. അവിടെ തെരുവിൽ ഒരാൾ കടല വില്ക്കുന്നത് അദ്ദേഹം കണ്ടിട്ടുണ്ട്. തെരുവിലിറങ്ങി നാലുപാടും നോക്കി. ദൂരെ ഒരിടത്ത് കടലക്കച്ചവടക്കാരൻ ഇരുപ്പുണ്ട്. അച്ചൻ അതിവേഗം അയാളുടെ അടുക്കൽ ചെന്നു. താൻ ധരിച്ചിരുന്ന ഷാൾ വിരിച്ചു പിടിച്ചുകൊണ്ട് അച്ചൻ പറഞ്ഞു.

"കടല വേണം. ഇതിൽ അളന്ന് ഇട്ടു കൊള്ളൂ........" കടലക്കച്ചവടക്കാരൻ തന്റെ കണ്ണുകളെ വിശ്വസിക്കാൻ ബദ്ധപ്പെട്ടു. സെറാമ്പൂർ കോളേജ് പ്രൊഫസറാണ് ഷാളും നിവർത്തികൊണ്ട് തന്റെ മുമ്പിൽ നില്ക്കുന്നത്. ആരെയെങ്കിലും, ജോലിക്കാരെയോ, കുട്ടികളെയോ, അയക്കാതെ പ്രൊഫസർ തന്നെ വരേണ്ടിയിരുന്നോ?

അയാൾ യാന്ത്രികമായി കടല അളന്ന് അച്ചന്റെ ഷാളിൽ ഇട്ടുകൊടുത്തു. അച്ചൻ നേരെ പോയത് സന്ന്യാസാർത്ഥിനികളുടെ അടുക്കലേക്കാണ്. ഷാളിൽ പൊതിഞ്ഞ കടലകൊടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു. "ഇന്ന് ഇതു കഴിച്ചു കൊള്ളൂ". "അയ്യോ അച്ചൻ പോയി കടലയും വാങ്ങിച്ചു കൊണ്ടു വന്നോ?" അവർ ആശ്ചര്യപ്പെട്ടു.



# "കടലേ ശാന്തമാകൂ...."

1918-ലെ അതിസുന്ദരമായോരു പ്രഭാതം. അസാധാരണമായൊരു യാത്രചെയ്യാനൊരുങ്ങുകയാണ് ആശ്രമസ്ഥാപകനും ആശ്രമാംഗങ്ങളും. മാർ ഈവാനിയോസ് തിരുമേനിയാണ് ആശ്രമസ്ഥാപകൻ. അദ്ദേഹം തന്നെ ആദ്ധ്യാത്മികപിതാവും ഉപദേഷ്ടാവും ഭൗതികകാര്യങ്ങളിൽ സംരക്ഷകനും രക്ഷാകർത്താവും. ആശ്രമാംഗങ്ങൾ ഇനിയും വ്രതം ചെയ്തിട്ടില്ലാത്ത, സന്ന്യാസത്തിന്റെ ആദ്യപാഠങ്ങൾ മാത്രം പഠിച്ചുകൊണ്ടിരിക്കുന്ന കുറേ നവസന്ന്യാസാർത്ഥിനികൾ. അവർ പതിനൊന്നു പേരുണ്ട്. ഗുരുവിനോടൊപ്പം ഉല്ലാസയാത്രയ്ക്കിറങ്ങുകയാണവർ.

സന്ന്യാസിനികൾക്ക് ഉല്ലാസയാത്രയെന്നല്ല ഒരു യാത്രയും സാധാരണഗതിയിൽ അനുവദനീയമല്ലാതിരുന്ന കാലമാണത്. സ്വന്തം മാതാപിതാക്കൾ മരിച്ചാൽപോലും അവരെ കാണാൻ സന്ന്യാസിനികൾ യാത്ര ചെയ്യുന്നത് അസാധാരണമായിരുന്ന കാലം. എന്നാൽ ആദർശത്തിലും അടയാളത്തിലും വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തി ക്രിസ്തീയ സന്ന്യാസത്തെ ഭാരതീയമാക്കാൻ ശ്രമിച്ച മാർ ഈവാനിയോസ് സന്ന്യാസനിയമങ്ങളിലും ജീവിത ശൈലിയിലും വ്യതിയാനങ്ങൾ വരുത്തുകയുണ്ടായി. അങ്ങനെ ഗുരുവിനോടൊപ്പം തന്നെ ഉല്ലാസയാത്രയ്ക്കു പോകാൻ നവസന്ന്യാസാർത്ഥിനികൾക്ക് സന്ദർഭം ലഭിച്ചു. കൂടുതൽ സ്ഥലങ്ങളോടും സാഹചര്യങ്ങളോടുമുള്ള പരിചയം, അതിലുപരിയായി

www.malankaralibrary.com

സ്വന്തം രാജ്യത്തിന്റെ ഭൂപ്രകൃതിയോടും കാലാവസ്ഥയോടും പ്രകൃതിസമ്പത്തിനോടുമുള്ള പരിചയം, സ്വന്തം രാജ്യക്കാരോടുള്ള അടുപ്പം ഇതെല്ലാം പുതിയ സന്ന്യാസാദർശങ്ങളാക്കണമെന്ന മാർ ഈവാനിയോസിന്റെ ദർശനമാണ് ഇത്തരം സന്ദർഭങ്ങൾ കൊടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്....

ഹൂഗ്ലീ നദിയിലൂടെയാണ് ഉല്ലാസയാത്ര.... നേരം പത്തുമണിയോടടുക്കുന്നു.... വലിയൊരു വള്ളത്തിലാണ് യാത്രികർ.... കൽക്കട്ടയിലെ പാരമ്പര്യമനുസരിച്ച് നിർമ്മിച്ച വള്ളം.... അടിഭാഗം പരന്ന ആ വള്ളം സാധാരണ ചെറിയ നദികളിലേ ഉപയോഗിക്കാറുള്ളൂ.... ഹൂഗ്ലീ നദിയിലൂടെ ഇത്തരം വള്ളങ്ങളിൽ യാത്ര ചെയ്യുക അസാധാരണമാണ്. കാരണം ഗംഗാനദിയുടെയും ബ്രഹ്മപുത്രാനദിയുടെയും സംഗമസ്ഥാനമായ ഹൂഗ്ലീനദി ഏതാണ്ടൊരു കടലിന്റെ പ്രതീതിയാണ് ജനിപ്പിക്കുന്നത്. അതിലേ യാത്ര ചെയ്യാൻ സാധാരണയായി തെരഞ്ഞെടുക്കുന്നത് ആവി കൊണ്ടോടുന്ന യന്ത്രവള്ളങ്ങളാണ്. അവ വളരെ വിസ്തൃതമായ ചുറ്റളവിൽ ശക്തമായ തിരമാലകളുയർത്തി അതിവേഗം നീങ്ങിക്കൊണ്ടിരിക്കും. തുഴഞ്ഞുപോകുന്ന വള്ളങ്ങളിലുള്ള യാത്ര ആയാസകരമാണെന്നു മാത്രമല്ല, അത്തരം യാത്രയ്ക്ക് അധികസമയവും ആവശ്യമാണ്....

ഉല്ലാസയാത്രയായതുകൊണ്ടും ചെലവഴിക്കാൻ ധാരാളം സമയമുണ്ടായിരുന്നതുകൊണ്ടും ബഥനിയുടെ ഉല്ലാസയാത്രികർ സാധാരണ വള്ളം തന്നെ തെരഞ്ഞെടുത്തു.

മനസ്സിനും ശരീരത്തിനും ഉന്മേഷമേകുന്ന ശീതളമായ കാറ്റേറ്റ് ആ ഉല്ലാസയാത്രാ സംഘം ഹൂഗ്ലീ നദിയിലൂടെ സാവധാനം നീങ്ങിക്കൊണ്ടിരുന്നു....

പെട്ടെന്നാണ് ഹിമാലയ തുല്യനായ ഒരു സ്റ്റീം ബോട്ട് അവരുടെ കണ്ണിൽപ്പെട്ടത്. ചുറ്റുപാടും ഉയർന്ന മലപോലെ അലമാലകളുയർത്തിക്കൊണ്ട് അത് അതിവേഗം വന്നടുക്കുന്നു. അതിന്റെ അലകളിൽ ഉല്ലാസയാത്രികരുടെ വള്ളം ആടിയുലഞ്ഞു. മറിഞ്ഞു



മറിഞ്ഞില്ല എന്ന അവസ്ഥയിൽ വള്ളം നീങ്ങുകയാണ്.... സ്റ്റീംബോട്ടിന്റെ വേഗം നിയന്ത്രണാധീനമല്ല.... വളരെ വേഗം അത് അടുത്തു വന്നുകൊണ്ടിരിക്കുകയാണ്. അടുത്ത നിമിഷം.... വള്ളം മറിയും.... ഗുരുവും ശിഷ്യകളുമടക്കം പന്ത്രണ്ട് സന്ന്യസ്ഥരുടെ കബറിടമാകും ഹൂഗ്ലീനദി.... എല്ലാവരുടെയും മുഖങ്ങളിൽ ഭയത്തിന്റെയും ആകുലതയുടെയും അടയാളങ്ങൾ ഭയകാറിന്യത്തിൽ ശബ്ദമുണ്ടാക്കരുതെന്നു വിചാരിച്ചിട്ടും ചിലർ നിലവിളിക്കുന്നുണ്ട്.... ബോട്ടിൽ ഗുരു ശാന്തഗംഭീരനായി ഇരിക്കുന്നു.... ഒരു ഭാവവ്യത്യാസവും മുഖത്തുകാണാനില്ല.... ചുണ്ടുകൾ പതുക്കെ ചലിക്കുന്നുണ്ടെന്നുമാത്രം.... ഏതോ പ്രാർത്ഥന ചൊല്ലുകയാവും.... വള്ളകാരൻ വള്ളത്തിന്റെ ഗതി തിരിച്ചുവിടാൻ പഠിച്ച പണി പതിനെട്ടും പ്രയോഗിക്കുന്നു.... വള്ളം വഴിമാറുന്നില്ല.... സ്റ്റീംബോട്ടും അടുത്തുകൊണ്ടിരിക്കുന്നു....

എന്തും വരട്ടെയെന്നു വിചാരിച്ച് വള്ളക്കാരൻ വള്ളം വെട്ടിച്ചൊന്നു തിരിച്ചു.... വള്ളം മറ്റൊരു ദിശയിലേയ്ക്ക് നീങ്ങി.... സ്റ്റീംബോട്ട് വന്ന പാതയിൽ പോയി മറഞ്ഞു. എല്ലാവർക്കും ആശ്വാസം.... ഒന്നും സംഭവിച്ചില്ല.... ഗുരുവും ശിഷ്യകളും പരസ്പരം നോക്കി.... എന്തു പറയണമെന്ന് ആർക്കും അറിഞ്ഞുകൂടാ. എങ്കിലും എല്ലാം അവസാനിച്ചതിൽ എല്ലാവർക്കും സന്തോഷം.

നദീയാത്രകഴിഞ്ഞ് എല്ലാവരും കരയ്ക്കിറങ്ങി ഗുരു സംസാരിച്ചു....

"എനിക്കു എന്തെങ്കിലും അപകടം വരുമെന്ന് ചിന്തിക്കാനേ എനിക്കു സാധിച്ചില്ല. എന്തെങ്കിലും സംഭവിച്ചാൽ നിങ്ങളുടെ മാതാപിതാക്കളോടു എന്തു സമാധാനം പറയുമെന്ന് ചിന്തിച്ച് എന്റെ മനസ്സ് ഉരുകുകയായിരുന്നു. എങ്കിലും യേശുവും ശിഷ്യന്മാരും ഗലീലിക്കടലിലൂടെ നീങ്ങിയ രംഗം എന്റെ കൺമുമ്പിലുണ്ടായിരുന്നു, "കടലേ ശാന്തമാകൂ" എന്ന കർത്താവിന്റെ വാക്കുകളും."

www.malankaralibrary.com

# അനുസരണം പഠിപ്പിക്കാൻ

ഫാദർ ഗീവർഗ്ഗീസും കൂട്ടരും ഒരു പിക്നിക്കിന് തയ്യാറെടുക്കുകയായിരുന്നു. ബാരിസോളിൽ നിന്നാണ് യാത്ര. ഫാദർ ഗീവർഗ്ഗീസിനോടൊപ്പം വേറെ ഒരു വൈദികനും കൂടെയുണ്ട്. ബാക്കി സന്ന്യാസാർത്ഥിനികളാണ്. മദർ മാക്സായെന്ന് പിന്നീട് അറിയപ്പെട്ട മിസ് അന്നമ്മയും സന്ന്യാസാർത്ഥിനികളുടെ കൂട്ടത്തിലുണ്ട്. ഫാദർ ഗീവർഗ്ഗീസ് സെറാമ്പൂർ കോളേജ് പ്രൊഫസർ, സ്ത്രീകൾ എല്ലാവരും അവിടുത്തെ വിദ്യാർത്ഥിനികൾ.

പിക്നിക്കിന് എല്ലാവരും ഒരുങ്ങികഴിഞ്ഞു. വഴിയിൽ വച്ച് കഴിക്കാനുള്ള ഭക്ഷണം ഒരു കെട്ട്. കുടിക്കാനുള്ള ശുദ്ധജലം കുപ്പികളിൽ, തിന്നാനുള്ള പഴങ്ങൾ ഒരു കുട്ടയിൽ.

യാത്ര ആരംഭിക്കാറായി. ഫാദർ ഗീവർഗ്ഗീസ് അല്പം ചിന്തിച്ചു. ഇതാണ് ഏറ്റവും നല്ല സന്ദർഭം. സന്ന്യാസത്തിലെ പ്രധാന വ്രതങ്ങളിലൊന്നായ അനുസരണം പഠിപ്പിച്ചുകൊണ്ട് പിക്നിക് ആരംഭിക്കുക.

സന്ന്യാസാർത്ഥിനികളായ കോളേജ് വിദ്യാർത്ഥിനികൾ വളരെ ഉത്സാഹത്തിലാണ്. ഓരോരുത്തരെയും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. ഓരോരുത്തരും സവിശേഷം പരിശീലിക്കേണ്ട പുണ്യമെന്തെന്നും അദ്ദേഹം ചിന്തിച്ചു. സാറാമ്മയെ സൂക്ഷിച്ചു നോക്കി ഫാദർ ഗീവർഗ്ഗീസ് കല്പിച്ചു. "സാറാമ്മ ആ ഓമയ്ക്കാ നിറച്ച



കുട്ടയും തലയിൽ ചുമന്നുകൊണ്ട് മുമ്പിൽ പോകട്ടെ" പലർക്കും ഒരു അങ്കലാപ്പ്. കോളേജ് കുമാരിയാണ് സാറാമ്മ. താൻ പഠിക്കുന്ന കോളേജിന്റെ തെരുവിൽ കൂടെ ഒരു ദരിദ്രയായ കച്ചവടക്കാരിയെപ്പോലെ കുട്ടയും തലയിൽ വച്ചു നടക്കാനാണ് കല്പന. സാറാമ്മ അതു ചെയ്യുമോ? ചെയ്യാൻ മനസു വരുമോ? അച്ചൻ ഇത്രയും കഠിനമായ കാര്യങ്ങൾ ആവശ്യപ്പെടണമായിരുന്നോ? അതും ഒരു കോളേജ് കുമാരിയിൽ നിന്ന്.

മറ്റുള്ളവർ ചിന്തിച്ചു നില്ക്കുന്നതിനിടയിൽ ഒരാൾ ഇറങ്ങി നടക്കുന്നതു കാണാമായിരുന്നു. സാറാമ്മ തന്നെയാണത്. തലയിൽ ഓമയ്ക്കാ നിറച്ച കുട്ടയുണ്ട്. ഗീവർഗ്ഗീസച്ചന്റെ കല്പന അനുസരിക്കുന്നത് അഭിമാനമാണെന്ന് മനസ്സിലാക്കിയ സാറാമ്മയ്ക്ക് ഒന്നും ആലോചിക്കേണ്ടിയിരുന്നില്ല. എല്ലാം വ്യക്തം. അനുസരണമാണ് ബലിയേക്കാൾ മഹോന്നതം.

www.malankaralibrary.com

# "അവരെയും നാട്ടിലേയ്ക്കു കൊണ്ടു പോകുകയാണ്...."

**ഫാ**ദർ ഗീവർഗ്ഗീസ് സെറാമ്പൂരിൽ നിന്ന് രാജിവയ്ക്കാൻ സാധ്യതയുണ്ടെന്ന് കുറേ നാളുകളായി സൂചനയുണ്ടായിരുന്നു. തന്റെ സഭയുടെ കാര്യങ്ങളിൽ കൂടുതൽ അടുത്തു ഇടപെടണമെന്നും സഭയുടെ ആദ്ധ്യാത്മികമായ വളർച്ചയ്ക്കുവേണ്ടി കൂടുതൽ പ്രവർത്തിക്കണമെന്നും അദ്ദേഹത്തിൽ നിന്നു തന്നെ കേട്ടിരുന്നു. അതിനാൽ സെറാമ്പൂരിലെ താമസവും കോളേജിലെ അധ്യാപനവും ഇനി അധികനാൾ ദീർഘിക്കുകയില്ലെന്ന് മിക്കവാറും എല്ലാവരും മനസ്സിലാക്കിയിരുന്നു.

ഫാദർ ഗീവർഗ്ഗീസിന്റെ അസാന്നിധ്യം കോളേജിന്റെ മുന്നോട്ടുള്ളപ്രവർത്തനത്തിൽ വലിയ നഷ്ടമായിരിക്കുമെന്ന് എല്ലാവർക്കും അറിയാം. അധ്യാപനകല നന്നായി സ്വായത്തമാക്കിയ പ്രൊഫസർ..... ആർക്കും എപ്പോഴും എന്താവശ്യത്തിനും സമീപിക്കാവുന്ന ഒരു സുഹൃത്ത്, ആദ്ധ്യാത്മികത പ്രസരിക്കുന്ന രൂപം. അത് അദ്ദേഹത്തിൽ നിന്ന് മറ്റുള്ളവരിലേക്കും ആദ്ധ്യാത്മികതയുടെ മിന്നലാട്ടം വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു.... ഫാദർ ഗീവർഗ്ഗീസ് ഒരു കാരണവശാലും കോളേജിൽ നിന്ന് പോകരുത്. അത് അനേകരെ ദുഃഖസാഗരത്തിലാഴ്ത്തും. അത് സംഭവിക്കരുത്...... എല്ലാവരുടെയും മനസ്സുകളിലെ ചിന്ത ഏതാണ്ട് ഈ വഴിക്കു നീങ്ങി. എങ്കിലും ഫാദറിന്റെ സഭാകാര്യങ്ങളിലുള്ള താൽപര്യം അദ്ദേഹത്തെ ഇവിടെ നിന്ന് അടർത്തി മാറ്റുമെന്ന് ചിന്തിക്കാതിരിക്കാനും സാധ്യമല്ല........



ഫാദർ ഗീവർഗ്ഗീസ് പോകുമോ........ ഇല്ലയോ........ പോകാതിരുന്നെങ്കിൽ....... എന്നിങ്ങനെ ചിന്തിച്ചിരിക്കുമ്പോഴാണ് പെട്ടെന്നൊരിക്കൽ കോളേജിന്റെ ചുമതലയുള്ള മിസ്റ്റർ ഹൗവ്വൽസിന്റെ കൈയിൽ ഫാദർ ഗീവർഗ്ഗീസിന്റെ രാജിക്കത്ത് കിട്ടുന്നത്. പ്രതീക്ഷിക്കുന്നുണ്ടായിരുന്നെങ്കിലും ഇത്രയും പെട്ടെന്ന് അത് സംഭവിക്കുമെന്ന് ഹൗവ്വൽസിന് വിശ്വാസമില്ലായിരുന്നു.

ഇനി ചെയ്യാനുള്ളത് നയപരമായി ഫാദറിനെ രാജിയിൽ നിന്ന് പിൻതിരിപ്പിക്കുകയാണ്.

പലപ്രാവശ്യം മിസ്റ്റർ ഹൗവ്വൽസ് ഫാദറിനെക്കണ്ട് രാജി പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചു. കോളേജിലെ സ്ഥിതിയെപ്പറ്റി പറഞ്ഞുകൊണ്ടാണദ്ദേഹം രാജി പിൻവലിക്കാൻ അഭ്യർത്ഥിച്ചത്. ശരിയായ യോഗ്യതയുള്ള അദ്ധ്യാപകരുടെ അസാന്നിദ്ധ്യം...... റിസൾട്ടിനെ ബാധിക്കും ഭാവി പ്രവർത്തനങ്ങളെ താറുമാറാക്കും...... അതിനാൽ കോളേജിന്റെ നല്ലഭാവിയിൽ താൽപര്യമുണ്ടെങ്കിൽ ഫാദർ പോകരുത്, ഹൗവ്വൽസിന്റെ അനുനയനം ആ വഴിക്കാണ് നീങ്ങിയത്.

തന്റെ സാന്നിദ്ധ്യം നാട്ടിൽ അത്യാവശ്യമായി തീർന്നിരിക്കുന്നെന്നും അതിനാൽ പോകുകതന്നെ വേണമെന്നും പറഞ്ഞു ഫാദർ ഗീവർഗ്ഗീസ് സ്നേഹപൂർവ്വം ഹൗവ്വൽസിന്റെ അഭ്യർത്ഥന നിരസിച്ചു.

ദിവസങ്ങൾ വീണ്ടും ഒന്നു രണ്ടു കടന്നു പോയി. ഫാദറിന്റെ രാജിക്കത്തിനെപ്പറ്റി എല്ലാവരും അറിഞ്ഞു. എങ്ങനെയും പിൻതിരിപ്പിക്കണമെന്ന് പലരും ഹൗവ്വൽസിനെ നിർബ്ബന്ധിച്ചു. ഹൗവ്വൽസിനും തോന്നി ഒരിക്കൽകൂടി പിൻതിരിപ്പിക്കാൻ പരിശ്രമിക്കണമെന്ന്.

www.malankaralibrary.com

അദ്ദേഹം ഫാദറിനെ കണ്ടു സംസാരിച്ചു. ഇപ്പോൾ കോളേജോ അതിന്റെ ഭാവിയോ അല്ല വിഷയം. ഫാദറിന്റെ തന്നെ സന്ന്യാസാർത്ഥിനികളാണ്. ഹൗവ്വൽസ് ഇങ്ങനെ പറഞ്ഞു തുടങ്ങി;

"ഫാദർ ഇവിടെ പരിശീലനം നൽകുന്ന യുവതികൾ വളരെ കുറഞ്ഞകാലം കൊണ്ട് വളരെ ഏറെ കാര്യങ്ങൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്തു. പക്ഷേ പൂർത്തിയായില്ല. ഫാദറിന്റെ സാന്നിദ്ധ്യം തുടർന്നു ലഭിച്ചാൽ അവർക്ക് ഉത്സാഹപൂർവ്വം പരിശീലനം പൂർത്തിയാക്കി ഉന്നതമായ ബിരുദങ്ങൾ സമ്പാദിക്കാനും സമുദായത്തിനു വേണ്ടി പ്രവർത്തിക്കാനും സാധിക്കും. എന്നാൽ ഫാദർ ഇവിടെ നിന്ന് പോകുകയാണെങ്കിൽ ഒരു വലിയ ശൂന്യതയായിരിക്കും അവരുടെ ജീവിതത്തിൽ അനുഭവപ്പെടാൻ പോകുന്നത്...... അവർക്ക് ബന്ധുക്കാരും പരിചയക്കാരും ഇവിടില്ല. വാസ്തവത്തിൽ ഫാദർ മാത്രമാണ് അവരുടെ ആകെ രക്ഷാകർത്താവ്. അതിനാൽ കുറേ കാലം കൂടെയെങ്കിലും ഫാദർ ഇവിടെ താമസിച്ച് യുവതികൾക്ക് പരിശീലനം നൽകുകയും കോളേജിലെ അധ്യാപനം തുടരുകയും വേണം......." ഇങ്ങനെ പോയി മിസ്റ്റർ ഹൗവ്വൽസിന്റെ ന്യായവാദങ്ങൾ...... ഇതിൽ ഫാദർ വീണുപോകുമെന്നും രാജി പിൻവലിക്കുമെന്നുമാണ് മി. ഹൗവ്വൽസ് വിചാരിച്ചത്.......

ഫാദർ മറുപടി നൽകി "അവരെപ്പറ്റി ദുഃഖിക്കാനൊന്നുമില്ല. ഇവിടെ ഒരു മഠം ഉണ്ടാക്കി താമസിപ്പിക്കുയല്ല എന്റെ ലക്ഷ്യം....... അവരുടെ ആവശ്യം ഞങ്ങളുടെ സ്വന്തം നാട്ടിലാണ്. അതിനാൽ ഞാൻ അവരെയും നാട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകാൻ ഒരുങ്ങുകയാണ്......." അങ്ങനെ ഹൗവ്വൽസിന്റെ അവസാനത്തെ അടവും നിഷ്ഫലമായ്......



# ഒരു ജനനം, സമൂഹത്തിന്റെ ജനനം

ഏറെ ക്ഷീണമുണ്ടായിട്ടും ഉറക്കം വരുന്നില്ല. സന്തോഷവും അനിശ്ചിതത്വവും മാറി മാറി മനസ്സിന്റെ പ്രതലങ്ങളിൽ തെളിഞ്ഞു മറഞ്ഞു പൊയ്ക്കൊണ്ടിരുന്നു. നേർത്ത സ്വരത്തിൽ കണ്ഠനാളത്തിലൂടെ കൂടെ കൂടെ ആ വാക്കുകൾ പുറത്തു വരുന്നുണ്ടായിരുന്നു. "തമ്പുരാനെ പെറ്റ അമ്മച്ചിയേ.....".

തന്റെ പിതൃത്വത്തിന് പുതിയ ഭാവം ലഭിച്ചതു പോലെ...... താൻ വളരെക്കാലമായി പിതാവു തന്നെ. എം. ഏ. അച്ചനായപ്പോൾ മുതൽ പൗരോഹിത്യത്തിൽ നിന്ന് ലഭിച്ച പിതൃത്വത്തിന് ഒരു പുതിയ ഭാവം കൈവന്നു. എല്ലാ വൈദികരും അച്ചന്മാരാണ്, പിതൃത്വമുള്ളവരാണ്. എന്നാൽ താൻ വ്യത്യസ്തയുള്ള പിതാവാണ്. പാണ്ഡിത്യത്തിന്റെയും ബിരുദത്തിന്റെയും പേരിൽ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ എം.ഏ അച്ചനാണ് പിന്നീടിങ്ങോട്ട് തന്റെ പിതൃത്വത്തിന് പുതിയ രൂപഭാവങ്ങൾ കൈ വന്നുകൊണ്ടിരിക്കുന്നു. ബഥനി സന്ന്യാസ സമൂഹസ്ഥാപനം തന്റെ പിതൃത്വത്തിന്റെ മറ്റൊരു വശം തുറന്നു തരുകയായിരുന്നു. സന്ന്യസ്തർക്ക് താൻ അബ്ബൂനാണ്. കുറേ ഏറെ ആൺമക്കളുള്ള ഒരു പിതാവ്. മെത്രാഭിഷേകം വീണ്ടും പിതൃത്വത്തിന്റെ മറ്റൊരു ശ്രേണിയിലേക്ക് തന്നെ കൈപിടിച്ചുയർത്തി.

www.malankaralibrary.com

ഇന്നിതാ വീണ്ടും പുതിയൊരു അനുഭവം സന്ന്യാസികളായ പുത്രന്മാരുടെ മാത്രം പിതാവായിരുന്ന താൻ ഇന്ന് സന്ന്യാസിനികളുടെയും, പെൺമക്കളുടെയും, പിതാവായി തീർന്നിരിക്കുന്നു....... "തമ്പുരാനെ പെറ്റ അമ്മച്ചീ എല്ലാം പരിപാലിച്ചു കൊള്ളണേ".

പ്രഭാതത്തിൽ നടന്ന സംഭവങ്ങൾ ഒന്നിനു പുറകേ ഒന്നായി മനസിലൂടെ കടന്നു പോയി. ഈ ദിവസം ദൈവമാതാവിന്റെ ജന്മനാളിൽ, തന്നെ ഒരു സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപക പിതാവെന്ന സ്ഥാനം തന്നെ ഏല്പിച്ച കന്യകാ മറിയത്തെ എങ്ങനെയാണ് പുകഴ്ത്തേണ്ടത്! അമ്മയുടെ ജന്മനാളിൽ തനിക്ക് മൂന്ന് പെൺ മക്കൾ ജനിക്കുക. മൂന്നും നവസന്ന്യാസിനികൾ! മൂന്നും ഏറെ പ്രഗല്ഭർ, സവിശേഷമായ വിദ്യാഭ്യാസവും ശ്രേഷ്ഠമായ സന്ന്യാസ പരിശീലനവും ലഭിച്ചവർ. ഏതൊരു പിതാവിനാണ് അഭിമാനം തോന്നാതിരിക്കുക.

അന്നത്തെ തിരുക്കർമ്മങ്ങൾ മനസ്സിലൂടെ കടന്നുപോയി. ആഘോഷമായ വിശുദ്ധ കുർബാന. അതിന്റെ അന്ത്യത്തിൽ മൂന്നു കന്യകകളുടെ ആദ്യവ്രതവാഗ്ദാനം. നവസന്ന്യാസിനികൾ, നവാഭിഷിക്തനായ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുമ്പിൽ വ്രതവാഗ്ദാനം ചെയ്തു സന്ന്യാസം സ്വീകരിച്ച ദിനം. അതോടെ ഇന്ന്, ഈ ദൈവമാതാവിന്റെ ജനനത്തിരുനാളിൽ, 1925-ലെ എട്ടുനോമ്പ് വീടൽ നാളിൽ, ഒരു പുതിയ സന്ന്യാസിനീ സമൂഹം മലങ്കര ഓർത്തഡോക്സ് സഭയിൽ രൂപപ്പെട്ടു. അതോടൊപ്പം താൻ ഒരു സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപക പിതാവായി തീർന്നു. ചുണക്കുട്ടികളായ യുവകന്യകകളുടെ വ്രതവാഗ്ദാന മന്ത്രം ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു. സുസ്പഷ്ടമായി, സ്ഫുടമായി ഓരോ വാക്കും ഉച്ചരിച്ചുകൊണ്ട് അവർ വ്രതവാഗ്ദാനം ചെയ്തു. നിശ്ചയദാർഢ്യവും തികഞ്ഞ സമർപ്പണബോധവും അവരുടെ ശബ്ദത്തിലും ഉച്ചാരണരീതിയിലും നിറഞ്ഞു നിന്നു....



.......ദൈവമഹത്ത്വത്തിനും എന്നെത്തന്നെ സമ്പൂർണ്ണമായി ക്രിസ്തുവിന് പ്രതിഷ്ഠിക്കുന്നതിനും...... ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സാമാന്യവ്രതങ്ങൾ സർവ്വശക്തനായ ദൈവമേ അങ്ങേയ്ക്ക് ശൈനാ ആയ ഞാൻ..... ഹൂബാ ആയ ഞാൻ ...... ദനഹായായ ഞാൻ വാഗ്ദാനം ചെയ്യുന്നു......

ഒരു പുതിയ സന്ന്യാസിനീ സമൂഹം ...... മലങ്കര സഭയിലെ ആദ്യത്തെ വിപ്ലവാത്മകമായ കാലുവയ്പ്പ്..... തമ്പുരാനെപ്പെറ്റ അമ്മച്ചി കാത്തുകൊള്ളണേ......

www.malankaralibrary.com

# അച്ചൻ അടുക്കളയിൽ

എം. എ അച്ചന്റെ ആദ്ധ്യാത്മിക ചൈതന്യം അനേകരെ ആകർഷിച്ചിരുന്ന കാലം. സ്വന്തം സഭയുടേയും സമുദായത്തിന്റേയും ആദ്ധ്യാത്മിക ജീർണ്ണതയിൽ മനം നൊന്ത് കഴിഞ്ഞവർ അസാധാരണ വാഗ്മിയും, അത്യുന്നത പണ്ഡിതനും, ആരെയും ഹഠാദാകർഷിക്കുന്ന സ്നേഹനിധിയും, ജാതിക്കും സമുദായത്തിനുമുപരി മനുഷ്യമഹത്വം ദർശിച്ചിരുന്ന മനുഷ്യസ്നേഹിയും നലം തികഞ്ഞ സന്ന്യാസിയുമായ ഗീവർഗ്ഗീസച്ചനിൽ ഒരു സമുദ്ധാരകനെ കണ്ടിരുന്നു. ഇങ്ങനെ സമുദായത്തിലെ എല്ലാവർക്കും സമ്മതനായി കഴിയുന്ന കാലത്താണ് അദ്ദേഹത്തിന്റെ സന്ന്യാസപ്രസ്ഥാനത്തിന് ഒരു പുതിയ ഭാവം കൈവന്നത്. പുരുഷൻമാർക്കു മാത്രമല്ല സ്ത്രീകൾക്കും സന്ന്യാസം സ്വീകരിക്കാം. അതുവരെയും സ്ത്രീകളുടെ സന്ന്യാസത്തെപ്പറ്റി സംശയത്തോടും പുച്ഛത്തോടും മാത്രം ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നവർ പുതിയ സംരംഭത്തെ സ്വാഗതം ചെയ്തു. കാരണം എം. എ അച്ചനാണ് പുതിയ പ്രസ്ഥാനത്തിന്റെ ആരംഭകൻ; അദ്ദേഹത്തിൽ നിന്ന് തിന്മയായതൊന്നും പ്രതീക്ഷിക്കേണ്ടതില്ല. പുതിയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പ്രായോഗികമായ സഹകരണം നൽകണമെന്ന് മനസ്സിലാക്കിയ കുടുംബനാഥന്മാർ സ്വന്തം പെൺമക്കളെത്തന്നെ ഈ സംരംഭത്തിനു വേണ്ടി സമർപ്പി



ക്കാൻ തയ്യാറായത്, ദൈവപരിപാലനയുടെ ഭാഗമായേ കണക്കാക്കാനാകൂ. സന്ന്യാസപരിശീലനം സ്വന്തം നാട്ടിലോ സമീപപ്രദേശങ്ങളിലോ അല്ല. വീടും നാടും ഉപേക്ഷിച്ചു വിദൂരത്തിലുള്ള ബാരിസോളിൽ താമസിച്ചു സന്ന്യാസപരിശീലനം നേടുക, അതിന് സ്വന്തം പെൺമക്കളെ സമർപ്പിക്കുക. എം. ഏ അച്ചനിലുള്ള വിശ്വാസവും സമുദായത്തിന്റെ ആദ്ധ്യാത്മിക ഉന്നമനത്തിലുള്ള താത്പര്യവും അവരെ അതിനു സന്നദ്ധരാക്കി.

സന്ന്യാസാർത്ഥിനികൾ ബാരിസോളിലാണ് താമസം. അവരുടെ പിതൃത്വവും മാതൃത്വവും ഏറ്റെടുത്ത ഫാദർ ഗീവർഗ്ഗീസ് സെറാമ്പൂരിൽ നിന്ന് കൂടെ കൂടെ ക്ഷേമം അന്വേഷിക്കാൻ, ആവശ്യങ്ങൾ മനസ്സിലാക്കാൻ, സഹായം എത്തിക്കാൻ, അവരെ സന്ദർശിക്കുമായിരുന്നു.

ബാരിസോളിൽ സന്ന്യാസാർത്ഥിനികൾ തന്നെയാണ് പഠനത്തോടൊപ്പം അടുക്കളയിലെ ജോലികളും ചെയ്തിരുന്നത്. പന്ത്രണ്ടു പതിമൂന്നു വയസ്സുമാത്രം പ്രായമുള്ള ബാലികമാർ. വീട്ടിൽ ഒരു പരിശീലനവും ലഭിച്ചിരുന്നില്ലെങ്കിലും ജോലി ചെയ്തു പരിശീലനം നേടാൻ തയ്യാറായ മിടുക്കികൾ. കുറേ പേരുണ്ടവർ. ആച്ചിയമ്മ, സാറാമ്മ, അന്നമ്മ ഏലിശൂബാ......... അങ്ങനെ പോകുന്നു അവരുടെ പേരുകൾ. എല്ലാം ചെയ്തു പഠിക്കാൻ തീരുമാനിച്ചതിനാൽ വീഴ്ചയും പരാജയവും കുറവല്ലായിരുന്നു.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. വിശുദ്ധ കുർബ്ബാനയ്ക്കും മറ്റു ആദ്ധ്യാത്മിക കൃത്യങ്ങൾക്കും ശേഷം സന്ന്യാസാർത്ഥിനികൾ അടുക്കളയിൽ കയറി. അടുപ്പിൽ തീ കത്തിച്ചു. കറിയുണ്ടാക്കാൻ മലക്കറി അരിഞ്ഞ് പാത്രത്തിലാക്കി തീ കത്തിക്കൊണ്ടിരുന്ന അടുപ്പിൽ വച്ചു. അടുപ്പിനേക്കാൾ ചെറുതായിരുന്നു പാത്രം. അതു അടുപ്പിൽ വീണു പോയി. നാലു ഭാഗത്തുകൂടെയും തീ ആളികത്തുന്നു. പാത്രം അടുപ്പിൽ നിന്ന് എടുക്കാൻ ഓരോരുത്തരും പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചു. കൈ പൊള്ളുന്നതല്ലാതെ

www.malankaralibrary.com

പ്രയോജനമൊന്നുമില്ല. ആരാണു സഹായിക്കാൻ. അടുത്തുളള വീട്ടുകാരെ വിളിക്കാൻ ഭാഷ അറിഞ്ഞുകൂടാ. ആഗ്യം കാണിച്ചാൽ എന്താണവർക്കു മനസ്സിലാകുക. സന്ന്യാസിനികൾ ആകെ അങ്കലാപ്പിലായി.

ഒരാൾ പറഞ്ഞു. "എം. ഏ. അച്ചൻ വന്നിട്ടുണ്ട്. അച്ചനോടു പറഞ്ഞാലോ?" "വൈദികനും കോളേജ് പ്രൊഫസറുമായ അദ്ദേഹത്തെ അടുക്കളയിലേക്ക് വിളിക്കുകയോ? ലജ്ജാവഹം." മറ്റൊരാൾ അഭിപ്രായപ്പെട്ടു.

ചിന്തിച്ചുകൊണ്ട് നില്ക്കാൻ സമയമില്ല. എന്തെങ്കിലും ഉടനേ ചെയ്യണം.

ആരോ ധൈര്യം സംഭരിച്ചു, ഓടി അച്ചന്റെ അടുത്തു ചെന്നു ഉറക്കെ പറഞ്ഞു. "അച്ചാ ഇങ്ങോട്ടൊന്നു വരാമോ? അത്യാവശ്യമാണ്". കേട്ട ഉടൻ എം. ഏ. അച്ചൻ എഴുന്നേറ്റ് ഓടിയെത്തി. അഞ്ചാറു പെൺകുട്ടികൾ അന്ധാളിച്ചു നിൽക്കുന്നു. ചിലർ അടുപ്പിൽ കൈയിടുന്നു, ഉടനെ തിരിയെ എടുക്കുന്നു. ആളികത്തുന്ന തീയ്ക്കകത്ത് ഒരു പാത്രം.

ഗീവർഗ്ഗീസച്ചൻ ളോഹയുടെ കൈ വേഗം മുകളിലേക്ക് ചുരുട്ടി വച്ച് അടുപ്പിൽ നിന്ന് പാത്രം പുറത്തെടുത്തു. എന്തൊരത്ഭുതം.......... പെൺകുട്ടികൾ പരസ്പരം പറഞ്ഞു. "ഈ അച്ചൻ പഠിപ്പിക്കാനും കുർബാന ചൊല്ലാനും മാത്രമല്ല അടുക്കള ജോലിയും അറിയാം".



## നേത്യ വിസ്മയങ്ങൾ


13. മരക്കോലും മരക്കുരിശും
14. ധർമ്മക്കാരനച്ചൻ
15. ബഥനിമലയേ സമാധാനത്തോടെ.....
16. ഒരു ഓട്ടം തിരുമേനിക്ക്
17. ഇതെല്ലാം എങ്ങനെ അറിഞ്ഞു
18. തകരപ്പെട്ടിയും മരപ്പെട്ടിയും
19. ഒരു ഏറ്റുപറച്ചിൽ
20. ഒരു ദൈവവിളി
21. പരിഗണന
22. ഒരു പിശാചു പിടുത്തം
23. ചാക്കോച്ചേട്ടനും സെമിനാരിക്കാരും
24. പൊന്തിഫിക്കൽ കുർബ്ബാന
25. ഒരു സുറിയാനി ക്ലാസ്സും ശിക്ഷയും
26. അതും ഈ സിംഹസദൃശനിൽ
27. എടോ തനിക്ക് ഹൃദയമില്ലേ ?
28. പാറയിൽ കുരിശ്
29. മുകൾഭാഗം ഒരുപോലിരിക്കട്ടെ
30. കെട്ടിടം കുലുങ്ങുന്നെന്നോ ?
31. വിണ്ണിലോ മണ്ണിലോ ?
32. പശുവും വയ്ക്കോലും
33. ചാക്കോച്ചൻ പറഞ്ഞതാണ് ശരി
34. നമ്മേക്കാൾ വലിയവനല്ലേ ദൈവം
35. ഒരു വിലാപം

www.malankaralibrary.com

# മരക്കോലും മരക്കുരിശും

**സെ**റാംപൂരിലെ അധ്യാപനജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയ മാർ ഈവാനിയോസ് പെരുന്നാട്ടിൽ കുടിൽ കെട്ടി ആശ്രമജീവിതം നയിക്കുന്ന കാലം. ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ പെരുന്നാട്ടിലെ ആറേക്കർ സ്ഥലമാണ് നവസന്ന്യാസിയുടെ പ്രവർത്തനരംഗം. അവിടെയാണ് ആശ്രമജീവിതവും ആതുരസേവനവും സഭാ ശുശ്രൂഷയുമെല്ലാം. വ്യത്യസ്തനായ ഈ ക്രൈസ്തവസന്ന്യാസിയുടെ ജീവിതശൈലിയും ഉന്നതമായ ആദർശവും അനേകരെ പെരുന്നാട് മലയിലേക്ക് ആകർഷിച്ചു. ഭാരത സംസ്കാരത്തിനും പാരമ്പര്യത്തിനും ഇണങ്ങുന്ന ഒരു ക്രൈസ്തവ സമർപ്പണ ജീവിതം രൂപപ്പെടുത്തി ലോകത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുക, ഈ പുതിയ ആദർശം മറ്റുള്ളവർക്ക് ഒരു വെല്ലുവിളിയാക്കിത്തീർക്കുക - ഇതായിരുന്നു ആശ്രമ സ്ഥാപകന്റെ ആദർശം...... അങ്ങനെയിരിക്കുമ്പോഴാണ് ആശ്രമസ്ഥൻ മെത്രാനായി ഉയർത്തപ്പെടുന്നത്. മെത്രാൻ സ്ഥാനം സന്ന്യാസജീവിതശൈലിക്ക് യാതൊരു വ്യത്യാസവും വരുത്തിയില്ല...... പഴയ ലളിതജീവിതവും ദാരിദ്ര്യാരൂപിയും വസ്ത്രധാരണത്തിലും വേഷവിധാനങ്ങളിലും തുടർന്നും നിലനിർത്തി......

മെത്രാനു കുരിശുമാല വേണ്ടേ...... വേണം...... മരം കൊണ്ടുള്ള കുരിശുമാലയുണ്ടാക്കി ധരിച്ചു...... മെത്രാന് അംശവടി വേണമല്ലോ...... മരം കൊണ്ടുതന്നെ അംശവടിയുണ്ടാക്കി ഉപയോഗിച്ചു......

www.malankaralibrary.com

മെത്രാന്റെ സ്ലീബാ എങ്ങനെ? അതും മരംകൊണ്ട്......

മെത്രാൻവേഷത്തിലും ആഢംബരങ്ങളിലും വിപ്ലവാത്മക മാറ്റങ്ങൾ വരുത്തിയ പുതിയ തിരുമേനി പുതിയൊരു ഇടവകയ്ക്ക് രൂപം കൊടുത്തുകൊണ്ട് ബഥനിയുടെ പുതിയൊരു പള്ളി കൂദാശ ചെയ്തു വി. കുർബ്ബാനയർപ്പിക്കുകയാണ്. ബഥനിയുടെ ഒരു സന്ന്യസ്ത വൈദികനും ബഥനിതിരുമേനിയോടൊപ്പം മദ്ബഹായിലുണ്ട്. വേറേയും ചില വൈദികരും ഔദ്യോഗിക കപ്യാർമാരും മദ്ബഹായിലുണ്ട്...... വി. കുർബ്ബാന പുരോഗമിക്കുന്നു...... കപ്യാർമാർ പലരുണ്ടെങ്കിലും ബഥനിയുടെ സന്ന്യാസ വൈദികൻ തന്നെ ശുശ്രൂഷകളെല്ലാം ചെയ്യേണ്ട സ്ഥിതി. കപ്യാർമാർ മദ്ബഹായിലുണ്ട് പക്ഷേ ഒന്നും ചെയ്യുന്നില്ല...... ഒന്നുമറിയില്ലെന്നുവരും...... എന്നിട്ടും ഔദ്യോഗിക കപ്യാർമാരാണ്......

ആശ്രമത്തിൽ ചെന്നശേഷം നവമെത്രാനെ ശുശ്രൂഷകന്റെ ജോലി നിർവ്വഹിച്ച വൈദികൻ സന്ദർശിച്ചു സങ്കടമുണർത്തിച്ചു.

"തിരുമേനി, എങ്ങനെയെങ്കിലും ഈ സ്ലീബായും വടിയും മാറ്റണം......"

"ഇപ്പോൾ എന്തുപറ്റി? നമ്മുടെ സന്ന്യാസാരൂപിക്കനുസരിച്ചാണ് ഇവയെന്ന് പറഞ്ഞിട്ടില്ലേ......" തിരുമേനി മറുപടി നൽകി.

"അതല്ല തിരുമേനി...... സന്ന്യാസം ഒന്ന് മെത്രാൻസ്ഥാനം മറ്റൊന്ന്. ഇതു തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു ശരിയാകുകയില്ല......" ആ വൈദികൻ

"ഇപ്പോൾ അച്ചനിങ്ങനെ തോന്നാൻ കാര്യമെന്താണ്?"

"ഇന്നത്തെ കുർബ്ബാനയിൽ ആരായിരുന്നു ശുശ്രൂഷകൻ? ഞാൻ മാത്രമായിരുന്നു. എല്ലാവരും മാറാൻ കാരണം ഈ സ്ലീബായും വടിയുമാണ്.......?"

"സ്ലീബായും വടിയും അവരെ എന്തു ചെയ്തു?"



"തിരുമേനീ, ഞാൻ വിശദമാക്കാം...... കുർബ്ബാനയ്ക്ക് മദ്ബഹായിൽ പല കപ്യാരന്മാരുണ്ടായിരുന്നെങ്കിലും ആരും അംശവടിയെടുത്തു തരാനോ മറ്റു ശുശ്രൂഷകൾ ചെയ്യാനോ മുന്നോട്ടു വരാതിരുന്നത് തിരുമേനി ശ്രദ്ധിച്ചോ...... എല്ലാം ഞാനാണ് ചെയ്തത്...... കുർബ്ബാനയ്ക്കു ശേഷം ഞാൻ ആ ഇടവകയിലെ കപ്യാരെ വിളിച്ചു കാര്യം തിരക്കി......

കപ്യാരായിട്ട് ഇത്തരം ശുശ്രൂഷകളൊന്നും ചെയ്യാനറിയില്ലേയെന്ന് ഞാൻ ചോദിച്ചു...... അതിന് അയാൾ നല്കിയ ഉത്തരമെന്തെന്നോ....? മരക്കോലും എടുത്തുകൊണ്ട് നടക്കാൻ ഞങ്ങളെ കിട്ടില്ല. തിരുമേനിമാരുടെ സ്വർണ്ണക്കുരിശും സ്വർണ്ണം പൂശിയ അംശവടിയും ചുമന്നു ശീലിച്ചവരാണ്. ഞങ്ങൾക്ക് മരക്കോലുംകൊണ്ട് നടക്കാൻ പറ്റില്ല.......?

......അല്പനേരത്തെ മൗനത്തിനു ശേഷം തിരുമേനി ദൃഢസ്വരത്തിൽ പറഞ്ഞു, "ഇത് പുൽക്കൂട്ടിൽ ജനിച്ച് മരക്കുരിശിൽ മരിച്ച യേശുവിന്റെ അധികാരചിഹ്നമാണ്...... ഇത് മരക്കോലല്ല അംശവടിയാണ്...... ഇത് എടുക്കാൻ ആരെയും നിർബ്ബന്ധിക്കുന്നില്ലെന്നു പറയൂ......"

www.malankaralibrary.com

# ധർമ്മക്കാരനച്ചൻ

ഫാദർ ഗീവർഗ്ഗീസ് പെരുന്നാട്ടിൽ നിന്നിറങ്ങി. തിരുമൂലപുരത്ത് എത്തുകയാണ് ലക്ഷ്യം. തിരുവല്ലായിൽ ബസിറങ്ങി അവിടെ ചില ആളുകളെ കണ്ടശേഷം തിരുമൂലപുരത്തേയ്ക്ക് പോകാമെന്നു നിശ്ചയിച്ചു. തിരുവല്ല ജംഗ്ഷനിൽകൂടെ നടന്നു നീങ്ങിയ അച്ചനെ ഒരു ധർമ്മക്കാരൻ പിൻതുടർന്നു. "വല്ലതും തരണേ" എന്ന് അയാൾ യാചിച്ചുകൊണ്ടിരുന്നു..... അച്ചൻ തിരിഞ്ഞു നോക്കി. സഹതാപാർഹമായ രൂപം. പെട്ടെന്ന് പോക്കറ്റിലേക്ക് കൈയെത്തി. ഇല്ല.... ഒന്നുമില്ല. തന്റെ കൈയിൽ ഒരു കാശുപോലുമില്ല....

ഭിക്ഷക്കാരനോട് എന്തു പറയും? ഒന്നും കൊടുക്കാതെ അയാളെ വിടാൻ അച്ചനു മനസ്സു തോന്നിയില്ല. ഒരു നിമിഷം ആലോചിച്ചു. തനിക്കു പരിചയമുള്ള ഒരു ഭവനം അടുത്തുതന്നെയുണ്ട്. ധർമ്മക്കാരനെ അവിടെത്തന്നെ നിറുത്തിയിട്ട് അച്ചൻ ആ വീട്ടിലേക്ക് ഓടിക്കയറി. തോളിൽ ഒരു ഷോൾ കിടപ്പുണ്ടായിരുന്നു. ഒന്നും ചിന്തിച്ചു നില്ക്കാതെ അത് തോളിൽ നിന്നെടുത്തു നിലത്തു വിരിച്ചുകൊണ്ടു അല്പം ഉച്ചത്തിൽ വിളിച്ചു.

"എന്തെങ്കിലും തരണേ...."

ശബ്ദം കേട്ട് വീട്ടിനകത്തിരുന്നവർ പുറത്തു വന്നു നോക്കി. അതാ ഒരു അച്ചൻ നിൽക്കുന്നു. മുൻപിൽ വിരിച്ച ഒരു തുണിയുമുണ്ട്. അച്ചനെ അവർക്കു പരിചയമുണ്ട്. അവർ എം.ഏ അച്ചനെന്നു വിളിക്കുന്ന പ്രസിദ്ധനായ ഗീവർഗ്ഗീസച്ചനാണ്.... പക്ഷേ എന്താണച്ചൻ ഉദ്ദേശിക്കുന്നതെന്ന് അവർക്കു മനസ്സിലായില്ല. ഒന്നും ചിന്തിച്ചു നിൽക്കാൻ കഴിഞ്ഞില്ല. അച്ചനെ ഭിക്ഷക്കാരന്റെ രൂപത്തിൽ കണ്ടവർ ആ അവസ്ഥ എങ്ങനെയും അതിവേഗം അവസാനിപ്പിക്കാനാണ് ശ്രമിച്ചത്. അവർ ഓടിച്ചെന്ന് അരി കൊണ്ടുവന്ന് ആ ഷാളിൽ ഇട്ടുകൊടുത്തു.....

അച്ചൻ കുനിഞ്ഞ് ആ ഷോൾ മടക്കി അരിയുമായി പുറത്തേയ്ക്കോടി. ആ ഭിക്ഷക്കാരൻ അവിടെത്തന്നെ നില്ക്കുകയാണ്. ഓടിച്ചെന്ന് താൻ ശേഖരിച്ച അരി ആ ഭിക്ഷക്കാരന്റെ ഭാണ്ഡം തുറന്ന് ഇട്ടുകൊടുത്തു.

അച്ചൻ പുറത്തേയ്ക്കോടുന്നതുകണ്ട് കൗതുകത്തോടെ വീട്ടിനു പറത്തു വന്നവർ എല്ലാം കാണുന്നുണ്ടായിരുന്നു.... അവരുടെ മനസ്സിൽ ഉയർന്ന ചോദ്യമിതായിരുന്നു.

"ആരാണ് ഭിക്ഷു? അച്ചനോ ആ ധർമ്മക്കാരനോ?" ദീനാനുകമ്പ ആരെയും ഭിക്ഷുവാക്കാൻ കഴിവുള്ളതാണെന്ന് അവർ മനസിലാക്കിയിട്ടുണ്ടാകും.

www.malankaralibrary.com

# ബഥനി മലയേ സമാധാനത്തോടെ.....

**എ**ന്ത് ഉഷ്ണമാണിത്! തീച്ചൂളയിൽ കിടക്കുന്നതുപോലെ. പുറത്ത് മഴചാറുന്നുണ്ട്. പക്ഷേ ഉഷ്ണത്തന് കുറവില്ലെന്നു മാത്രമല്ല, വർദ്ധിച്ചുകൊണ്ടിരിക്കുന്നതുപോലെ. ഉറക്കം എന്നോ പിണങ്ങിയിറങ്ങിപ്പോയ കണ്ണുകൾ എന്തിനു വെറുതേ അടച്ചു കിടക്കണം! അദ്ദേഹം എഴുന്നേറ്റിരുന്നു. മനസ്സിലൂടെ ഒരായിരം ചിന്തകൾ കടന്നുപോയി. കഴിഞ്ഞ പത്തു വർഷം തന്റെ ആജ്ഞാനുവർത്തിയായിരുന്ന വൈദികൻ ഇപ്പോൾ തനിക്കെതിരേ പ്രവർത്തിക്കുന്നെന്നോ? അതെങ്ങനെ സംഭവിക്കും. ഇല്ല, എല്ലാം നേരെയാകും. നാളെ യാത്ര പറയുമ്പോൾ ഫാദർ ഗീവർഗ്ഗീസും തന്നോടൊപ്പം ഇറങ്ങിത്തിരിക്കും. ഇപ്പോഴത്തെ എതിർപ്പുകളെല്ലാം വ്യക്തിപരമായ അഭിപ്രായമെന്നേയുള്ളൂ. ആർക്കാണ് അഭിപ്രായം പറയാൻ അവകാശമില്ലാത്തത്? അഭിപ്രായമല്ലല്ലോ വിശ്വാസം. ഗീവർഗ്ഗീസച്ചൻ വിശ്വസിക്കുന്നു. തന്നെപ്പോലെ ഗീവർഗ്ഗീസച്ചനും ഉറങ്ങാതെ തന്നെത്താനെ ദൈവകരങ്ങളിൽ എല്പിച്ചു കൊടുക്കാനുള്ള തീരുമാനത്തിൽ മുഴുകി കിടക്കുകയായിരിക്കും.

എങ്കിലും എന്താണദ്ദേഹം സന്ന്യാസ പടകുകൾ കയറി സന്ന്യാസ പൂർണ്ണതയിലെത്താതിരുന്നത്? താത്പര്യമില്ലാതെയാണോ അദ്ദേഹം ആശ്രമത്തിൽ ചേർന്നത്....? 1920-ലെ ആ പെന്തക്കോസ്തി തിരുന്നാൾ കാവി വസ്ത്രം ധരിച്ച് പോസ്റ്റുലന്റായ ഗീവർഗ്ഗീസച്ചൻ..... ഇല്ല..... അന്നൊന്നും താത്പര്യത്തിന്റെ കുറവൊന്നും തോന്നിയി



രുന്നില്ല. പക്ഷേ ആ നിലയിൽ നിന്ന് ഉയരാൻ അദ്ദേഹം ശ്രമിക്കാത്തതെന്ത്? താത്പര്യക്കുറവാണോ? അല്ല.... ഏത് ആവശ്യവും സാധിച്ചു തരുന്ന, പുരുഷന്മാരുടെയും സ്ത്രീകളുടെയും സന്ന്യാസ ഭവനങ്ങളിൽ പുഞ്ചിരിയോടെ ചെന്ന് ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന, ഗീവർഗ്ഗീസച്ചന് സന്ന്യാസത്തിൽ വിശ്വാസമില്ലെന്നോ? അങ്ങനെ ചിന്തിക്കാൻ പാടില്ല. താത്പര്യമില്ലാത്തയാൾ തികഞ്ഞ ബ്രഹ്മചാരിയായി ജീവിക്കുന്നതെന്തിന്? തീർച്ചയായും ഫാദർ ഗീവർഗ്ഗീസ് സന്ന്യാസത്തിൽ താത്പര്യമുള്ളയാൾ തന്നെ. തികഞ്ഞ സന്ന്യാസിയും ബ്രഹ്മചാരിയുമാണ്. എങ്കിലും, ഈ മലമുകളിലെ സന്ന്യാസ രീതി അദ്ദേഹത്തിന് ഇഷ്ടപ്പെടുന്നില്ലെന്നുണ്ടോ? സന്ന്യാസത്തെപ്പറ്റി അദ്ദേഹത്തിനുള്ള കാഴ്ചപ്പാട് ഇവിടെ ജീവിക്കുന്ന സന്ന്യാസത്തിൽ നിന്ന് വ്യത്യസ്തമാണെന്നുണ്ടോ? അതിനും സാദ്ധ്യതയില്ല. കാഴ്ചപ്പാടിൽ എന്തെങ്കിലും കാര്യമായ വ്യത്യാസമുണ്ടെങ്കിൽ ഈ കഴിഞ്ഞ പത്തു വർഷം തന്റെ ആജ്ഞാനുവർത്തിയായി ഇവിടെ കഴിയുമോ?

എല്ലാം തന്റെ മനസ്സിന്റെ സൃഷ്ടിയാണ്. അദ്ദേഹം കൂടെ വരും. നാളെ യാത്ര പറയുന്നവരുടെ മുൻനിരയിൽ ഫാദർ ഗീവർഗ്ഗീസുണ്ടാകും.

ആഗസ്റ്റ് 20. നേരം പുലർന്നതേയുള്ളൂ. യാത്രാമൊഴിയുടെ സ്വരത്തിൽ മുണ്ടൻ മലയിലെ അവസാനത്തെ പ്രാർത്ഥന മുഴങ്ങി..... ഇരുപതോളം കാഷായ വസ്ത്രധാരികൾ തങ്ങളുടെ ഭാണ്ഡങ്ങളുമായി ആശ്രമത്തിന്റെ പടിയിറങ്ങി. മുൻപിൽ മാർ ഈവാനിയോസുമുണ്ടായിരുന്നു. പെട്ടെന്ന് ഏങ്ങലടിയുടെ ഒരു ശബ്ദം പുറകിൽ നിന്നു കേട്ടു. എല്ലാവരും തിരിഞ്ഞു നോക്കി. മാർ ഈവാനിയോസും...... ആശ്രമത്തിന്റെ തൂണിൽ പിടിച്ച് അതീവ ദുഃഖത്തോടെ ഉറക്കെ കരയുന്നു, ഫാദർ ഗീവർഗ്ഗീസ്. മാർ ഈവാനിയോസ് ഒരു നിമിഷം ആ സഹപ്രവർത്തകന്റെ ദുഃഖത്തിൽ അലിഞ്ഞു നിന്നു. വീണ്ടും തിരിഞ്ഞു യാത്ര തുടർന്നു. ആരോടെന്നില്ലാതെ അദ്ദേഹം പറഞ്ഞു. "ഫാദർ ഗീവർഗീസ് എത്ര സ്നേഹമുള്ളവനാണ്. എത്ര നല്ലവനാണ്. എങ്കിലും കത്തോലിക്കാപുനരൈക്യത്തിന്റെ വരം ദൈവം അദ്ദേഹത്തിനു നല്കിയില്ല. നല്കപ്പെടാതെ ആരും ഈ ദാനം സ്വീകരിക്കുന്നില്ല...."

www.malankaralibrary.com

# ഒരു ഓട്ടം തിരുമേനിക്ക്

**അ**ന്നത്തെ വചനപ്രഘോഷണം കഴിഞ്ഞ് മാർ ഈവാനിയോസ് തിരുമേനി ഇരുന്നു. അദ്ദേഹം നല്ല വണ്ണം ക്ഷീണിച്ചിട്ടുണ്ട്. എന്നാൽ ക്ഷീണമൊന്നും പ്രസംഗത്തിൽ തോന്നിയില്ല. ഒരു വാഗ്ധോരണിയായിരുന്നു പ്രസംഗം. ബൈബിളിൽ നിന്ന് തുടങ്ങി സഭാപിതാക്കന്മാരിലൂടെ സഞ്ചരിച്ച് അന്നത്തെ ജീവിത സാഹചര്യങ്ങളും സഭയുടെ പ്രശ്നങ്ങളു മൊക്കെ ഉൾപ്പെടുത്തി ആ പ്രസംഗം പുരോഗമിക്കുകയായിരുന്നു. കേട്ടവർക്കെല്ലാം തിരുമേനിയുടെ വിശ്വാസത്തിന്റെ ശക്തിയും ബോധ്യങ്ങളുടെ ദൃഢതയും വചനത്തിന്റെ സ്ഫുടതയും നന്നേ ഇഷ്ടപ്പെട്ടു. തിരുമേനി ഇരുന്നപ്പോൾ അദ്ദേഹത്തോടൊപ്പം വെണ്ണിക്കുളത്തു താമസിക്കുന്ന ഒരു വൈദികൻ എഴുന്നേറ്റ് തിരുമേനിയുടെ പുതിയ പ്രസ്ഥാനത്തിന്റെ, പുനരൈക്യപ്രസ്ഥാന ത്തിന്റെ, പരിതാപകരമായ സാമ്പത്തിക നിലയെപ്പറ്റി ചെറുതാ യൊന്നു സൂചിപ്പിച്ചുകൊണ്ട് കുറേ തകരപ്പെട്ടികൾ അവരെ കാണിച്ചു ഇഷ്ടമുള്ളവർക്കു അതിൽ ഓരോന്ന് വാങ്ങികൊണ്ടു പോകാം. കഴിവുള്ള സംഭാവനകൾ അതിൽ നിക്ഷേപിച്ച് തിരികെതരണം, എന്ന് അറിയിച്ചു.

പലരും ഉത്സാഹത്തോടെ മുന്നോട്ടവന്ന് പെട്ടികൾ വാങ്ങി കൊണ്ടുപോയി. അക്കൂട്ടത്തിൽ മുഷിഞ്ഞ മുണ്ടും മേൽ വസ്ത്രമായി ഒരു തോർത്ത്മാത്രം ധരിച്ച് ഒരാളുണ്ടായിരുന്നു.



പ്രസംഗശ്രവണത്തിൽനിന്ന് ലഭിച്ച ആവേശമാണ് ആയാളെ പെട്ടിവാങ്ങാൻ പ്രേരിപ്പിച്ചത്. അയാൾ ഒരു മീൻകച്ചവടക്കാരനായി രുന്നു. കടൽ തീരത്തുചെന്ന് മീൻ വാങ്ങി അവിടെനിന്ന് ഉടനേ അതിവേഗം ഓടി ദൂരെയെവിടെയെങ്കിലുമുള്ള മീൻ ചന്തകളിൽ കൊണ്ടുചെന്നു വിറ്റ് ഉപജീവനം നടത്തിയിരുന്ന ഒരു പാവപ്പെട്ട, വെറും സാധാരണക്കാരനായ, മീൻ കച്ചവടക്കാരൻ. തിരുവിതാം കൂറിൽ മിക്കവാറും എല്ലായിടത്തും മീൻകച്ചവടക്കാരു ണ്ടായിരുന്നു. ഏതാണ്ട് ഒരു പേലെയാണ് അവരെല്ലാം തങ്ങളുടെ ജോലി നിർവ്വഹിച്ചിരുന്നത്. പുലരുന്നതിന് വളരെ മുൻപേ എഴുന്നേറ്റ് ദൂരെയുള്ള മത്സ്യബന്ധനകേന്ദ്രങ്ങളിലെത്തി ലേലം വിളിച്ച് മീൻ വാങ്ങുന്നു. അത് കുട്ടകളിലാക്കി തലയിൽ വച്ച് മീൻ ചന്തകളിലേക്ക് ഓടുന്നു. ഓട്ടത്തിന്റെ ലക്ഷ്യം വ്യായാമമല്ല. മീൻ കെട്ടുപോകു ന്നതിന് മുമ്പ് ചന്തയിൽ എത്തിച്ചില്ലെങ്കിൽ അത് വാങ്ങാൻ ആരും കാണില്ല. വാഹനങ്ങൾ ഇല്ലാതിരുന്ന കാലം. മീൻ കേടുകൂടാതെ സൂക്ഷിക്കാൻ സാങ്കേതിക ജ്ഞാനമോ വിദ്യയോ ഇല്ലാതിരുന്ന കാലം. മീൻ വിറ്റുതീർക്കാൻ സാധിക്കുന്നില്ലെങ്കിൽ ബാക്കി വരുന്നവ കുഴിച്ചുമൂടുകയല്ലാതെ മറ്റു മാർഗ്ഗമില്ല. പലപ്പോഴും തൊഴിലിന്റെ സാധ്യതയും കച്ചവത്തിന്റെ ലാഭവും കച്ചവടക്കാരന്റെ ഓട്ടത്തെ മാത്രം ആശ്രയിച്ചിരുന്നു...... അയാൾ പെട്ടിവാങ്ങി നേരേ പോയത് വീട്ടിലേക്കാണ് പെട്ടി ഭാര്യയെ ഏല്പിച്ചു കൊണ്ട് അയാൾ പറഞ്ഞു.

"ഇത് കാണിക്കപ്പെട്ടിയാണ്. തിരുമേനി തന്നതാണ്. ഇതിൽ നിറയെ പണം നിക്ഷേപിച്ചു തിരിയെ ഏല്പിക്കണം."

"അയ്യോ നിങ്ങൾ ഇതെന്തിനു വാങ്ങി? നിങ്ങൾ ഇതെങ്ങനെ നിറയ്ക്കും? പണമുള്ളവരെ ഉദ്ദേശിച്ചാണ് തിരുമേനി ഈ പെട്ടിയൊക്കെ കൊടുക്കുന്നത്."

"അല്ലെടി ഞാനിതു നിറയ്ക്കും. തിരുമേനിയെ പണവുമായി തിരിച്ചേല്പിക്കും."

"എങ്ങനെ നിറയ്ക്കുമെന്നാ പറയുന്നത്. ഇപ്പോഴേ പിള്ളേര് പട്ടിണി. നിങ്ങൾക്ക് ഒരു ദിവസത്തെ ഓട്ടത്തിന് കിട്ടുന്ന ലാഭമെത്ര?

www.malankaralibrary.com

ലാഭം കിട്ടിയാൽ അരരൂപ. കൂടിയാൽ മുക്കാൽ രൂപ. നഷ്ടം വരുന്ന ദിവസങ്ങളുമുണ്ട്... നിങ്ങൾ എങ്ങനെ ഈ പെട്ടിനിറയ്ക്കും?"

"ഞാൻ നിറയ്ക്കും ഒരു മാസത്തിൽ ഒരു ദിവസത്തെ ഓട്ടം തിരുമേനിക്കു വേണ്ടി മാറ്റി വയ്ക്കും. അന്നുകിട്ടുന്ന ലാഭം ഈ പെട്ടിയിൽ സൂക്ഷിക്കും. അങ്ങനെ ഒരു വർഷം തികയുമ്പോൾ ഉള്ള പണവുമായി തിരുമേനിക്കു തിരിയെ കൊടുക്കും."

മാസങ്ങൾ കടന്നുപോയി. മുടക്കമില്ലാതെ ഓരോ മാസവും ഒരു ദിവസത്തെ ഓട്ടം അയാൾ തിരുമേനിക്കുവേണ്ടി ഓടി. അന്ന് കിട്ടിയ ലാഭം മുഴുവൻ അയാൾ ആ പെട്ടിയിൽ നിക്ഷേപിച്ചു. ആരും ഒരു കാരണവശാലും അതിൽ നിന്ന് ഒന്നും എടുക്കാതിരിക്കാൻ തന്റെ വീടിന്റെ ഭിത്തിയുടെ മുകളിൽ അയാൾ പെട്ടി സൂക്ഷിച്ചുവച്ചു, ഭാര്യയ്ക്കു പോലും എടുക്കാനാകാതെ.....

ദിവസങ്ങളും മാസങ്ങളും കടന്നുപോയി.... തിരുമേനിക്കു വേണ്ടിയുള്ള ഓട്ടങ്ങളിൽ നിന്ന് ലഭിക്കുന്ന തുക കുറവുകൂടാതെ എല്ലാ മാസവും പെട്ടിയിൽ നിക്ഷേപിച്ചുകൊണ്ടിരുന്നു....

വീണ്ടും ഒരു പ്രസംഗയോഗം. മാർ ഈവാനിയോസ് തന്നെയാണ് മുഖ്യപ്രഭാഷകൻ. ധനികരും ദരിദ്രരുമായി ധാരാളം പേരുണ്ട് ശ്രോതാക്കൾ. പ്രസംഗയോഗത്തിന്റെ അന്ത്യത്തിൽ പലരും തങ്ങളുടെ അന്നത്തെ കാണിക്കകളും വളരെനാളുകളായി ശേഖരിക്കുന്ന കാണിക്കകളുമായി മുമ്പോട്ടു വന്നു. കാണിക്കപ്പെട്ടികൾ തുറന്നു തുക എണ്ണിനോക്കി. മീൻകച്ചവടക്കാരനുമുണ്ടായിരുന്നു അന്നത്തെ ശ്രോതാക്കളുടെ കൂട്ടത്തിൽ. ഇപ്പോൾ അയാൾ വെറും കൈയോടെയല്ല. ആ തകരപ്പെട്ടിയും കൈയിലുണ്ട്. മുന്നോട്ടു കടന്നു വന്ന അയാൾ തകരപ്പെട്ടി തിരുമേനിയുടെ മുമ്പിൽ സമർപ്പിച്ചു. തിരുമേനിയുടെ സഹായികൾ അതു തുറന്നു തുക എണ്ണിനോക്കി കുറേ തുട്ടുകളായിരുന്നു അതിൽ ഒന്ന്... രണ്ട്... മൂന്ന്... ആറുരൂപ. ഒരു പാവപ്പെട്ടവന്റെ ഒരു വർഷത്തെ അധ്വാനം ആറുരൂപ!...



# ഇതെല്ലാം എങ്ങനെയറിഞ്ഞു?

**പെ**രുന്നാട് മലയിൽ നിന്നിറങ്ങിയ ശേഷം മാർ ഈവാനിയോസിന്റെ സന്ന്യാസികളുടെയും സന്ന്യാസിനികളുടെയും സാമ്പത്തിക സ്ഥിതി ദുർഭഗമായിരുന്നു. അവരെ സഹായിക്കാൻ സ്വന്തക്കാരോ സമുദായാംഗങ്ങളോ ഇല്ലായിരുന്നു. ഏറ്റവും അടിസ്ഥാനപരമായ ജീവിതാവശ്യങ്ങൾ പോലും നടത്താനാകാതെ വിഷമിച്ച കാലം. സന്ന്യാസിനീ സമൂഹത്തെ സംബന്ധിച്ചിടത്തോളം കാനോനികമായ ചില അവ്യവസ്ഥിതിയും നിലനിൽക്കുന്നുണ്ടായിരുന്നു. മാർ ഈവാനിയോസിന്റെ കൂടെ ഇറങ്ങിത്തിരിച്ചവർ ഒരേ സമൂഹത്തിലെ അംഗങ്ങളായിരുന്നെങ്കിലും പിന്നീട് ആ സ്ഥിതിയിലല്ല സമൂഹം മുന്നോട്ടു പോയത്? പുനരൈക്യപ്പെട്ടവരെ രണ്ടു വ്യത്യസ്ത രൂപതകളിലായി തിരിച്ചപ്പോൾ സന്ന്യാസിനികളും രണ്ടു രൂപതകളിലായി പിരിഞ്ഞു. രണ്ടു കൂട്ടരും ബഥനി സന്ന്യാസിനികൾ എന്ന് അറിയപ്പെട്ടിരുന്നെങ്കിലും പൊതുവായ നിയമങ്ങളോ ഭരണസംവിധാനമോ ഇല്ലായിരുന്നു. രണ്ടു രൂപതയിലെയും സന്ന്യാസിനികൾ രൂപതകളുടെ സന്ന്യാസിനീ സമൂഹങ്ങൾ എന്ന നിലയിൽ പരസ്പരബന്ധമില്ലാതെയാണ് നിലനിന്നത്.

തിരുവനന്തപുരത്തേയ്ക്ക് മാറിയതോടെ തിരുവനന്തപുരം അതിരൂപതയിലെ സന്ന്യാസിനികൾ സാമ്പത്തകമായി കൂടുതൽ

www.malankaralibrary.com

ഞെരുക്കത്തിലായി. കപ്പയും കഞ്ഞിയും മാത്രമായി ആകെ ഭക്ഷണം. ചിലപ്പോൾ അതു ലഭിക്കാതിരുന്ന സന്ദർഭങ്ങളും സംജാതമായി. മദർ ഹൗസിലും മറ്റു ഭവനങ്ങളിലും ഇതായിരുന്നു സ്ഥിതി.......

അന്ന് തിരുവനന്തപുരം ബഥനി സിസ്റ്റേഴ്സിന്റെ നഞ്ച്യാർകുളങ്ങര ഭവനത്തിന് അസാധാരണമായ അനുഭവമായിരുന്നു. വയർ നിറയെ ഒന്നും തിന്നാനില്ലാത്ത ദിവസം..... എല്ലാം സഹിച്ചുകൊണ്ട്, നല്ല നാളെയെ പ്രതീക്ഷിച്ചുകൊണ്ട് ഉറങ്ങാൻ കിടന്നു. പിറ്റേന്ന് പതിവു പോലെ ആദ്ധ്യാത്മിക കാര്യങ്ങളെല്ലാം ചെയ്തശേഷം ഭക്ഷണമുറിയിലെത്തി. ഒന്നും ഉണ്ടാക്കിയിട്ടില്ല. ഉണ്ടാക്കാൻ ഒന്നുമില്ല. ദാരിദ്ര്യം ഇത്രയും കഠിനമാകുമെന്ന് ആരും പ്രതീക്ഷിച്ചില്ല. ദാരിദ്ര്യത്തിനു പരിഹാരവും അടുത്തെങ്ങും ദൃശ്യമായിരുന്നില്ല. വാർദ്ധക്യത്തോടടുത്തവരും രോഗികളുമുണ്ട്. ഇനി എപ്പോഴാണ് ഭക്ഷണം കഴിക്കുക?

ഏകദേശം എട്ടരമണിയോടടുത്ത് മഠത്തിന്റെ മുറ്റത്ത് ഒരു കാർ വന്നു നിന്നു. ശബ്ദം കേട്ടു മദർ മാക്സായും മറ്റു ചില സിസ്റ്റേഴ്സും ഇറങ്ങി വന്നു. പിതാവാണ് വന്നത്, മാർ ഈവാനിയോസ് പിതാവ്. ആദരപൂർവ്വം അദ്ദേഹത്തെ സ്വീകരണ മുറിയിലിരുത്തി. സിസ്റ്റേഴ്സ് ചുറ്റും നിന്ന് കുശല പ്രശ്നങ്ങൾ ആരംഭിച്ചു. ഇന്നലെ മുതൽ പട്ടിണിയാണെന്നുള്ളത് വാക്കിലോ സ്വരത്തിലോ പ്രകടമാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിച്ചു. പിതാവിന്റെ ക്ഷേമാന്വേഷണങ്ങൾക്കെല്ലാം ഭാവാത്മക മറുപടി നല്കി ആ സംഭാഷണം പുരോഗമിച്ചുകൊണ്ടിരുന്നു. ചിന്തിക്കാൻ പോലും സാധിക്കാത്തവണ്ണം തിരക്കുള്ള പിതാവ് മഠം സന്ദർശിക്കാൻ സമയം കണ്ടെത്തിയതിലെ വിസ്മയം സിസ്റ്റേഴ്സിന്റെ വാക്കുകളിൽ പ്രകടമായിരുന്നു.

"കാറ് തുറന്ന് അതിൽ വച്ചിരിക്കുന്ന സാധനങ്ങൾ എടുത്തു കൊണ്ടു വാ..." പിതാവ് പറഞ്ഞു.



എന്തു സാധനമായിരിക്കും? ഒരു സൂചനയുമില്ല. സിസ്റ്റേഴ്സ് ഓടിയിറങ്ങി കാർ തുറന്നു നോക്കി. പല കെട്ടുകൾ. എല്ലാം പുറത്തു കൊണ്ടു വന്നു തുറന്നു നോക്കി. ഒരു ചെറിയ ചാക്കിൽ അരി, മറ്റൊന്നിൽ പയറ്. വേറൊരു കെട്ടിൽ മലക്കറി. പിന്നെ ചെറിയ കുറെ കെട്ടുകൾ.

അവർ ആ കെട്ടുകളിലേക്കും തിരുമേനിയുടെ മുഖത്തേയ്ക്കും മാറി മാറി നോക്കി.

ഇവിടെ പട്ടിണിയായിരുന്നുവെന്ന് പിതാവ് എങ്ങനെയറിഞ്ഞു? ഈ സാധനങ്ങളെല്ലാം പിതാവ് എവിടെ നിന്ന് വാങ്ങി? ഉത്തരമില്ലാത്ത ചോദ്യങ്ങൾ. പക്ഷേ ഒന്നു വ്യക്തം. ഈ അതിഗംഭീര രൂപത്തിനുള്ളിൽ വളരെ തരളമായ ഒരു പിതൃഹൃദയം തുടിക്കുന്നു.......

www.malankaralibrary.com

# തകരപ്പെട്ടിയും മരപ്പെട്ടിയും

വെണ്ണിക്കുളത്തെ ആ കെട്ടിടം ഒട്ടും ആകർഷകമല്ല. അതിൽ ഒരു മെത്രാനും കുറേ സന്ന്യാസികളും താമസിക്കുന്നുവെന്നത് മാത്രമാണ് അതിനെ അസാധാരണമാക്കിയ വസ്തുത. പലപ്പോഴും ആളുകൾ വന്നും പോയും ഇരുന്നു. മെത്രാനെക്കാണാനാണ് ആളുകൾ പ്രധാനമായും വന്നുകൊണ്ടിരുന്നത്. പഴയ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും പുതിയ പ്രസ്ഥാനത്തിന്റെ അംഗങ്ങളും അങ്ങനെ പലരും..... പഴയ സുഹൃത്തുക്കൾ പലരും തിരുമേനിയെ പുതിയ സംരംഭത്തിൽ നിന്ന് തിരിക്കാനുള്ള നിർദ്ദേശവുമായിട്ടു വന്നവരാണ്. അവരൊക്കെ വലിയ പ്രതീക്ഷയോടെയാണ് ഈ മാർ ഈവാനിയോസ് തിരുമേനിയെ നോക്കിക്കണ്ടിരുന്നത്. അസാധാരണ വ്യക്തിവിലാസം പ്രകടമാക്കിയിരുന്ന ഈ തിരുമേനിയിലൂടെ മലങ്കരസഭയുടെ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കാൻ കഴിയുമെന്ന് അവർ പ്രതീക്ഷിച്ചു. തിരുമേനി സഭയിലാരംഭിച്ച സന്ന്യാസപ്രസ്ഥാനം ഈ വീണ്ടെടുപ്പിന്റെ ശക്തമായ പ്രതീക്ഷകളാണ് ജനങ്ങളിലുണർത്തിയത്. തിരുമേനിയിലുള്ള വിശ്വാസവും അദ്ദേഹത്തിന്റെ ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷയും തങ്ങളുടെ സഹോദരങ്ങളെ, സ്ത്രീകളെയും പുരുഷന്മാരെയും, തിരുമേനിയുടെ സന്ന്യാസ പ്രസ്ഥാനത്തിനുവേണ്ടി സമർപ്പിക്കാൻ ഇവരെ പ്രേരിപ്പിച്ചതാണ്.



പക്ഷേ ഇപ്പോൾ ഈ തിരുമേനിതന്നെ സഭയുപേക്ഷിച്ച് റോമാ പക്ഷത്തു ചേർന്നിരിക്കുന്നു. ഒരു പക്ഷേ ഇനിയും തിരിച്ചു വരാൻ സാധിക്കും. ഈ പ്രതീക്ഷയോടെ തിരുമേനിയെ ഓർത്തഡോക്സ് സഭയിൽ തിരിച്ചുവരാൻ നിർബന്ധിക്കാനും കാണാൻ വന്നവരിൽ ചിലർ ശ്രമിച്ചു. പലർക്കും വിശദീകരണങ്ങൾ നല്കികൊണ്ടും മറ്റുചിലരുടെ സംശയങ്ങൾ ദൂരീകരിച്ചും ഇനിയും ചിലരെ കത്തോലിക്കാ വിശ്വാസത്തിലേക്ക് ക്ഷണിച്ചും വേറേ ചിലരെ പ്രോത്സാഹിപ്പിച്ചും പ്രശംസിച്ചും തിരുമേനി വന്നവരോടെല്ലാം സംസാരിച്ചുകൊണ്ടിരുന്നു. ഒരു വാട്ടവുമില്ല ആ മുഖത്ത് നിരാശയുടെ ലക്ഷണമൊന്നുമില്ല. ചെയ്തതെല്ലാം ശരിയാണെന്നും ശരിയിൽ മുന്നേറുകമാത്രമാണിനിയും ചെയ്യാനുള്ളതെന്നും വിളിച്ചറിയിക്കുന്ന ദൃഢനിശ്ചയത്തിന്റെ മുഖഭാവം. എങ്കിലും ഉള്ളിലെ രഹസ്യം അറിഞ്ഞവരുണ്ട്. അന്തേവാസികൾ

ഒന്നുമില്ല ഭക്ഷിക്കാൻ.... ആരും ഒരുസംഭാവനയും തരുന്നില്ല. സമുദായദ്രോഹിയെന്നാണ് സഭാധികാരികൾ മുദ്രകുത്തിയിരിക്കുന്നത്. അതിനാൽ തിരുമേനിയെ മുൻപു ആദരവോടെ കണ്ടിരുന്നവർ അടുത്തെങ്ങും വരാതെയായി. പിടിയരിയോ മാസവരിയോ മറ്റു സംഭാവനകളോ ഇല്ല... ഭാവിയെപ്പറ്റി ഒന്നും വ്യക്തമല്ലാത്ത ദിവസങ്ങൾ.... എല്ലാം ദൈവം നടത്തുമെന്ന വിശ്വാസം മാത്രം.

സഭാധികാരികൾ ദ്രോഹിയെന്നു മുദ്രകുത്തിയാലും മനുഷ്യത്വം മരവിക്കാത്തകുറേപ്പേരെങ്കിലും ഇല്ലാതെ വരുമോ? അവരുടെ ഔദാര്യം ധാരാളം മതി കുറേ നല്ല മനുഷ്യർക്ക് സംഭാവനകളിട്ട് തിരിച്ചേല്പിക്കാനായി നേർച്ചപ്പെട്ടികൾ വിതരണം ചെയ്തു, തകരം കൊണ്ടുള്ള ചെറിയ പെട്ടികൾ. ഓരോ ദിവസവും മിച്ചം വയ്ക്കാൻ കഴിയുന്ന ചെറിയ നാണയങ്ങൾ തിരുമേനിക്കുവേണ്ടി അവർ ആ പെട്ടികളിൽ നിക്ഷേപിച്ചു. പെട്ടിനിറയുമ്പോൾ തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നുകൊടുക്കും. വീണ്ടും

www.malankaralibrary.com

പെട്ടിവാങ്ങി കൊണ്ടുപോയി ചെറിയ നാണയങ്ങൾ കൊണ്ടു അത് നിറയ്ക്കു. വീണ്ടും തിരുമേനിയുടെ മുമ്പിൽ അത് സമർപ്പിക്കും.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. സമയം ഏകദേശം നാലു മണികഴിഞ്ഞിരുന്നു. വെണ്ണിക്കുളത്തെ ആ താത്ക്കാലിക വസതിയുടെ മുറ്റത്തു ഒരു കസേരയിൽ തിരുമേനി ഇരുപ്പുണ്ട്. ഒരു സന്ന്യാസി അടുത്തുതന്നെ നില്ക്കുന്നു. മറ്റു കുറച്ചുപേർ കെട്ടിടത്തിന്റെ പലഭാഗങ്ങളിലുമായി ചെറിയ ജോലികൾ ചെയ്തു കൊണ്ടിരിക്കുന്നു. ചില സന്ദർശകരെല്ലാം വന്നു പൊയ്ക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽ ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. പതിമൂന്നോ, പതിനാലോ വയസ്സ് തോന്നിക്കും മെലിഞ്ഞ ഉടൽ. ആർജ്ജവമുള്ള മുഖഭാവം. അവൾ അറച്ചറച്ച് മുന്നോട്ട് വന്നു. ലജ്ജയും ഭയവും മുഖത്തു സ്ഫുരിക്കുന്നുണ്ട്. അവളുടെ കൈയിൽ എന്തോ ഇരുപ്പുണ്ട് ഒരു തോർത്തു മുണ്ടുകൊണ്ട് പോതിഞ്ഞാണു പിടിച്ചിരിക്കുന്നത്. ആരുടെ അടുക്കലേക്കാണു പോകേണ്ടതെന്ന് അവൾക്ക് നിശ്ചയമില്ല. മുറ്റത്തു ജോലിചെയ്യുന്ന സന്ന്യാസികളെ മാറിമാറിനോക്കി അല്പം അറച്ചുനിന്നശേഷം അവൾ കസേരയിലിരുന്ന തിരുമേനിയുടെ അടുക്കലേക്ക് നടന്നു. തിരുമേനിയുടെ മുൻപിൽ വന്ന് തോർത്തുമുണ്ട് എടുത്തു മാറ്റി തന്റെ കൈയിലുണ്ടായിരുന്ന സാധനം തിരുമേനിയുടെ മുൻപിൽ വച്ച് അല്പം മാറിനിന്നു. ഒരു തകരപ്പെട്ടി!

തിരുമേനി മുഖമുയർത്തി ആ പെൺകുട്ടിയെയും തന്റെ മുൻപിൽ വച്ചിരിക്കുന്ന തകരപ്പെട്ടിയിലും നോക്കി. അവളോടായി ചോദിച്ചു. "എന്താണിത്?" അവൾ അറച്ചറച്ചു പറഞ്ഞു "ഇത്തിരി കാണിക്കയാണ്."

"നിനക്കു ഈ പെട്ടി എവിടെനിന്നുകിട്ടി?"

"ഇവിടെനിന്നു കിട്ടിയതാണ്. എല്ലാവർക്കു കൊടുത്തപ്പോൾ ഞാനും വാങ്ങിച്ചു, ക്രിസ്ത്യാനിയല്ലെന്നു പറയാതെ



വാങ്ങിച്ചതാ".... അവളുടെ ശബ്ദത്തിൽ കുറ്റബോധത്തിന്റെ ലാഞ്ചന....

"നീ ക്രിസ്ത്യാനിയല്ലേ?"

"അല്ല....."

"പിന്നെ ആരാണ്?"

"ഞങ്ങൾ ഈഴവരാണ്. അവിടെ ഈഴവക്കുടിയിലാണ് ഞങ്ങൾ താമസിക്കുന്നത്."

"നിനക്ക് എന്താണു ജോലി?"

"ജോലിയൊന്നുമില്ല"

"പിന്നെ എങ്ങനെയാണ് നീ കാണിക്ക നിറച്ചത്?"

"അത് കടയിൽ സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ഒരു കാശു അല്ലെങ്കിൽ അരക്കാശ് മിച്ചം വച്ച് പെട്ടിയിലിടും ഞങ്ങളുടെ അടുത്തൊക്കെയുള്ള വീടുകളിലെ പുന്നമരച്ചുവട്ടിൽ നിന്ന് പുന്നക്കാപെറുക്കിവിറ്റ് കാശുണ്ടാക്കും... അങ്ങനെ പതുക്കെയാണ് പെട്ടി നിറച്ചത്...... നേരത്തേ കൊണ്ടുവരണമെന്നുണ്ടായിരുന്നു. പക്ഷേ പെട്ടിനിറഞ്ഞതിപ്പോഴാണ്."

"ഇപ്പോൾ പെട്ടി നിറഞ്ഞോ?"

"അതേ"

മാർ ഈവാനിയോസ് വീണ്ടും ശിരസ്സുയർത്തി ആ പെൺകുട്ടിയെ നോക്കി. ശാലീനമധുരമായ മുഖഭാവം! അവളോടെന്താണു പറയേണ്ടത്? കാണിക്ക വേണ്ടെന്നു പറയാൻ പാടില്ല. ഒരു പക്ഷേ ഇവിടെ കാണിക്ക തരുന്ന മറ്റുള്ളവരെക്കാൾ ത്യാഗപൂർണ്ണമായിരിക്കും ഇവളുടെ കാണിക്ക. ഇവളെ എന്തു പറഞ്ഞാണ് പ്രശംസിക്കേണ്ടത്? തിരുമേനി അവളുടെ മുഖത്തേയ്ക്ക് നോക്കി പുഞ്ചിരിയോടെ പറഞ്ഞു.

www.malankaralibrary.com

"വളരെ ഉപകരാരം! കുഞ്ഞേ നിനക്കു നല്ലതു വരട്ടെ?"

പെൺകുട്ടിക്ക് പോകാനുള്ള അടയാളമെന്ന നിലയിലാണ് തിരുമേനി അതു പറഞ്ഞത്. പക്ഷേ പെൺകുട്ടി അവിടെതന്നെ നിന്നു.

തിരുമേനി അവളെ നോക്കി ചോദിച്ചു. "ഉം എന്താ? വല്ലതും പറയാനുണ്ടോ?"

അവൾ വിക്കിവിക്കി പറഞ്ഞു "എനിക്ക് ഇനികുറച്ചുകുടെ വലിയ ഒരു മരപ്പെട്ടി വേണം!"

"എന്തിന്?" തിരുമേനി ചോദിച്ചു.

"കാണിക്കയിടാൻ"

"കാണിക്കയ്ക്കു പണമുണ്ടാകുമോ?"

ഞാൻ ഇനിയും കൂടുതൽ പുന്നക്കയും മറ്റും പെറുക്കി വില്ക്കും.

തിരുമേനി അടുത്തുനിന്നിരുന്ന ശെമ്മാശന് ആംഗ്യം കൊണ്ടു നിർദ്ദേശം നല്കി. നിമിഷത്തിനകം ശെമ്മാശൻ ഒരു മരപ്പെട്ടിയുമായി വന്ന്, അത് പെൺകുട്ടിയുടെ കൈയിലേല്പ്പിച്ചു. മരപ്പെട്ടി വാങ്ങി തോളിൽ ചുമന്നുകൊണ്ട് അവൾ വീട്ടിലേക്ക് പോകാൻ തിരിഞ്ഞു. അവൾ കണ്ണിൽനിന്ന് മറയും വരെ തിരുമേനി അവളെത്തന്നെ നോക്കി ഇരുന്നു. അവൾ മറഞ്ഞു... തിരുമേനിയുടെ കണ്ണിൽ നിന്ന് ഒരുതുള്ളി കണ്ണുനീർ അടർന്ന് കുപ്പായത്തിൽ വീണു. ശെമ്മാശൻ അതു കണ്ടിരിക്കുമോ?



# ഒരു ഏറ്റു പറച്ചിൽ

**അ**ന്നു താൻ അർപ്പിച്ച വി. കുർബാനയിൽ ചൊല്ലിയ പ്രാർത്ഥനകൾ അയവിറക്കുകയായിരുന്നു മെത്രാച്ചൻ. "ദൈവമേ നീ പരിശുദ്ധനാകുന്നു..... ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കേണമേ". എത്രയോ പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലിയിട്ടുണ്ട്. ഈണത്തിലും, ഈണമില്ലാതെയും നമസ്ക്കാരങ്ങളിലും കുർബാനകളിലും തനിച്ചും മറ്റുള്ളവരോടു ചേർന്നും. ഒരിക്കലും ഇത്ര വശ്യത അനുഭവപ്പെട്ടിട്ടില്ല. "ദൈവമേ" എന്നു വിളിച്ചിട്ടു "ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് അപേക്ഷിക്കുന്നു. ദൈവം ക്രൂശിക്കപ്പെട്ടെന്നോ? വിചിത്രമായിരിക്കുന്നു. എന്നും ചൊല്ലുകയും ഒന്നും മനസ്സിലാക്കാതിരിക്കുകയും ചെയ്യുക. വിശ്വാസം അയുക്തികമെന്നോ? വിശ്വാസം എന്തെണാണെന്ന് ബൈബിളിൽ വായിക്കാറുള്ളത്! "പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് വിശ്വാസം". ഒന്നും ചിന്തിക്കാതിരിക്കുക, മനസ്സിന് അമിതമായ ജോലിയൊന്നും കൊടുക്കാതിരിക്കുക. വെറുതെ വിശ്വസിക്കുക. മറ്റെന്തു ചെയ്യാനാണ്. അങ്ങനെ വിശ്വസിച്ച് നിത്യസ്വർഗ്ഗം കരസ്ഥമാക്കുക. പക്ഷേ..... ഒന്നും മനസ്സിലാകുന്നില്ല. ഒന്നും മനസ്സിലാക്കാതിരിക്കുകയാവുമോ വിശ്വാസം? എങ്കിൽ അത് ബൗദ്ധികമായ അലസതയുടെ പര്യായമാകുകയില്ലേ. അത്തരം അലസതയ്ക്ക് ദൈവം സ്വർഗ്ഗഭാഗ്യം സമ്മാനമായിത്തരുമെന്നോ?.......

www.malankaralibrary.com

"ദൈവമേ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമേ......?"

തിയോളജി ക്ലാസിലെ ആ രംഗം..... എവുത്തിക്കൂസിന്റെ വാദഗതികൾ...... വചനം യഥാർത്ഥമായി മനുഷ്യാവതാരം ചെയ്തതിനാൽ മനുഷ്യസ്വഭാവത്തെ ദൈവത്വത്തിൽ ലയിപ്പിച്ചു. അങ്ങനെ രണ്ടു യാഥാർത്ഥ്യങ്ങൾ ഒന്നായി തീർന്നു, ദൈവപുത്രനെന്ന ഏക യാഥാർത്ഥമായി. പിന്നീടുള്ളത് മനുഷ്യനും ദൈവവുമെന്ന രണ്ടു പേരല്ല, ദൈവമെന്ന ഏക വ്യക്തിയാണ്.

ഇതെല്ലാം കേട്ടുകൊണ്ടിരുന്ന തിയോളജി ക്ലാസ്സുകളുടെ ഇടയിലും ഈ പ്രാർത്ഥന എത്ര പ്രാവശ്യം ചൊല്ലിയിട്ടുണ്ട്? അന്നൊന്നും ഇതിന്റെ അർത്ഥം മനസ്സിലായില്ല. ആരോടും ചോദിക്കാനും തുനിഞ്ഞില്ല. ദൈവപുത്രൻ മാത്രമെങ്കിൽ അവൻ എങ്ങനെ ക്രൂശിക്കപ്പെട്ടുവെന്ന് ആരും പറഞ്ഞു തന്നില്ല....... പഠിപ്പിച്ചവർക്കു തന്നെയും ഇതൊക്കെ മനസ്സിലായിരുന്നോ? മനസ്സിലാക്കാൻ ശ്രമിച്ചിരുന്നോ? എവിത്തിക്കൂസിന്റെ അനുയായി ആവുക. അദ്ദേഹത്തെ നിരസിച്ച സുന്നഹദോസിനെ തള്ളിപ്പറയുക. എന്നിട്ട് "ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ" എന്ന് ദൈവത്തെ വിളിക്കുക. ....... കഴിഞ്ഞ കുറേ ദശകങ്ങളായി സഭയിൽ ഉരുണ്ടുകൂടിയിരിക്കുന്ന അനൈക്യം...... അധികാരക്കസേരയ്ക്കുവേണ്ടിയുള്ള കസേരകളികൾ...... പ്രാക്റ്റിക്കലും തിയറിയും തെറ്റിപ്പോയെന്നുണ്ടോ?.......

"അനുഭവം മെത്രാച്ചനെ നേർവഴിക്ക് നടത്തും" ആരാണതു പറഞ്ഞത്? മാർ ഈവാനിയോസ്, സഭ വിട്ടു പോയ മെത്രാൻ. ഒരിക്കൽ താൻ ഒത്തിരി സ്നേഹിച്ച, ഗുരുവായി ആദരിച്ച തിരുമേനി.....

നിരണത്തു നിന്ന് കാർത്തികപ്പള്ളി, കൊല്ലം വഴി ആ കാർ സഞ്ചരിച്ചുകൊണ്ടിരുന്നു. കാറിനകത്തിരുന്ന മെത്രാനെ വഴി



വക്കിലെ ദൃശ്യങ്ങളോ ജനങ്ങളോ ആകർഷിച്ചില്ല. താൻ എഴുതിക്കൊടുക്കേണ്ട രാജിക്കത്തിലെ വാക്യങ്ങൾ തിരിച്ചും മറിച്ചും ആലോചിച്ചുകൊണ്ടിരുന്നു. എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കണം? താനും മേലധികാരികളുമായി ഒരു ഇടർച്ചയുണ്ടായിട്ടില്ലല്ലോ. എപ്പോഴും നല്ല സൗഹൃദം പുലർത്തിയിട്ടുമുണ്ട്. അവിടെ തുടങ്ങിയാലോ? ഒരു പക്ഷേ തന്റെ ആത്മാർത്ഥത വെളിപ്പെടുത്താൻ അത്തരമൊരു തുടക്കമാകും അഭികാമ്യം. രാജിക്കുള്ള കാരണം എങ്ങനെയാണ് പ്രകാശിപ്പിക്കുക. തിയറിയിൽ തുടങ്ങണമോ പ്രായോഗികമായ അനുഭവത്തിൽ തുടങ്ങണമോ? തിയറി പറഞ്ഞു ഫലിപ്പിക്കാൻ തനിക്കു സാധിക്കുമോ? അനുഭവത്തിൽ നിന്നുള്ള സാക്ഷ്യമാകുകയാണ് നല്ലത്.

...... യാക്കോബായ സഭയിലെ കുഴപ്പങ്ങൾക്കുള്ള ഏക പരിഹാര മാർഗ്ഗം പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോടു പുനരൈക്യപ്പെടുകയാണ് എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു....

നാലാഞ്ചിറ ആശ്രമത്തിന്റെ മുൻപിൽ കാർ വന്നു നിന്നു. ഒരാൾ പുറത്തിറങ്ങി വന്ന് വിവരം അന്വേഷിച്ചു. കാറിൽ നിന്നിറങ്ങിയ ഡ്രൈവർ ചോദിച്ചു.

മാർ സെവേറിയോസ് തിരുമേനിയാണ്....... മാർ ഈവാനിയോസ് തിരുമേനിയെ കാണാനാണ്......

രണ്ടു തിരുമേനിമാരും മറ്റൊരു കാറിൽ കയറി. വന്ന കാർ രാജിക്കത്തുമായി അതിവേഗം തിരികെ പോയി.....

പട്ടം അരമന ചാപ്പലിൽ ബലിപീഠത്തോടു ചേർന്ന് രണ്ടു തിരുമേനിമാർ. ചുറ്റും കുറെ വൈദികർ. തിരുമേനിമാരിലൊരാൾ വേദപുസ്തകത്തിൽ കൈവച്ചു കൊണ്ട് ഇങ്ങനെ ചൊല്ലി.

"കാതോലികവും അപ്പോസ്തലികവും ഏകവും വിശുദ്ധവുമായ തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സക

www.malankaralibrary.com

ലവും ഞാൻ ഉറപ്പായി വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നു....."

അദ്ദേഹത്തിന്റെ തലയിൽ കൈ വച്ചുകൊണ്ട് മറ്റേ തിരുമേനി പറഞ്ഞു.

"നമ്മുടെ കർത്താവേശുമിശിഹാ താങ്കളെ സകലവിധ കുറ്റങ്ങളിൽ നിന്നും വിമോചിക്കട്ടെ എനിക്കു നൽകിയിട്ടുള്ള അധികാരപ്രകാരം....."

അന്ന് പട്ടം അരമന റെക്കോർഡിൽ എഴുതി ചേർത്തു:

1937 നവംബർ 29-ാം തീയതി യാക്കോബായ സഭയിലെ മാർ സെവേറിയോസ് തിരുവനന്തപുരം പട്ടം അരമന ചാപ്പലിൽ വച്ച് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു കാത്തോലിക്കാ സഭയിൽ ചേർന്നു.



# ഒരു ദൈവവിളി

മാക്കാംകുന്ന് കിഴക്കേവീട്ടിൽ കശീശാ നാട്ടിലെ ഒരു പ്രമാണിയായിരുന്നു. മാർ ഈവാനിയോസിന്റെ ആകർഷണ വലയിൽപ്പെട്ട അദ്ദേഹം ഓർത്തഡോക്സു സഭവിട്ട് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. കശീശയുടെ പേര് പത്രോസെന്നായിരുന്നു. പത്രോസ് കശീശാ പത്രോസിന്റെ സിംഹാസനത്തോടു ഐക്യപ്പെടുന്നതിന്റെ ഔചിത്യം തിരുമേനി വ്യക്തമായി പറഞ്ഞുകൊടുത്തു. അതിൽ ന്യായമുണ്ടെന്ന് കശീശായ്ക്കും തോന്നി. അങ്ങനെയാണ് കിഴക്കേവീട്ടിൽ പത്രോസ് കശീശ പത്രോസിന്റെ സിംഹാസനമായ റോമുമായി ഐക്യപ്പെട്ടു പുതിയ സഭാപ്രസ്ഥാനത്തിന്റെ ആരംഭകനായ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ സഭശുശ്രുഷയ്ക്ക് ആരംഭം കുറിച്ചത്. ശുശ്രൂഷ നൽകാൻ വൈദികനുണ്ട്. പക്ഷേ, ശുശ്രൂഷയേല്ക്കാൻ ഭക്തജനങ്ങളില്ല, പള്ളിയില്ല, മറ്റൊന്നുമില്ല. എങ്കിലും അദ്ദേഹത്തിന്റെ പരിശ്രമഫലമായും മറ്റനേകരുടെ സഹകരണത്തോടുകുടെയും പത്തനംതിട്ടയിൽ ഒരു ഭക്തജനസമൂഹമുണ്ടായി. അതായത് ഒരു ഇടവകയുണ്ടായി, മലങ്കര കത്തോലിക്കാ സഭയുടെ ഒരിടവക. എങ്കിലും പള്ളിയില്ലയെന്നത് ഒരു കുറവായി തുടർന്നു. നന്നുവക്കാട്ടു ഒരു എൽ. പി. സ്കൂളുണ്ടായിരുന്നു, മലങ്കരകത്തോലിക്കാസഭയുടെ വകയായി. അത് രണ്ടു പ്രധാനകർമ്മങ്ങൾ നിർവ്വഹിച്ചു. സ്കൂൾ

www.malankaralibrary.com

ദിവസങ്ങളിൽ വിദ്യാലയം. ഞായറാഴ്ചകളിലും കർത്താവിന്റെ തിരുനാളുകളിലും ദേവാലയം. കൂടുതൽ ആളുകളെ കത്തോലിക്കാസഭയിലേക്ക് ആകർഷിക്കാൻ ഇവാനിയോസ് തിരുമേനിയും നാട്ടുകാരനായ പത്രോസ് കശീശായും അവിശ്രമം പരിശ്രമിച്ചുകൊണ്ടിരുന്നു. പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമായി ഒരു പുതിയ ശുശ്രൂഷ ആരംഭിച്ചു. എല്ലാ വേനലവധിക്കാലത്തും സ്കൂൾ ദേവലായ മുറ്റത്ത് പന്തൽകെട്ടി കൺവൻഷൻ നടത്തുക. പ്രധാന പ്രഭാഷകൻ തിരുമേനിതന്നെ. ചില വൈദികരും പണ്ഡിതന്മാരായ ചില അല്മായ നേതാക്കളും നിർലോഭം സഹായം നല്കികൊണ്ടിരുന്നു. പല ദിവസങ്ങൾ ദീർഘിക്കുന്ന പ്രസംഗ പരമ്പരയ്ക്കെത്തിയ തിരുമേനി എവിടെയാണ് താമസിക്കുക? പള്ളിയില്ല. പള്ളി മേടയില്ല. പത്തനംതിട്ട റ്റി. ബി. (യാത്രക്കാരുടെ ഭവനം-traveller's Bunglow) അതിനു വേണ്ടി തെരെഞ്ഞെടുത്തു.

1943 ഏപ്രിൽ മാസം റ്റി. ബി.യിൽ തിരുമേനിയുണ്ട്. വൈകുന്നേരം പ്രസംഗത്തിനുവേണ്ടി പള്ളിയിൽ എത്തും അതിനുമുൻപ് തിരുമേനിയെ കാണാൻ പലരും വന്നു പൊയ്ക്കൊണ്ടിരുന്നു. വരുന്നവരൊടെല്ലാം വാത്സല്യാതിരേക ത്തോടെ സംസാരിക്കുന്ന തിരുമേനി. സഭാകാര്യവും സമുദായക്കാര്യവുമൊക്കെ ചർച്ചാവിഷയമായി. കാണാൻ വന്നവരിൽ കത്തോലിക്കർ തങ്ങൾക്കു ലഭിച്ച വിശ്വാസത്തെപ്പറ്റി അഭിമാനത്തോടെ തിരിയെപോയി. കത്തോലിക്കരല്ലാത്തവർ കത്തോലിക്കാസഭയെപ്പറ്റി ഇതുവരെ വച്ചുപുലർത്തിയിരുന്ന തെറ്റിദ്ധാരണകൾ തിരുത്തി പുതിയ കാഴ്ചപ്പാടോടെ മടങ്ങി. വേറേചിലർ കത്തോലിക്കാസഭയെപ്പറ്റി ഇനിയും കൂടുതൽ അറിയണമെന്ന ആഗ്രഹത്തോടെ തിരിയെപോയി. മറ്റുചിലർ കത്തോലിക്കാ സഭയിൽ അംഗമാകുന്ന സുദിനം സ്വപ്നം കണ്ടുകൊണ്ട് തിരുമേനിയോടു യാത്രപറഞ്ഞു. വന്നവർ



മുതിർന്നവർ മാത്രമല്ല. മുതിർന്നവരോടൊപ്പവും അവരെ കൂടാതെയും യുവാക്കളും കൗമാരദശയിലുള്ളവരും കുട്ടികളു മൊക്കെയുണ്ടായിരുന്നു......

മൂന്നു ബാലന്മാർ റ്റി. ബി. യിലേക്ക് നടന്നടുത്തു. ഒരാളിന്റെ പേര് ശാമുവേൽ മറ്റുള്ളവർ ശാമുവേലിന്റെ സുഹൃത്തുക്കളാണ്. ശാമുവേലിനാണ് നേതൃത്വം. കഴിഞ്ഞ ദിവസം കേട്ട പ്രസംഗമാണ് പ്രസംഗകനെ നേരിട്ടുകാണാൻ, കൈമുത്താൻ, അല്പമൊന്നു സംസാരിക്കാൻ ഈ സന്ദർശകരെ പ്രേരിപ്പിച്ചത്. അവർ മുറ്റത്തെത്തി.

തിരുമേനി വരാന്തയിൽ ഒരു ചാരുകസേരയിൽ കിടക്കുകയാണ്. യുവസന്ദർശകരെ കണ്ടയുടൻ തിരുമേനി അവരെ അടുത്തേയ്ക്കു വിളിച്ചു. ആ മുഖത്തേയ്ക്ക് നോക്കാൻ യുവാക്കൾ പാടുപെടുന്നുണ്ടായിരുന്നു. അത്രയും ഗാംഭീര്യമുള്ള മുഖവും തുളച്ചു കയറുന്ന നോട്ടമുള്ള കണ്ണുകളും ഇതിനു മുമ്പെങ്ങും അവർ കണ്ടിട്ടില്ല. എങ്കിലും ധൈര്യം സംഭരിച്ച് യുവാക്കൾ അടുത്തുചെന്നു. ശാന്തമായ പ്രകൃതം. വിചാരിച്ച തുപോലെ സിംഹവും കരടിയുമൊന്നുമല്ല. അസാധാരണമായ ശാന്തതയും, തങ്ങളോടുള്ള വ്യക്തിപരമായ താത്പര്യവും നിറഞ്ഞൊഴുകുന്ന വാക്കുകൾ. യുവസന്ദർശകർ തിരുമേനിയുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞു. അവർ പഠിക്കുന്ന ക്ലാസ്സുകളും ചെയ്യുന്ന ജോലികളുമെല്ലാം തിരുമേനി വിശദമായി ചോദിച്ചറിഞ്ഞു. കുശലപ്രശ്നം തുടരുന്നതിനിടയിൽ തിരുമേനി ആ സന്ദർശക സംഘത്തിന്റെ നേതാവിന്റെ നേരേ സൂക്ഷിച്ചു നോക്കികൊണ്ടു ചോദിച്ചു.

"നീ എന്റെ കൂടെ വരുന്നോ?"

ഒട്ടും പ്രതീക്ഷിക്കാത്ത ചോദ്യം. എവിടെ വരാനാണ്? എന്തിനാണ്. യുവാവ് ചോദ്യത്തിന്റെ പൊരുൾ പരതി നിന്നു. എങ്കിലും ആ ചോദ്യത്തിന് ഒന്നേ ഉള്ളു ഉത്തരം. ഒരുത്തരമേ

www.malankaralibrary.com

ചോദ്യകർത്താവു പ്രതീക്ഷിക്കുന്നുള്ളു. ഒരുത്തരമേ പ്രസക്തമാകുന്നുള്ളു.

ഒട്ടും വൈകാതെ യുവാവു മറുപടി നല്കി. "അതേ വരാം" തിരുമേനിക്കു സന്തോഷമായി. ആ സന്തോഷം മുഖത്തു പ്രതിഫലിക്കുന്നുണ്ടായിരുന്നു. തിരുമേനി പുഞ്ചിരിയോടെ തുടർന്നു:

"തൈക്കൂട്ടത്തിൽ പൊടിക്കുഞ്ഞിന്റെ മകനല്ലേ നീ; നാം അവനെക്കണ്ടു സംസാരിക്കാം സ്കൂൾ തുറക്കുമ്പോൾ നീ പട്ടത്ത് അരമനയിൽ വന്ന് നമ്മെ കാണണം."

തിരുമേനിയുടെ കൈമുത്തി യുവാക്കൾ തിരിച്ചു നടന്നു. ഏഴാംക്ലാസ്സ് പരീക്ഷയെഴുതി അടുത്ത ഘട്ടത്തിനുവേണ്ടി കാത്തിരുന്ന സംഘത്തലവന്റെ ഓർമ്മയിൽ പണ്ടെങ്ങോ കേട്ട വേദഭാഗം ഓടിയെത്തി. യേശു ശിമയോനെയും കൂട്ടരെയും നോക്കി അരുളിച്ചെയ്തു: "എന്നെ അനുഗമിക്കുക...."

ഉടനെ വലയുപേക്ഷിച്ചു അവർ അവനെ അനുഗമിച്ചു.



# പരിഗണന

പ്രാതൽ കഴിച്ച് ഇറങ്ങിയപ്പോഴുടനേ സെമിനാരിക്കാരോടു പറഞ്ഞു: ഇന്ന് അത്താഴം കഴിഞ്ഞ് കുറേ എഴുതാൻ എന്റെ മുറിയിലേക്കു വരണമെന്ന് തൈകൂട്ടത്തിൽ ബ്രദറിനോടു പറയുക. സെമിനാരിക്കാർ ആ നിർദ്ദേശം ഒരാളിൽ നിന്ന് മറ്റൊരാളിലേക്കെന്ന വിധം എല്ലാവരിലേക്കും വ്യാപിപ്പിച്ചു. അവസാനം തൈകൂട്ടത്തിൽ ബ്രദറിന്റെ ചെവിയിലുമെത്തി. ഇന്ന് അത്താഴം കഴിഞ്ഞാലുടൻ തിരുമേനിയുടെ മുറിയിൽ എഴുതാൻ ചെല്ലണം. അത് ഒരു ബഹുമതിയാണെന്ന് ബ്രദറിനറിയാം. എല്ലാവരെയും അങ്ങനെ വിളിക്കാറില്ല. പഠിക്കാൻ സമർത്ഥരെ, നല്ല വടിവിൽ എഴുതാൻ കഴിയുന്നവരെ.... അങ്ങനെയുള്ളവരെ മാത്രമേ തിരുമേനി എഴുതാൻ വിളിക്കു. എഴുതാൻ വിളിക്കപ്പെടുന്നവരോട് ഒരു അസൂയ കലർന്ന ബഹുമാനമാണ് മറ്റ് ബ്രദേഴ്സിനുള്ളത്. തന്നെ വിളിച്ചതിലുള്ള സന്തോഷത്തോടെ, ആ സമയത്തിനുവേണ്ടി തൈകൂട്ടത്തിൽ ബ്രദർ കാത്തിരുന്നു.

അന്നത്തെ ക്ലാസുകളും മറ്റുപ്രവൃത്തികളുമെല്ലാം മുറപോലെ നടന്നു. അത്താഴത്തിനു മുമ്പ് പ്രാർത്ഥിക്കാൻ പള്ളിയിലേക്കു പോകുമ്പോൾതന്നെ ബീഡിൽ ഓടിവന്ന് രാവിലെ കിട്ടിയ നിർദ്ദേശത്തെപ്പറ്റി ഓർമ്മിപ്പിച്ചു.... അത്താഴം കഴിഞ്ഞാലുടൻ തിരുമേനിയുടെ മുറിയിൽ ചെല്ലണം.

www.malankaralibrary.com

എഴുതാൻ. താൻ ആ നിമിഷത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നെന്നും ആരും തന്നെ അക്കാര്യം ഓർമ്മിപ്പിക്കേണ്ടതില്ലെന്നും പറയണമെന്നു തോന്നി. എങ്കിലും പറഞ്ഞില്ല.

അത്താഴം കഴിഞ്ഞ് ബ്രദർ ശാമുവേൽ തെക്കൂട്ടത്തിൽ നേരേ ചെന്നത് തിരുമേനിയുടെ മുറിയിലേക്കാണ്. തിരുമേനി ചാരുകസേരയിൽ കിടന്ന് എന്തൊക്കെയോ വായിക്കുന്നു. അടുത്തുള്ള മേശപ്പുറത്തും കൈയിലും കുറേ പുസ്തകങ്ങളുണ്ട്. ചിലത് സുറിയാനിയാണ്. ബ്രദർ ആ സുറിയാനി പുസ്തകങ്ങളുടെ തലക്കെട്ട് വായിച്ചെടുക്കാൻ ശ്രമിച്ചു... പഠിച്ച സുറിയാനിയക്ഷരങ്ങൾ തന്നെയാണ് ഇവിടെ എഴുതിയിരിക്കുന്നത്..... കൂട്ടിവായിച്ചാൽ മതി... ഒരു പുസ്തകത്തിന്റെ പുറം ചട്ടയിലെ ആദ്യവാക്ക് വായിച്ചെടുത്തു..... തക്സോ.

തിരുമേനി മുഖമുയർത്തിനോക്കി പറഞ്ഞു: "ഇവിടെയിരിക്കൂ. ഞാൻ പറഞ്ഞുതരുന്നത് എഴുതണം. അക്ഷരത്തെറ്റുണ്ടാകരുത്. സ്പീഡും വേണം." ബ്രദർ ശാമുവേൽ ഒരു കസേരയിലിരുന്നു. തിരുമേനി വളരെ സ്പീഡിൽ സുറിയാനി പുസ്തകത്തിൽ നോക്കി മലയാളത്തിൽ പറഞ്ഞുകൊണ്ടിരുന്നു. ഇതെങ്ങനെ? സുറിയാനി നോക്കി മലയാളം പറയാൻ കഴിയും.... ബ്രദർ തിരുമേനിയുടെ സുറിയാനി പാണ്ഡിത്യത്തെപ്പറ്റി വിസ്മയം പൂണ്ട് വേഗം എഴുതി.

മണിക്കൂറുകൾ നീണ്ടുപോയത് ബ്രദർ അറിഞ്ഞില്ല. ഉറക്കവും വന്നില്ല. ആ ദിവ്യന്റെ മുമ്പിൽ ശാരീരിക ക്ലേശങ്ങളും ഉറക്കവുമൊക്കെ വഴിമാറുന്നതു പോലെ. തിരുമേനി പറയുന്നതെല്ലാം പറയുന്നവേഗത്തിൽതന്നെ പകർത്താനുള്ള ആവേശത്തിൽ ഉറക്കത്തിന്റെ കാര്യം മറന്നുപോയതാണോ....? എഴുത്ത് പുരോഗമിച്ചു കൊണ്ടിരുന്നു.... തിരുമേനി വേഗം പറഞ്ഞു കൊടുത്തു കൊണ്ടുമിരുന്നു.

പെട്ടെന്ന് ഒരു ശബ്ദം. "നിറുത്തൂ! മതി." ...... ഇത് എഴുതാനുള്ളതല്ല തീർച്ച. ബ്രദർ ശാമുവേൽ മുഖമുയർത്തി നോക്കി.



ആർദ്രസ്നേഹത്തോടെ തിരുമേനി പുഞ്ചിരിക്കുന്നു. ശാന്തമായി അദ്ദേഹം പറഞ്ഞു. "നീ ക്ഷീണിച്ചില്ലേ... ഉറക്കം വരുന്നില്ലേ. മതി ഇനി പോയിക്കിടന്ന് ഉറങ്ങിക്കൊള്ളൂ." അപ്പോഴാണ് ബ്രദർ സമയത്തെപ്പറ്റി ബോധവാനായത് തിരുമേനിയുടെ മുറിയിൽ തൂങ്ങുന്ന ക്ലോക്കിലേക്ക് നോട്ടം തിരിച്ചു. 12.15..... ഇത്രയും ഇരുട്ടിയോ? നേരം പോയത് അറിഞ്ഞതേയില്ല.

ബ്രദർ പതുക്കെ എഴുന്നേറ്റ് തന്റെ മുറിയിലേക്ക് പോകാൻ ഭാവിച്ചു. "നീ തനിയേ പോകുമോ? അക്ബറിനെ പേടിയില്ലേ?" തിരുമേനിയാണ് ചോദിക്കുന്നത്. അക്ബറെന്നു കേട്ടപ്പോഴേ ബ്രദർ വിറച്ചു തുടങ്ങി.... ശുനകലോകത്ത് അക്ബർ ചക്രവർത്തിയെപോലെ പ്രതാപവാനായിക്കഴിയുന്ന അരമന നായയാണ്, അക്ബർ. കണ്ടാലേ ഭയക്കും. അത് കുരയ്ക്കുന്നതുകേട്ടാൽ വിറയൽ തുടങ്ങും. അക്ബറിനെ ഭയക്കാത്തവർ ആരുമില്ല. എങ്കിലും തിരുമേനിയല്ലേ ചോദിച്ചത് എങ്ങനെ നിഷേധാത്മകമായ ഉത്തരം കൊടുക്കും? ബ്രദർ വിറച്ചുകൊണ്ടുതന്നെ മറുപടി പറഞ്ഞു. "പേടിയില്ല."

തിരുമേനിക്കു കാര്യം മനസ്സിലായി. എഴുന്നേറ്റ് ബ്രദറിന്റെ കൈയിൽ പിടിച്ച് വരാന്തയിലൂടെ, മുറ്റത്തിലൂടെ, നടത്തി മുറിയിലെത്തി കിടക്കയിൽ കിടത്തിയിട്ടു തിരിയെ പോയി.

ബ്രദറിന്റെ മനസിൽ ആ ദയാലുവിന്റെ ചിത്രം മായാതെ നിന്നു. നിദ്രവന്ന് കണ്ണുകൾ അടയ്ക്കുന്നതുവരെ തിരുമേനിയുടെ രൂപം കണ്ണുകളിൽ തെളിഞ്ഞുനിന്നു. താൻ ഉറങ്ങാൻ മറന്നപ്പോൾ തന്റെ ഉറക്കത്തെപ്പറ്റി ചിന്തയുണ്ടായിരുന്ന തിരുമേനി. ഒരു പയ്യനെ കൈയിൽ പിടിച്ച് നടത്തി കട്ടിലിൽ കിടത്തി ഉറക്കാൻ തയ്യാറാകുന്ന പിതൃഭാവമുള്ള മെത്രാനച്ചൻ... ഈ മനോഭാവത്തിന് എന്താണു പേരു പറയുക? പരിഗണന......

www.malankaralibrary.com

# ഒരു പിശാചു പിടിത്തം

ചാക്കോസാർ അറച്ചറച്ച് നടന്നു നീങ്ങി. മാർ ഈവാനിയോസ് പിതാവിന്റെ കാര്യമാണ്. അതിനാൽ അന്വേഷിക്കാതിരിക്കാൻ പറ്റുകയില്ല. പക്ഷേ തലേ ദിവസം കേട്ട സംഭവങ്ങൾ മനസ്സിൽ ഭയമുണർത്തുന്നു. നടന്നു നീങ്ങിയതോടൊപ്പം ശരവണക്കുന്നിലെ ആ മെത്രാസനമന്ദിരം ഭയത്തോടും കൗതുകത്തോടും നോക്കിക്കൊണ്ടിരുന്നു. ഈ വസ്തുവും കെട്ടിടവും വാങ്ങാൻ തിരുമേനി കാട്ടിയ ബുദ്ധിസാമർത്ഥ്യം വിസ്മയകരമാണ്. നഗരത്തിന്റെ ഹൃദയഭാഗത്തുതന്നെ, എന്നാൽ നഗരത്തിന്റെ ശബ്ദകോലാഹലങ്ങളിൽ നിന്നകന്നു നില്ക്കുന്ന, ഈ ശരവണക്കുന്ന്, അതിൽ സാമാന്യം നല്ല ഒരു കെട്ടിടം. ഇതെല്ലാം സഭയ്ക്കുവേണ്ടി നേടിയെടുക്കാൻ അദ്ദേഹം കാട്ടിയ സാമർത്ഥ്യം... എങ്കിലും ഇപ്പോൾ ഇങ്ങനെയൊക്കെ സംഭിവിച്ചല്ലോ... കങ്കാണി പറയുന്നതു ശരിയാണെങ്കിൽ ഇവിടെ ആരൊക്കെയോ ആത്മഹത്യ ചെയ്തിട്ടുണ്ട് അല്ലെങ്കിൽ ആരെയൊക്കെയോ കൊന്നിട്ടുണ്ട്. അവരുടെ ആത്മാവാണ് രാത്രികാലങ്ങളിലെ ബാധയ്ക്കു കാരണം.... പിശാചുബാധയുള്ളതുകൊണ്ടാകാം പഴയ ഉടമസ്ഥൻ ഈ സ്ഥലവും കെട്ടിടവും വില്ക്കാൻ തയ്യാറായത്..... ഇനി എന്താണു ചെയ്യുക... കുറേ നാൾ കഴിയുമ്പോഴേക്കും ബാധ മാറി പോകുമായിരിക്കും. പക്ഷേ അതുവരെയും പൂട്ടിയിടേണ്ടിവരുമല്ലോ... ആൾതാമസമില്ലാത്തിടത്താണ് പിശാചുക്കൾ കുടിപാർക്കുന്നതെന്നു കേട്ടിട്ടുണ്ട്. അങ്ങനെയെങ്കിൽ



പൂട്ടിയിട്ടിരുന്നാൽ പിശാചുബാധ വർദ്ധിക്കുകയേയുള്ളൂ.. ആ നല്ല മനുഷ്യന്, മാർ ഈവാനിയോസിന്, ഇങ്ങനെ സംഭവിച്ചല്ലോ...

ചാക്കോ സാർ കെട്ടിടത്തിന്റെ അടുത്തെത്തി. അകത്തുനിന്ന് എന്തോ ശബ്ദം കേൾക്കുന്നുണ്ടല്ലോ. ആരും താമസിക്കാത്തിടത്തുനിന്ന് എങ്ങനെ ശബ്ദം കേൾക്കാൻ. ഇന്നലെ രാവിലേതന്നെ കങ്കാണി പോയിട്ടുണ്ടാകും. പിന്നെ ആരാണകത്ത്... വാതിലും അടച്ചിരിക്കുകയാണ്.... അകത്ത് പിശാചുക്കളായിരിക്കും... വാതിലിൽ മുട്ടിവിളിക്കാൻ വേണ്ടി ഉയർത്തിയ കൈ പിൻവലിച്ചു. ദേഹം ആകെ വിറയ്ക്കുന്നതുപോലെ... ചാക്കോസാർ വേഗം തിരിഞ്ഞു നടന്നു. മൂന്നു നാലു ചുവടുവച്ചശേഷം വീണ്ടും ശ്രദ്ധിച്ചു... ഇപ്പോൾ ശബ്ദമില്ല...അകത്തു കയറാതെ ഒന്നു വിളിച്ചാലോ... ആരോ അകത്തുണ്ടെന്നുതീർച്ച. എങ്കിലും മലയാളിക്കു സ്വതസിദ്ധമായ ശൈലിയിൽ വിളിച്ചു ചോദിച്ചു:

ഇവിടെ ആരുമില്ലേ....?

അകത്തുനിന്ന് മറുപടി. "ഉണ്ടല്ലോ... ആരാണ്?" മനുഷ്യശബ്ദമാണ്.... കങ്കാണിയുടെ ശബ്ദം പോലെയുണ്ട്. പിശാചുക്കൾ മനുഷ്യശബ്ദം അനുകരിക്കുമോ? ഒരു ചുവടുകൂടി പിന്നോട്ടു വച്ചശേഷം ധൈര്യം അവലംബിച്ചു ചാക്കോസാർ കെട്ടിടത്തിലേക്ക് നോക്കി. കതകു തുറന്നു കങ്കാണി പുറത്തേയ്ക്ക് ഇറങ്ങിവരുന്നു.... കങ്കാണി പോയില്ലെന്നോ? അതോ കങ്കാണിയുടെ രൂപത്തിൽ തന്നെ ചതിക്കാൻ ... അല്ല ഇതു കങ്കാണിതന്നെയാണ്.

"ചാക്കോ സാർ എന്താണ് അപരിചിതനെപ്പോലെ മാറിനില്ക്കുന്നത്. വരണം സാർ. അകത്തിരിക്കാം...."

"അല്ല താൻ ഇന്നലെതന്നെ പോകുമെന്നല്ലേ പറഞ്ഞത് എന്നിട്ട് പോയില്ലേ..."

"ഓ.. അതോ.... അതിന്റെയൊന്നും ആവശ്യമുണ്ടായില്ല സാർ... എല്ലാം നേരെയായി...."

ചാക്കോ സാറിന് ധൈര്യമായി. ഇത് കങ്കാണിതന്നെ.

www.malankaralibrary.com

ഭയക്കാനൊന്നുമില്ല. അയാൾ ധൈര്യപൂർവ്വം കെട്ടിടത്തിനകത്തേയ്ക്ക് കയറിക്കൊണ്ടു ചോദിച്ചു.

"അപ്പോൾ ഞാൻ പറഞ്ഞതാണ് ശരി. അല്ലേ. എല്ലാം ഇങ്ങേരുടെ തോന്നൽ മാത്രമായിരുന്നു. ഇവിടെ പ്രേതവും ഭൂതവുമൊന്നുമില്ല...."

"അങ്ങനെയല്ല സാർ.... അതൊരു നീണ്ട കഥയാണ് എല്ലാം ഞാൻ പറയാം. സാർ ഇരിക്കണം. ചാക്കോ സാർ പോർട്ടിക്കോവിൽ ഇട്ടിരുന്ന മേശയ്ക്കരുകിൽ കിടന്ന ഒരു കസേരയിൽ ചെന്നിരുന്നു. അവിടെ ഭിത്തിയോടു ചേർന്നു കിടന്നിരുന്ന ഒരു ബഞ്ചിൽ കങ്കാണിയും ഇരുന്നു.

"പ്രേതത്തിന് എന്തു പറ്റിയെന്നാണ് പറഞ്ഞത്? അത് തനിയേ ഇറങ്ങിപ്പോയോ? ഒരു പക്ഷേ ഇങ്ങേരെ ഭയന്നു പ്രേതം ഇറങ്ങിപ്പോയതാകും." ചാക്കോ സാർ പരിഹാസപൂർവ്വം പുഞ്ചിരിച്ചു.

"എന്നെ ഭയന്നോ? എന്നെയല്ല.... എന്നെ ആരു ഭയക്കാൻ ... ഒരു പട്ടിപോലും എന്നെ ഭയക്കില്ല. പക്ഷേ പ്രേതവും ഭയക്കുന്ന ആളുകളുണ്ടെന്ന് ഇപ്പോൾ മനസ്സിലായി."

"ആരാണ് പ്രേതത്തെ ഭയപ്പെടുത്തി വിട്ടത്?"

"തിരുമനസ്സുകൊണ്ട്."

"ഈവാനിയോസ് തിരുമേനിയോ?"

"അതേ തിരുമനസ്സുകൊണ്ടുതന്നെ."

ഇങ്ങനെയാണ് സംഭവം. നമ്മൾ തമ്മിൽ കണ്ടപ്പോൾ ഇവിടുത്തെ പ്രശ്നത്തെപ്പറ്റി ഞാൻ സംസാരിച്ചല്ലോ. അപ്പോൾ സാർ എന്നെ കളിയാക്കിയത് ഓർക്കുന്നോ? സാർ പറഞ്ഞില്ലേ എല്ലാം എന്റെ തോന്നലാണെന്ന്. അതുപോലെ പ്രാർത്ഥിച്ചിട്ട് കിടന്ന് ഉറങ്ങാൻ പറഞ്ഞില്ലേ. അന്ന് ഞാൻ അതെല്ലാം പരീക്ഷിച്ചു നോക്കി. സന്ധ്യയായപ്പോഴേ പ്രാർത്ഥിക്കാൻ കയറി. എന്റെ



കൈയിൽ പ്രൊക്കുറേറ്ററച്ചൻ ആശീർവ്വദിച്ചുതന്ന കൊന്തയുമുണ്ടായിരുന്നു. പക്ഷേ അധികനേരം പ്രാർത്ഥിച്ചില്ല. അവിടെയും ഇവിടെയുമൊക്കെ ശബ്ദം കേട്ടുതുടങ്ങി. എന്റെ കൈയിൽ ടോർച്ചുണ്ടായിരുന്നതുകൊണ്ട് ശബ്ദം കേട്ട സ്ഥലങ്ങളിലേക്ക് ടോർച്ചടിച്ചു നോക്കി. ഒന്നും കാണാനില്ല. അപ്പോൾ മറ്റൊരു വശത്തുനിന്നാണ് ശബ്ദം. അവിടെ ടോർച്ചടിക്കുമ്പോൾ അല്പം ദൂരെ കേൾക്കാം ശബ്ദം. അങ്ങനെ കുറേനേരം കഴിഞ്ഞു. ഞാൻ വല്ലാതെ ഭയന്നു നിലവിളിച്ചു. ഈ കുന്നിൽ ആരു കേൾക്കാൻ. ടോർച്ചുമെടുത്തുകൊണ്ട് ഞാൻ അതിവേഗം മുറ്റത്തിറങ്ങി. എന്റെ കൈയിൽ കൊന്തയുമുണ്ടായിരുന്നു. മുറ്റത്തിറങ്ങിയപ്പോൾ ശബ്ദവും പുറത്തിറങ്ങി. വിചിത്രമായ ശബ്ദം. പൂച്ച കരയുന്നതുപോലെയും കുറുക്കൻ കൂകുന്നതുപോലെയുമൊക്കെ പലതരത്തിലുള്ള ശബ്ദം. അത് തുടർന്നുകൊണ്ടേയിരുന്നു. എന്തുചെയ്യണമെന്നറിയാതെ ഞാൻ വിഷമിച്ചു. രാത്രിയാണ്. കെട്ടിടം പൂട്ടാതെ ഇറങ്ങി പോകുന്നതു ശരിയല്ല. പൂട്ടാൻ അകത്തേയ്ക്ക് കടക്കാൻ എനിക്കു ധൈര്യവുമില്ലായിരുന്നു. അതാ...... മുറ്റത്തു കിടക്കുന്ന ആ കല്ലുകണ്ടില്ലേ അതിന്റെ പുറത്തുകയറിയിരുന്നു. കുറേ ഏറെ നേരം കഴിഞ്ഞപ്പോൾ നിലാവുദിച്ചു. ഏതാണ്ട് നല്ല പ്രകാശമായി. അപ്പോഴേയ്ക്കും ശബ്ദവും നിലച്ചു. എങ്കിലും അകത്തു കയറാൻ എനിക്കു ധൈര്യമില്ലായിരുന്നു. ഞാൻ ആ കല്ലിൻപുറത്തുതന്നെയിരുന്നു. കുറേ ഏറെ നേരം കഴിഞ്ഞപ്പോൾ പതുക്കെ ധൈര്യം പ്രാപിച്ച് ഞാൻ അകത്തുവന്ന് കട്ടിലിൽ കയറികിടന്നു. എപ്പോഴാണ് ഉറങ്ങിയതെന്ന് അറിഞ്ഞുകൂടാ. ഉറക്കത്തിൽ എപ്പോഴോ ഞാൻ ഞെട്ടിയുണർന്നു. ഞാൻ കണ്ടതെന്താണെന്നോ? ഞാൻ കട്ടിലിൽനിന്ന് ഉയർന്നു പൊങ്ങി താഴെവീഴുന്നു. വീണ്ടും ഉയർന്നു പൊങ്ങുന്നു. വീണ്ടും താഴെ വീഴുന്നു. കട്ടിലിന്റെ ചുറ്റും വലിയ പല്ലുകളുള്ള കുറേ ആളുകൾ നില്ക്കുന്നു. അവർ കട്ടിൽ എടുത്ത് ഉയർത്തുകയും താഴ്ത്തുകയുമാണ്. എനിക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. നിലവിളിക്കാൻ പോലും എനിക്കു കഴിയുമായിരുന്നില്ല. ആ അവസ്ഥയിൽ ഉയരുകയും താഴുകയും ചെയ്തുകൊണ്ട്

www.malankaralibrary.com

രാത്രിമുഴുവൻ ചെലവഴിച്ചു. പിന്നീട് ഞാൻ ഓർക്കുന്നത് സൂര്യൻ ഉദിച്ച ശേഷമുള്ള സമയമാണ്. അപ്പോഴേയ്ക്കും ആ വിരൂപ രൂപങ്ങൾ പോയി മറഞ്ഞിരുന്നു. എന്റെ കട്ടിലും സ്വസ്ഥമായി കിടക്കുകയായിരുന്നു. ഞാൻ പെട്ടെന്ന് എഴുന്നേറ്റ് നേരേ അരമനയിലേക്ക് ഓടി. പ്രൊക്കുറേറ്ററച്ചന്റെ അടുക്കൽ ചെന്നു പറഞ്ഞു ഇനി എനിക്കിവിടെ കഴിയാൻ പറ്റില്ലെന്ന്. അന്ന് വൈകുന്നതിന് മുമ്പ് എന്നെ ഇവിടെനിന്ന് മാററികൊള്ളാമെന്ന് അദ്ദേഹം സമ്മതിച്ചു. ഞാൻ തിരിയെ വന്ന് എന്റെ തുണിയും മറ്റുസാധനങ്ങളുമൊക്കെ എടുത്ത് കെട്ടി പ്രൊക്കുറേറ്ററെ നോക്കി യിരുന്നു. അന്ന് ഞാൻ ഭക്ഷണമൊന്നുമുണ്ടാക്കിയില്ല. ഒന്നും ചെയ്യാനോ എന്തെങ്കിലും കഴിക്കാനോ എനിക്ക് ആഗ്രഹമില്ലായിരുന്നു. സാധിക്കുകയുമില്ലായിരുന്നു. അത്രയ്ക്കും ഞാൻ ഭയന്നു അവശനായിരുന്നു.

ഞാൻ പ്രൊക്കുറേറ്ററച്ചനെ കാത്തിരിക്കുമ്പോൾ ഏതാണ്ട് പത്തു മണിയോടെ തിരുമേനിയും ഒരു ശെമ്മാശനും കൂടെ ഇവിടെ വന്നു. ഞാൻ തിരുമേനിയുടെ അടുത്തേയ്ക്ക് ഇറങ്ങിചെന്നു. തിരുമേനി ചോദിച്ചു:

"എടോ തനിക്കെന്തു പറ്റി? താൻ ഇവിടെ നിന്നു പോകുകയാണോ? നമ്മെ വിട്ടു പോകാനാണോ പ്ലാൻ...." ഞാൻ എല്ലാം വിശദീകരിച്ചു. കഴിഞ്ഞ പലദിവസങ്ങളായി നടന്നുകൊണ്ടിരുന്ന കാര്യങ്ങളും കഴിഞ്ഞ രാത്രിയിലെ അനുഭവവും ഞാൻ വിശദീകരിച്ചു. എനിക്കു പോകാൻ ഇഷ്ടമുള്ളതുകൊണ്ടല്ല ജീവനിൽ ഭയമുള്ളതുകൊണ്ടാണ് പോകുന്നത്. തിരുമേനി ദയവായി പോകാൻ അനുവദിക്കണമെന്നെല്ലാം ഞാൻ പറഞ്ഞു. പെട്ടെന്ന് തിരുമനസ്സുകൊണ്ട് ഘനഗംഭീരമായി കല്പിച്ചു. "പെട്ടെന്ന് ധുപക്കുറ്റിയും കുന്തിരിക്കവും കൊണ്ടുവാ."

ഞാൻ ഓടി അകത്തുചെന്ന് തീകൂട്ടി കുറേ ചിരട്ട കത്തിച്ചു കരിയുണ്ടാക്കി. അപ്പോഴേയ്ക്കും ശെമ്മാശൻ ഓടിച്ചെന്ന് ധൂപക്കുറ്റിയും കുന്തിരിക്കവും കൊണ്ടുവന്നു. ഞാനും ശെമ്മാശനും



കൂടി ധൂപക്കുറ്റിയിൽ കനൽ നിറച്ചു തിരുമേനിയുടെ അടുക്കലേക്ക് ഓടി. ആ സമയമെല്ലാം തിരുമേനി നിന്ന അതേ സ്ഥലത്തു നില്ക്കുകയായിരുന്നു. എന്നാൽ കെട്ടിടത്തിനുള്ളിലേക്കും പറമ്പിന്റെ ചുറ്റും കൂടക്കൂടെ നോക്കുന്നുണ്ടായിരുന്നു. ധൂപക്കുറ്റിയും കുന്തിരിക്കവും കൊണ്ടുചെന്നപ്പോൾ തിരുമേനി പ്രാർത്ഥനയാരംഭിച്ചു..... "നിന്നാൾ സുതുതിയോട്...." എന്ന പാട്ടൊക്കെ പാടി. പിന്നീട് തിരുമേനിതന്നെ കെട്ടിടത്തിനുള്ളിൽ ധൂപക്കുറ്റിയുമായി വന്ന് കെട്ടിടം മുഴുവൻ ധൂപിക്കുകയും അവിടെയും ഇവിടെയുമൊക്കെ കുരിശു വരയ്ക്കുകയും ചെയ്തു. പിന്നീട് കെട്ടിടത്തിൽ നിന്നിറങ്ങി പറമ്പിന്റെ ചുറ്റുംനടന്ന് ധൂപം വീശി. പറമ്പിന്റെ ഓരോ കോണിലും കുരിശു വരയ്ക്കുകയും ചെയ്തു. ഈ സമയമെല്ലാം ഞാനും ശെമ്മാശനും തിരുമേനിയോടൊപ്പം നടക്കുന്നുണ്ടായിരുന്നു. ധൂപം വീശിയ ശേഷം തിരുമേനി ആദ്യം വന്നുനിന്ന സ്ഥലത്തെത്തി പ്രാർത്ഥന അവസാനിപ്പിച്ചു. പിന്നീട് എന്നെ നോക്കി ഉറക്കെ പറഞ്ഞു.

"എടോ ഇനി ഈ കെട്ടിടത്തിലെന്നല്ല ഈ പറമ്പിൽപോലും ഒരു പിശാചിന്റെയും ഉപദ്രവമുണ്ടാകുകയില്ല."

എന്റെ സാറേ... ഹോ എന്തൊരു വാക്കാണത്? ഇതുവരെയും ഒരു ബാധയുമുണ്ടായിട്ടില്ല. ഹോ ഇപ്പോൾ എനിക്ക് എത്രസുഖമായിട്ട് ഉറങ്ങാൻ കഴിയുന്നെന്നോ! ഹോ തിരുമേനി ഒരത്ഭുതമാണ്. സാറു പറഞ്ഞതുപോലെ പിശാചുക്കളെല്ലാം തിരുമേനിയെ ഭയന്ന് ഓടി ഒളിച്ചിട്ടുണ്ടാകും.... എന്തായാലും ഒന്നു സത്യമാണ്. ഇതുവരെയും എനിക്ക് തിരുമേനിമാരുടെ ശക്തിയിൽ അത്രവിശ്വാസമൊന്നുമില്ലായിരുന്നു. എന്നാൽ ഇപ്പോൾ പൂർണ്ണ വിശ്വാസമായി. മറ്റാരുടെയും കാര്യം എനിക്കറിഞ്ഞുകൂടാ. എന്നാൽ ഈവാനിയോസ് തിരുമേനിയെ പിശാചിനും ഭയമാണ്.

www.malankaralibrary.com

# ചാക്കോച്ചേട്ടനും സെമിനാരിക്കാരും

മാർ ഈവാനിയോസ് തിരുമേനിയുടെ സുറിയാനി ക്ലാസ്സുണ്ടായിരിക്കുമെന്ന് സെമിനാരിക്കാർക്ക് അറിയിപ്പുകിട്ടി. തിരുമേനിയുടെ മുറിയിൽത്തന്നെയാണ് ക്ലാസ്സ്. അവിടെ എങ്ങനെയാണ് ക്ലാസ്സിനുവേണ്ടി ഇരിക്കേണ്ടതെന്ന് സെമിനരിക്കാർക്കറിയാം. ഇതുപോലെ നേരത്തേയും പല ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്, തിരുമേനിയുടെ മുറിയിൽത്തന്നെ പുസ്തകങ്ങളും നോട്ടുബുക്കുകളുമായി സെമിനാരിക്കാർ തിരുമേനിയുടെ മുറിയിലെത്തി.... തിരുമേനി ഇനിയും അകത്തു വന്നിട്ടില്ല. മുറിയിൽ കടന്ന വിദ്യാർത്ഥികൾ പതിവുപോലെ തറയിൽ ഇരുപ്പുറപ്പിച്ചു. മുൻപിലിട്ടിരിക്കുന്ന ചാരുകസേരയിലിരുന്നുകൊണ്ടാണ് തിരുമേനി പഠിപ്പിക്കുക... എത്ര മണിക്കൂർ എന്ന് കൃത്യമായൊന്നും പറയാനാവില്ല. പഴയ ഗുരുകുല വിദ്യാഭ്യാസ രീതിയുടെ ചില അംശങ്ങൾ തിരുമേനിയുടെ അധ്യാപനരീതിയിൽ തുടർന്നിരുന്നു. പ്രധാനമായും ഗുരുപാദത്തിലിരുന്നു വിദ്യാർത്ഥികൾ പഠിക്കണമെന്ന പാരമ്പര്യം. കൃത്യം സമയമോ മറ്റു വ്യവസ്ഥകളോ പരിഗണിക്കാതെ പഠനത്തിൽ മാത്രം ഊന്നൽ കൊടുക്കുന്ന രീതി. മാർ ഈവാനിയോസിന്റെ ക്ലാസ്സുകൾ ചിലപ്പോൾ മണിക്കൂറുകൾ ദീർഘിക്കാറുണ്ട്. പിതാവും വിദ്യാർത്ഥികളും ക്ഷീണിക്കുന്നതാണ്



ക്ലാസ്സ് അവസാനിപ്പിക്കാനുള്ള അടയാളം. ദീർഘനേരം തറയിലിരുന്നു പഠിക്കുക. അത്രസുഖകരമല്ലെന്ന് അനുഭവം സെമിനരിക്കാരെ പഠിപ്പിച്ചിരുന്നു.

അന്ന് അവർ ആ മുറിയിൽ ഒരു വ്യത്യാസം കണ്ടു. മുറിയുടെ അരികുചേർത്ത് ഇട്ടിരുന്ന സെറ്റികളിൽ കുറേ കുഷൻ ഇട്ടിരിക്കുന്നു. കുഷൻ തറയിലിട്ട് അതിന്റെ മേൽ ഇരുന്നാൽ പെട്ടെന്ന് ക്ഷീണിക്കുകയില്ല. സെമിനരി വിദ്യാർത്ഥികൾ തറയിൽ നിന്ന് എഴുന്നേറ്റു സെറ്റിയിലിട്ടിരുന്ന കുഷൻ എടുത്ത് തറയിൽ നിരത്താൻ തുടങ്ങി... അപ്പോഴാണ് ചാക്കോച്ചേട്ടൻ ആ വഴി കടന്നു പോയത്...

ബഹുമാന്യരായ അതിഥികൾക്കു വേണ്ടി തയ്യാറാക്കി വച്ചിരിക്കുന്ന കുഷൻ സെമിനാരിക്കാർ തറയിലിട്ട് അതിന്മേൽ ഇരിക്കാൻ ശ്രമിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ താത്പര്യങ്ങളും ഇഷ്ടങ്ങളും അറിയാവുന്നവനാണ് താനെന്ന ബോധ്യമായിരിന്നു ചാക്കോ ചേട്ടന്റേത്. അല്ലെങ്കിൽ ഭക്ഷണത്തിന്റെ മുഴുവൻ ചുമതല തന്നെ ഏല്പിക്കുകയില്ലല്ലോ.... മാത്രമല്ല, അരമനയിലെ കാര്യസ്ഥനു തുല്യമാണ് താൻ. തിരുമേനിയുടെ സാമ്പത്തിക സ്ഥിതി നന്നായറിയുന്നവൻ.... അതറിഞ്ഞു ചെലവുകൾ ക്രമപ്പെടുത്തുന്നവൻ...... സെമിനാരിക്കാരുടെ ഈ പ്രവൃത്തി ചാക്കോച്ചേട്ടന് ഒട്ടും പിടിച്ചില്ല. അയാൾ അകത്തു കടന്ന് കുഷൻ തിരിച്ചെടുക്കാൻ ശ്രമിച്ചു. സെമിനാരിക്കാരും വിട്ടുകൊടുക്കാൻ തയ്യാറല്ല. ഇയ്യാളാരാണ് തങ്ങളെ പഠപ്പിക്കാൻ? തിരുമേനിയുടെ വകയ്ക്ക് തങ്ങളല്ലേ അർഹർ. അരമനയിലെ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ജോലിചെയ്താൽ പോരെ.... സെമിനാരിക്കാരെ പഠിപ്പിക്കാൻ അവർക്കെന്തധികാരം..... തങ്ങൾ എടുത്ത കുഷൻ വിട്ടുകൊടുക്കാൻ അവർ തയ്യാറായില്ല... ബലം പ്രയോഗിച്ച് അവ എടുക്കാൻ തന്നെയാണ് ചാക്കോച്ചേട്ടന്റെ ഭാവം.. അത് അവസാനം മൽപ്പിടിത്തമായി മാറി...അപ്പോഴുണ്ട് തിരുമേനി മുറിയിലേക്കു കടന്നുവരുന്നു. അവിടെ നടന്നു കൊണ്ടിരുന്ന രംഗം പെട്ടെന്ന്

www.malankaralibrary.com

തിരുമേനിക്കു മനസിലായി. കുട്ടികൾ കുഷനുവേണ്ടി പിടിവലി കൂട്ടുകയാണ്. തിരുമേനിയെ സഹായിക്കുക ജീവിത വ്രതമാക്കിയ ചാക്കോ ചേട്ടൻ തിരുമേനിക്കു നഷ്ടമുണ്ടാകാതിരിക്കാൻ കുഷനുകൾ കേടുകൂടാതെ സംരക്ഷിക്കാൻ, ശ്രമിക്കുകയാണ്... ആരുടെ പക്ഷത്താണ് കൂടേണ്ടത്?..... തിരുമേനി ചാക്കോച്ചേട്ടനെ നോക്കി പറഞ്ഞു:

"എടോ, അവർ നമ്മുടെ പിൻഗാമികളല്ലേ? താൻ പൊയ്ക്കൊള്ളൂ... ഞാൻ കൈകാര്യം ചെയ്തുകൊള്ളാം". ചാക്കോച്ചേട്ടൻ പോയി.....സെമിനാരിക്കാർക്ക് സന്തോഷമായി.. തിരുമേനി തങ്ങളെ താങ്ങി സംസാരിച്ചു. മാത്രമല്ല അദ്ദേഹത്തിന്റെ പിൻഗാമികളാണെന്നും സമ്മതിച്ചു. ഇതിലധികം അംഗീകാരമെന്താണു വേണ്ടത്?. അവർ സന്തോഷത്തോടെ കുഷൻ തറയിലിട്ട് ഇരിക്കാൻ തുടങ്ങി. തിരുമേനി വീണ്ടും സംസാരിച്ചു.

"അവന്റെ മുമ്പിൽ വച്ച് നിങ്ങളെ കൊച്ചാക്കേണ്ടാ എന്നു വിചാരിച്ചാണ് ഞാൻ അങ്ങനെ പറഞ്ഞത്. വേഗം കുഷനുകൾ യഥാസ്ഥാനത്തു വയ്ക്കൂ, വേഗമാകട്ടെ....."

സെമിനാരിവിദ്യാർത്ഥികൾ ഉടൻ അനുസരിച്ചു. കുഷനുകൾ സെറ്റികളിൽ തന്നെ ഭദ്രമായി നിക്ഷേപിച്ചു.... പക്ഷേ തിരുമേനിയോടുള്ള മതിപ്പ് പതിന്മടങ്ങു വർദ്ധിച്ചു, തങ്ങളെ, പിൻതാങ്ങുന്ന, തങ്ങളുടെ അഭിമാനത്തിന് ഒരു പോറലും ഏല്പിക്കാത്ത തിരുമേനി.....



# പൊന്തിഫിക്കൽ കുർബാന

**അ**തൊരു ഞായറാഴ്ചയായിരുന്നു. തന്റെ പള്ളിയിൽ എത്തി കുർബാനായർപ്പിക്കുന്നതിന് മുൻപ് തിരുമേനിയെകണ്ട് വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിൽ അനുവാദം വാങ്ങാനാണ് ആ വൈദികൻ അരമനയിലെത്തിയത്. തിരുമേനി ചാപ്പലിൽ ചെന്നു കഴിഞ്ഞെന്നറിഞ്ഞ് അദ്ദേഹം അങ്ങോട്ടു തിരിച്ചു.... മറുവഹാസയുടെയും മണിയുടെയും അകമ്പടിയോടെ സ്വീകരണഗാനത്തിന്റെ ഈരടികൾ മുഴങ്ങിക്കേൾക്കുന്നു. എന്താണിത്? ഇന്നെന്താണ് വിശേഷം?

അദ്ദേഹം ചാപ്പലിലേക്കു നടന്നു. അംശവസ്ത്രങ്ങൾ ധരിച്ച തിരുമേനിയെ ദൈവാലയത്തിലേക്ക് ആഘോഷപൂർവ്വം എഴുന്നള്ളിക്കുകയാണ്. ധൂപകലശവും, മണിയും മറുവഹാസയുമൊക്കെയുണ്ട്....

വൈദികൻ എല്ലാം കണ്ടുകൊണ്ട് അല്പസമയം അവിടെ നിന്നു ഇത്ര ആഘോഷപൂർവ്വമായ ആരാധന നടത്താൻ ഇന്നെന്താണ് വിശേഷം? ഇന്ന് ഏതെങ്കിലും തിരുനാളാണോ? തനിക്കു തീയതി തെറ്റിപ്പോയെന്നു വരുമോ? എങ്കിൽ കഷ്ടമാണ്. കഴിഞ്ഞ ആഴ്ച അത് ദേവാലയത്തിൽ വിളിച്ചു പറഞ്ഞില്ല. എന്താണിന്നത്തെ വിശേഷം? അദ്ദേഹം തന്റെ പോക്കറ്റിൽ നിന്ന് ഡയറി എടുത്തു നോക്കി. ഇല്ല ഇന്നു വിശേഷമൊന്നുമില്ല. ഒരു

www.malankaralibrary.com

സാധാരണ ഞായറാഴ്ച. ആ സ്ഥിതിക്ക് തിരുമേനി ഇത്രയേറെ ആഘോഷത്തോടെ ബലിയർപ്പിക്കുന്നതെന്താണ്?

തിരുമേനി വിശുദ്ധ കുർബാന ആരംഭിച്ചു കഴിഞ്ഞു. എല്ലാം വളരെ ആഘോഷപൂർവ്വമാണ് ഇനിയും രണ്ടര-മൂന്നു മണിക്കൂറെങ്കിലും എടുക്കും ആരാധന അവസാനിക്കാൻ. തനിക്കു കാത്തു നില്ക്കാൻ സമയമില്ല. പള്ളിയിലേക്ക് പോകുകയാണ്... വൈകുന്നേരം തിരിയെ വന്നു തിരുമേനിയെ കാണാം.

അദ്ദേഹം തന്റെ ഇടവകദേവാലയത്തിലേക്ക് അതിവേഗം നടന്നു.

മൂന്നു പള്ളികളിലെ വിശുദ്ധ കുർബാനയും പ്രസംഗവും രോഗീ സന്ദർശനവും കഴിഞ്ഞ് വൈകുന്നേരമായപ്പോൾ ക്ഷീണിച്ച് അവശനായി അദ്ദേഹം വീണ്ടും അരമനയിലെത്തി... തിരുമേനി മുറിയിലുണ്ട്. ഇതാണ് കണ്ട് കാര്യം സംസാരിക്കാൻ ഏറ്റം ഉചിതമായ സമയം. ആ വൈദികൻ കതകിൽ കൊട്ടി അകത്തുചെല്ലാൻ അനുവാദം ചോദിച്ചു... അനുവാദത്തോടെ അകത്തുചെന്ന് ആവശ്യം അറിയിച്ചു. അതോടൊപ്പം അദ്ദേഹം ഇത്രയും കൂടെ കൂട്ടിച്ചേർത്തു. "ഞാൻ ഇന്നുരാവിലെ ഇവിടെ വന്നിരുന്നു. പിതാവിനെക്കണ്ട് അനുവാദം വാങ്ങിയിട്ടു പള്ളിയിലേക്കു പോകാമെന്നു വിചാരിച്ചു... പക്ഷേ എത്തിയപ്പോഴേക്കും പിതാവ് വിശുദ്ധ കുർബാന തുടങ്ങി കഴിഞ്ഞിരുന്നു....

ഇന്നെന്താണ് വിശേഷം? വളരെ ആഘോഷപൂർവ്വമായ കുർബാനയായിരുന്നല്ലോ."

"ഇന്നത്തെ വിശേഷം അറിഞ്ഞുകൂടേ.. ഞായറാഴ്ച..."

"അതറിയാം.. പക്ഷേ സാധാരണ ഞായറാഴ്ചയല്ലേ.. ഇത്രയും വലിയ ആഘോഷം വേണമോ?"

സന്ദർശകനായ വൈദികനെ മുഖമുയർത്തിനോക്കികൊണ്ട് തിരുമേനി മറുപടി പറഞ്ഞു.



"സാധാരണ ഞായറാഴ്ച.... അങ്ങനെയൊന്നില്ല. എല്ലാ ഞായറാഴ്ചയും അതിവിശിഷ്ടദിനങ്ങളാണ്. എല്ലാ ഞായറാഴ്ചയും ഉയിർപ്പുതിരുനാളാണ്. അസാധാരണമെങ്കിൽ ആരാധനയും അസാധാരണമാകണം. ഇതു ഒരു കാര്യം. വേറൊന്നുകൂടെ ചിന്തിക്കണം. സെമിനാരിക്കാർക്കു വേണ്ടിയാണ് ഞാൻ വിശുദ്ധ കുർബാനയർപ്പിച്ചത്. നമ്മുടെ ആരാധനയുടെ മഹത്വവും ശ്രേഷ്ഠതയും അവരെ പഠിപ്പിക്കാൻ ഇതല്ലാതെ മാർഗ്ഗമില്ല. ആരാധനയുടെ മഹത്വമെന്തെന്ന് കുറേ ക്ലാസ്സുകൾ കേട്ടാൽ മനസ്സിലാകുകയില്ല. കണ്ടു അനുഭവിച്ച് അറിയണം. അറിഞ്ഞതുപോലെ അവർ പിന്നീട് വൈദികരാകുമ്പോൾ പ്രവർത്തിക്കണം. അനുഭവജ്ഞാനമാണല്ലോ യഥാർത്ഥജ്ഞാനം. ആ ജ്ഞാനമാണ് പ്രവൃത്തിയിൽ പ്രതിഫലിക്കുന്നത്.

ആ വൈദികൻ ചിന്തിച്ചു: "ഇതിന് എന്താണു മറുപടി പറയുക? ഉചിതമായല്ലേ തിരുമേനി പ്രവർത്തിക്കുന്നത്? കരുതലുള്ള തിരുമേനി.. ജീവിതം കൊണ്ട് പഠിപ്പിക്കുന്ന തിരുമേനി."

www.malankaralibrary.com

# ഒരു സുറിയാനിക്ലാസ്സും ശിക്ഷയും

സെമിനാരി വിദ്യാർത്ഥികൾ തറയിൽ അർദ്ധവൃത്താകൃതിയിൽ ഇരുന്നു. തിരുമേനി ചാരുകസേരയിൽ ചാരിക്കിടന്നുകൊണ്ടാണ് ക്ലാസെടുക്കുന്നത്. കൈയിൽ ഒരു ചൂരൽ വടിയുണ്ട്. മേശപ്പുറത്ത് താൻ തന്നെ എഴുതി പ്രസിദ്ധപ്പെടുത്തിയ സുറിയാനി വ്യാകരണ ഗ്രന്ഥവുമുണ്ട്. ഈ പുസ്തകമാണ് സെമിനാരിക്കാരുടെ ടെക്സ്റ്റ് ബുക്ക്. പുതിയ പദങ്ങളും അവയുടെ അർത്ഥവും പ്രയോഗ രീതിയും മറ്റു വ്യാകരണ നിയമങ്ങളും. വ്യാകരണനിയമം പാലിക്കുന്നതിനാവശ്യമായ ഉദാഹരണങ്ങളുമായി ക്ലാസ്സു മുന്നോട്ടു നീങ്ങിയിരുന്നു. ടൈംടേബിളും സമയക്രമവുമൊന്നും സുറിയാനി ക്ലാസിനു ബാധകമല്ല. അധ്യാപകനായ തിരുമേനിയുടെയും വിദ്യാർത്ഥികളായ സെമിനാരിക്കാരുടെയും സൗകര്യമനുസരിച്ച് ഏതു സമയവും സുറിയാനി പഠനത്തിനുവേണ്ടി തെരഞ്ഞെടുത്തിരുന്നു. രാത്രിയും പകലും, പ്രഭാതവും പ്രദോഷവും. കഴിഞ്ഞ ക്ലാസ്സുകളിലെ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ ചോദിക്കുക ക്ലാസിലെ ഒഴിച്ചുകൂടാത്ത അംശമാണ്. ശരിയുത്തരം കൊടുക്കാത്തവരുടെ പുറത്ത് ചൂരൽ പതിയുമെന്നതും തീർച്ച.



അന്ന് അപ്രതീക്ഷിതമായിട്ടാണ് തിരുമേനി സെമിനാരിക്കാരെ സുറിയാനി പഠിപ്പിക്കാൻ വിളിച്ചത്. പ്രതീക്ഷയില്ലാതിരുന്നതിനാൽ കഴിഞ്ഞ ക്ലാസുകളിലെ പാഠം പലരും വേണ്ടവണ്ണം പഠിച്ചിരുന്നില്ല. മാത്രമല്ല തലേ ദിവസം ചില ജോലികൾ ചെയ്തു തീർക്കേണ്ടിയിരുന്നതിനാൽ സമയവും ലഭിച്ചിരുന്നില്ല. എങ്കിലും ചില സമർത്ഥന്മാർ എല്ലാം പഠിച്ച് തയ്യാറോടെയാണ് ക്ലാസ്സിൽ പോയത്. പോകും വഴി അവർ തർക്കിച്ചുകൊണ്ട് പോയി. പിതാവ് ചോദിക്കാൻ സാധ്യതയുള്ള ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരവും അവർ മുൻകൂട്ടി ആലോചിച്ച് പറഞ്ഞുകൊണ്ടിരുന്നു. എങ്കിലും ചിലർക്ക് ഇതൊന്നും മനസ്സിലായില്ല. അവർ ആകെ ആശങ്കയിലായിരുന്നു. പഠിച്ചവർ പഠിക്കാത്തവരെ പരിഹസിച്ചുകൊണ്ടാണ് ക്ലാസിലേക്ക് കയറിയത്. പഠിച്ചവർ ഏതു ചോദ്യത്തിനും ഉത്തരം പറയാമെന്ന ആത്മധൈര്യത്തിൽ മുൻനിരയിൽ സ്ഥാനം പിടിച്ചു. മറ്റുള്ളവർ ഭയന്ന് പിൻനിരയിൽ പോയി ഇരുന്നു.

തിരുമേനി ചോദ്യങ്ങൾ ആരംഭിച്ചത് മുൻനിരയിൽ നിന്നാണ്. അവർ ഉത്സാഹത്തോടെ ഉത്തരം പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ പിൻനിരയിലിരിക്കുന്നവരെ പരിഹാസപൂർവ്വം നോക്കുന്നതും തിരുമേനിയുടെ കണ്ണിൽപ്പെട്ടു.....

പിന്നീട് ചോദ്യം പിൻനിരയിലേക്കു തിരിഞ്ഞു. കിട്ടിയ ഉത്തരം തെറ്റ്. തിരുമേനിയുടെ കൈയിലിരുന്ന ചൂരൽ ഉയർന്നു താണു. അത് പതിച്ചത് തെറ്റുത്തരം കൊടുത്തയാളിന്റെ പുറത്തല്ല. ശരിയുത്തരം നല്കിയിട്ടു കൂട്ടുകാരെ പരിഹാസപൂർവ്വം നോക്കിയ അഹങ്കാരിയായ മിടുക്കന്റെ പുറത്ത്.

www.malankaralibrary.com

# അതും ഈ സിംഹാസദൃശനിൽ...?

**അ**തു ഒരു വ്യാഴാഴ്ചയായിരുന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയാണ് സെമിനാരിചാപ്പലിൽ സെമിനാരിക്കാർക്കുവേണ്ടി വിശുദ്ധ കുർബാന ചൊല്ലുന്നത്. അഭിവന്ദ്യ പിതാവും ശുശ്രൂഷകരായ സെമിനാരിക്കാരും കുർബാനയ്ക്ക് ആവശ്യമായ അംശവസ്ത്രങ്ങൾ അണിഞ്ഞ് ബലിപീഠത്തിന്റെ മുൻപിലെത്തി വണങ്ങി. കാർമികൻ ജനങ്ങളുടെ മുൻപിലേക്ക് തിരിഞ്ഞു. പ്രാർത്ഥനാഭ്യർത്ഥനചെയ്തു. വീണ്ടും തിരിഞ്ഞ് കാസയും പിലാസയും തുടച്ച് വൃത്തിയാക്കി. ഓസ്തിക്കുവേണ്ടി പിറകോട്ടു തിരിഞ്ഞു. ശുശ്രൂഷക്കാരനായ ബ്രദർ ഓസ്തിപാത്രം കൊണ്ടുവന്ന് തുറന്ന് തിരമേനിയുടെ നേരേ നീട്ടി.... അതിൽ വലിയ ഓസ്തി ഇല്ല, ചെറുതുമാത്രമേയുള്ളു.

ഒരാൾ അവിടെയൊക്കെ ഓസ്തിക്കുവേണ്ടി പാഞ്ഞുനടന്നു. അവിടെങ്ങും ഓസ്തിയില്ല. മറ്റൊരാൾ വേറേ മാർഗ്ഗമില്ലെന്ന് മനസിലാക്കി ഓസ്തി ഉണ്ടാക്കുന്നിടത്തേയ്ക്ക് യാത്രിതിരിച്ചു. നാലാഞ്ചിറ മഠത്തിലേക്ക്.

തിരുമേനി ബലിപീഠത്തിന്റെ മുമ്പിൽ ധ്യാനനിർലീനനായി നിന്നു. ബലിക്കുവേണ്ടി തിരുവസ്ത്രങ്ങൾ അണിഞ്ഞതാണ്.



ബലിയർപ്പിക്കാതെ അവ അഴിച്ചുമാറ്റുന്നതു ശരിയല്ല... കൈ കൂപ്പി തലവണങ്ങി, ആ മഹാസിംഹം എന്ന് ആളുകൾ വിശേഷിപ്പിച്ചിരുന്ന തിരുമേനി അവിടെനിന്നു. നിമിഷങ്ങൾ മിനിട്ടുകളായി വളർന്നു കൊണ്ടിരുന്നു... വാഹനമൊന്നുമില്ല, ഒരു സൈക്കിൾ പോലും... നടന്നു ചെന്നുവേണം ഓസ്തി കൊണ്ടുവരാൻ....

എല്ലാവരുടെയും മനസ്സിൽ തീയ് ആളുന്നുണ്ടായിരുന്നു... കനത്ത നിശ്ബദ്ത... കുർബാന ചൊല്ലാൻ വന്ന വലിയ തിരുമേനി കുർബാന ചൊല്ലാനാകാതെ ബലിപീഠത്തിന്റെ മുമ്പിൽ കാത്തു നിൽക്കേണ്ടി വരുക.. അതും വൈദികരാകാൻ പരിശീലനം നേടുന്ന സെമിനാരിക്കാരുടെ അനാസ്ഥയും അശ്രദ്ധയും കാരണം...

ചിലർ ചിന്തിച്ചു എന്തായിരിക്കും ഇതിനുള്ള ശിക്ഷ? ക്ലാസ്സിൽ ഒരു ഉത്തരം തെറ്റിയാൽ ഉടൻ തല്ലുന്ന തിരുമേനി ഇതിനു തക്കതായ ശിക്ഷ തരുമെന്ന് സംശയിക്കേണ്ടതില്ല. ഇത് ക്ളാസു പോലെയല്ല. അതിനെക്കാൾ വളരെയേറെ ഗൗരവമായ വിഷയം. ഇനിയും സെമിനാരിയിൽ തുടരാൻ പറ്റില്ല എന്ന് പറഞ്ഞു വീട്ടിൽ വീടും. ഇത്രയും കാലം പഠിച്ചതും പരിശീലിച്ചതും വ്യർത്ഥമാകും. ഇത് അക്ഷന്തവ്യമായ കുറ്റമാണല്ലോ?. വി. കുർബാനയർപ്പിക്കാൻ പരിശീലനം നേടുന്നവൻ വിശുദ്ധ കുർബാനയുടെ കാര്യത്തിൽതന്നെ അശ്രദ്ധ കാണിച്ചാൽ അതിന്റെ അർത്ഥമെന്താണ്? ഒന്നേയുള്ളു അതിനർത്ഥം. ദൈവവിളിയില്ല. ബലിപീഠത്തിൽ ശുശ്രൂഷയ്ക്കല്ല അയാളുടെ വിളി. ഇനിയും സെമിനാരിയിൽ തുടരുന്നതിൽ അർത്ഥമില്ല......

വിശുദ്ധ കുർബാനചൊല്ലി പുറത്തുവരുമ്പോൾ തന്നെ തിരുമേനി തീരുമാനമറിയിക്കും. റെക്ടറച്ചനെ വിളിച്ചു, ഈ അക്ഷന്തവ്യമായ അശ്രദ്ധ കാണിച്ചവരെ ഇന്നു തന്നെ സെമിനാരിയിൽ നിന്നും പുറത്താക്കുകയെന്ന് കല്പിക്കും.

www.malankaralibrary.com

വീട്ടിൽ തിരിച്ചെത്തിയാൽ.. മാതാപിതാക്കളോടു എന്തു പറയും?.... ഇടവകക്കാരുടെ മുഖത്തെങ്ങനെ നോക്കും.. അച്ചനായി തിരിച്ചു ചെല്ലാൻ കാത്തിരുന്നവരുടെ മുമ്പിൽ സെമിനാരിയിൽ താന്തോന്നിയായി നടന്ന് തിരിച്ചെത്തിയവൻ എന്ന രീതിയിൽ എങ്ങനെ പ്രത്യക്ഷപ്പെടും? ചിന്തകൾ വല്ലാതെ മഥിച്ചു കൊണ്ടിരുന്നു.

ബലി പീഠത്തിന്റെ മുമ്പിൽ ധ്യാനനിർലീനനായി നില്ക്കുന്ന തിരുമേനി.. ചിന്തയുടെയും കുറ്റബോധത്തിന്റെയും ഉമിത്തീയിൽ വെന്തെരിയുന്ന കുറെ സെമിനാരിവിദ്യാർത്ഥികൾ ... ഇഴഞ്ഞിഴഞ്ഞു നീങ്ങുന്ന നിമിഷങ്ങൾ....

ഓസ്തിവന്നു... തിരുമേനി ഓസ്തിവാങ്ങി സമർപ്പിച്ചു കൊണ്ട് കുർബാനയാരംഭിച്ചു. ഒരു വെട്ടിച്ചുരുക്കലുമില്ല. ഒരു ധൃതിയുമില്ല. സാധാരണ പോലെ തന്നെ ഭക്തിപുരസ്സരം വിശുദ്ധ കുർബാന യർപ്പിച്ചശേഷം അംശവസ്ത്രങ്ങൾ അഴിച്ചുമാറ്റി തന്റെ ഇരിപ്പിടത്തിൽ വന്നിരുന്നു കൃതജ്ഞതാപ്രകരണങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു.

തിരുമേനി ചാപ്പലിൽ നിന്നിറങ്ങിയാലുടൻ വിളിക്കുമെന്നും ശിക്ഷ എന്തെന്ന് പ്രഖ്യാപിക്കുമെന്നും വ്യക്തമായറിയാവുന്ന സെമിനാരിക്കാർ ക്ലാസ് മുറിയിലേക്കു പോകാതെ ചാപ്പലിന്റെ ചുറ്റും കാത്തുനിന്നു....

തിരുമേനി കൃതജ്ഞതാപ്രാർത്ഥനകൾ കഴിഞ്ഞ് പുറത്തിറങ്ങി, ബ്രദേഴ്സിനെ വിളിപ്പിച്ചു, എല്ലാവരും വന്നുകഴിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: "വിശുദ്ധ കുർബാനയുടെ കാര്യത്തിൽ അതീവ ശ്രദ്ധ ആവശ്യമാണ്. ബലിപീഠത്തിൽ വന്ന ശേഷമല്ല ഓസ്തിയുണ്ടോ വീഞ്ഞുണ്ടോ എന്നൊക്കെ തിരക്കുന്നത്..... പോയി.... കാപ്പി കുടിച്ചുകൊള്ളൂ."



ബ്രദേഴ്സ് അവിടെതന്നെ നിന്നു, ഒന്നും മനസ്സിലാകാതെ.. എന്താണ് ശിക്ഷ? ശിക്ഷയൊന്നുമില്ലേ.. നിമിഷങ്ങൾ കടന്നു പോയപ്പോൾ തിരുമേനി വീണ്ടും പറഞ്ഞു "നിങ്ങൾപോയി കാപ്പികുടിച്ചിട്ട് ജോലികൾ ചെയ്തുകൊള്ളുക.." അപ്പോഴാണ് അവർക്ക് മനസിലായത് ശിക്ഷയൊന്നും കൂടാതെ എല്ലാം തിരുമേനി ക്ഷമിച്ചിരിക്കുന്നുവെന്ന്. "ഈ സിംഹതുല്യനായ മനുഷ്യന് ഇത്രയും ഗൗരവാവഹമായ കാര്യത്തിൽ ഇങ്ങനെ ക്ഷമിക്കാനും കഴിയുമോ?" റഫക്ടറിയിലേക്ക് പോകുമ്പോൾ വിസ്മയപൂർവ്വം അവർ ഇങ്ങനെ ചിന്തിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

# "എടോ തനിക്കു ഹൃദയമില്ലേ..."

ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയ കാലം. സഭാസംബന്ധമായ എല്ലാക്കാര്യങ്ങളിലും സസൂക്ഷ്മം ഇടപെടുന്ന തിരുമേനി ആദ്ധ്യാത്മിക കാര്യങ്ങളിൽ മാത്രമല്ല ശ്രദ്ധിച്ചത്; സാമൂഹിക സാമ്പത്തിക തുറകളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞിരുന്നു.

കൃഷിക്കാര്യം ശ്രദ്ധിക്കാൻ ഒരാൾ പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്നു. കൃഷിയിറക്കുന്നതും സംരക്ഷിക്കുന്നതും വിളവെടുക്കുന്നതുമെല്ലാം അയാളുടെ ഉത്തരവാദിത്വമായിരുന്നു. വന്യമൃഗങ്ങളുടെയും മോഷ്ടാക്കളുടെയും ശല്യമുണ്ടായിരുന്ന കാലം. കൃഷിയുടെ മേൽനോട്ടം വഹിച്ചിരുന്ന ആൾ ഏറെ ഗൗരവപ്രകൃതിയാണ്. വിട്ടുവീഴ്ചയ്ക്ക് ഒട്ടും തയ്യാറല്ലാത്ത മനുഷ്യൻ. ആളുകൾക്ക് പൊതുവേ അയാളെ ഭയമായിരുന്നു. അതിനാൽ മോഷണം വളരെ കുറഞ്ഞു. കൃഷിമേൽനോട്ടക്കാരൻ സ്ഥലത്തില്ലെന്നും രണ്ടു മൂന്നു ദിവസമെങ്കിലും കഴിഞ്ഞേ തിരിയെ വരുകയുള്ളെന്നും ഉറപ്പാക്കിയിട്ടേ മോഷ്ടാക്കൾ പറമ്പിൽ കയറി എന്തെങ്കിലും മോഷ്ടിച്ചിരുന്നുള്ളൂ. തന്റെ അസാന്നിദ്ധ്യത്തിൽ പലതും നഷ്ടപ്പെടുന്നതും



എന്നാൽ താനുള്ളപ്പോൾ എല്ലാം സുരക്ഷിതമായിരിക്കുന്നതും കൃഷിയുടെ മേൽനോട്ടക്കാരനും മനസ്സിലാക്കിയിരുന്നു.

അന്നൊരിക്കൽ കള്ളനെ പിടിക്കാൻ തന്നെ തീരുമാനിച്ച് ഒരു കള്ള വാർത്ത പ്രചരിപ്പിച്ചു.

കൃഷി മേൽനോട്ടക്കാരൻ വീട്ടിൽ പോയിരിക്കുകയാണ് രണ്ടു മൂന്നു ദിവസം കഴിഞ്ഞേ മടങ്ങുകയുള്ളൂ.

ജോലിക്കാരും മറ്റുള്ളവരും പറഞ്ഞു പറഞ്ഞു വാർത്ത പല കാതുകളിലുമെത്തി. അക്കൂട്ടത്തിൽ സ്ഥിരം മോഷ്ടാക്കളുടെ കാതുകളിലും.

എന്നാൽ അയാൾ എങ്ങും പോയില്ല. തിരുവനന്തപുരത്തു തന്നെ ആർച്ചു ബിഷപ്പിന്റെ അരമനയിൽത്തന്നെ താമസിച്ചു. ഒരു ദിവസത്തേയ്ക്ക് കൃഷിയിടങ്ങളിൽ പ്രത്യക്ഷപ്പെട്ടില്ലെന്നു മാത്രം. പിന്നീട് തന്ത്രപൂർവ്വം കൃഷിയിടങ്ങളിലെത്തി അവിടത്തെ സ്ഥിതി പരിശോധിച്ചു. ഒരാൾ ചക്കയും മാങ്ങയുമൊക്കെ പറിച്ച് ചാക്കിൽ നിറച്ചുകൊണ്ടിരിക്കുന്നു. കൃഷി മേൽനോട്ടക്കാരൻ സകലതും പിടിച്ചു വാങ്ങുകയും കള്ളനെ നല്ലവണ്ണം കൈകാര്യം ചെയ്തു പറമ്പിൽ നിന്ന് ഓടിക്കുകയും ചെയ്തു.

പക്ഷേ കഥ അവിടെ അവസാനിച്ചില്ല. ശിക്ഷ കുറേ കടന്നു പോയെന്നു മനസ്സിലാക്കിയ സുഹൃത്തുക്കൾ ആർച്ചു ബിഷപ്പിന്റെ അടുക്കൽ പരാതി നൽകാൻ അയാളെ പ്രേരിപ്പിച്ചു. കൃഷിമേൽനോട്ടക്കാരനെ എങ്ങനെയും പിരിച്ചു വിടാൻ പ്രേരിപ്പിക്കുകയായിരുന്നു അവരുടെ തന്ത്രം.

ചില സുഹൃത്തുക്കളെയും കൂട്ടി അയാൾ തിരുമേനിയെ കാണാനെത്തി. താൻ മോഷ്ടാവല്ലെന്നും പറമ്പിൽ കൂടെ നടന്നു പോയതേയുള്ളൂവെന്നും, അനാവശ്യമായാണ് തന്നെ മർദ്ദിച്ച

www.malankaralibrary.com

തെന്നും അയാൾ തിരുമേനിയെ അറിയിച്ചു. തനിക്കെതിരെ പരാതിയുമായി കള്ളൻ തിരുമേനിയെ സമീപിച്ചിട്ടുണ്ടെന്നു മനസ്സിലാക്കി കൃഷി മേൽനോട്ടക്കാരൻ ഉടനേ രംഗത്തെത്തി. രണ്ടു പേരുടെയും പരാതി കേട്ടപ്പോൾ തിരുമേനിക്കു മനസ്സിലായി, അത് യഥാർത്ഥ മോഷണക്കേസാണെന്ന്. അദ്ദേഹം വളരെ ഗൗരവത്തിൽ കള്ളനോട് പറഞ്ഞു.

"അങ്ങനെയാണ് വേണ്ടിയിരുന്നത്. ഇതിൽ കൂടുതൽ ശിക്ഷ തരേണ്ടതായിരുന്നു. ഇനി ഇതുപോലെ മോഷ്ടിച്ചാൽ ഇതിലും വലിയ ശിക്ഷ തന്നെ കിട്ടും...."

തിരുമേനിയെ കളിപ്പിക്കാൻ പറ്റില്ലെന്നും തന്റെ കള്ളത്തരം തിരുമേനിക്കു മനസ്സിലായെന്നും വ്യക്തമായപ്പോൾ കള്ളൻ മറുപടിയൊന്നും പറയാനാകാതെ പതുക്കെ സ്ഥലം വിട്ടു.

കള്ളൻ പോയെന്നറിഞ്ഞപ്പോൾ തിരുമേനി കൃഷി മേൽനോട്ടക്കാരനെ സഗൗരവം നോക്കിക്കൊണ്ടു പറഞ്ഞു.

"എടോ, തനിക്കു ഹൃദയമില്ലേ. ഒരു ചക്കയോ മാങ്ങയോ എടുത്തെന്നു കരുതി ആ പാവത്തിനെ ഇങ്ങനെ ഉപദ്രവിക്കാമോ...?"

മനുഷ്യത്വമാണ് നീതിയെക്കാൾ ശ്രേഷ്ഠമെന്ന് ആ കൃഷി മേൽനോട്ടക്കാരൻ അന്ന് പഠിച്ചു.



# പാറയിൽ കുരിശ്

മാർ ഈവാനിയോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യാനെത്തിയതാണ്... പ്രധാന പ്രസംഗകർ അല്മായരാണ്. പുനരൈക്യത്തിലൂടെ തങ്ങൾക്കു ലഭിച്ച ആത്മീയ അനുഭവങ്ങൾ പങ്കുവയ്ക്കുക, ഇനിയും പഴയ പാരമ്പര്യങ്ങൾ പറഞ്ഞ് ദൈവാനുഗ്രഹത്തെ തള്ളിക്കളയുന്നവരിൽ ആത്മരോധനയ്ക്കുള്ള ചിന്തകളുണർത്തുക അതാണ് പ്രസംഗത്തിന്റെ മുഖ്യലക്ഷ്യം. പുനരൈക്യപ്പെട്ടവരും അല്ലാത്തവരും ലത്തീൻ - സീറോമലബാർ റീത്തുകളിൽ പെട്ട കുറേ കത്തോലിക്കരും പ്രസംഗം കേൾക്കാൻ എത്താറുണ്ട്. രസകരമായ കഥകളും ഉപമകളും ബൈബിൾ വാക്യങ്ങളുമൊക്കെയായി പുരോഗമിക്കുന്ന കൺവൻഷൻ പ്രസംഗം കേൾക്കാൻ എല്ലാവർക്കും താത്പര്യമാണ്. ചിലരൊക്കെ പ്രസംഗത്തിലെ കുറ്റങ്ങൾ കണ്ടെത്താൻ വരുന്നവരാണ്. മറ്റുചിലർ സത്യം ഗ്രഹിക്കാനുള്ള താത്പര്യം കൊണ്ടും.... എന്തായാലും ഏറെ ജനങ്ങൾ കൂടുന്ന സന്ദർഭങ്ങളായിരുന്നു. അത്തരം കൺവൻഷനുകൾ. അല്മായരാണ് അധികമെങ്കിലും ജിജ്ഞാസുക്കളായ ചില വൈദികരും കൺവെൻഷനുകളിൽ സംബന്ധിക്കാറുണ്ട്. പുനരൈക്യപ്പെട്ട ചില വൈദികർ പ്രസംഗകരെയും ശ്രോതാക്കളെയും പ്രോത്സാഹിപ്പിക്കാൻ പ്രസംഗ വേദിയിലോ ശ്രോതാക്കളുടെ ഇടയിലോ സന്നിഹിതരാകാറുണ്ട്.

www.malankaralibrary.com

അന്നത്തെ കൺവൻഷൻ ഉദ്ഘാടനം ചെയ്യാനെത്തിയതാണ് ഈവാനിയോസ് പിതാവ്. ഉദ്ഘാടന പ്രസംഗം അല്പം നീണ്ടുപോയി. പത്രോസിന്റെ സിംഹാസനത്തെപ്പറ്റിയും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പാമാരെപ്പറ്റിയും പറഞ്ഞു തുടങ്ങിയ തിരുമേനി സുവിശേഷത്തിലേക്കു കടന്നു. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനരംഗം വിശദമായി വിശദീകരിച്ചു.... "പത്രോസേ നീ പാറയാകുന്നു... ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും..."

ഈ പാറമേലാണ് യേശു തന്റെ സഭയെ പണിതിരിക്കുന്നത്. ആർക്കും ഒരു കാലത്തും ഇളക്കാനാകാത്ത പാറമേൽ, വിശ്വാസം പ്രഖ്യാപിച്ച പത്രോസാകുന്ന പാറമേൽ, യേശു തന്റെ സഭയെ പണിതിരിക്കുന്നു. സഭ പാറമേൽ.... യേശു സഭയിൽ യേശുവിനെ കാണേണ്ടവർ സഭയിലെത്തണം. യേശുവിന്റെ സഭയെ കാണേണ്ടവർ പാറയിൽ തിരയണം. പാറമേൽ പണിത സഭയെ അനുസരിക്കാതെ അതിന്റെ മുമ്പിൽ മുട്ടുമടക്കാതെ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല...." അങ്ങനെ മുന്നേറി ആ ഉദ്ഘാടന പ്രഘോഷണം.

പ്രസംഗമെല്ലാം കഴിഞ്ഞ് ആളുകൾ പുറത്തിറങ്ങി. അക്കൂട്ടത്തിൽ രണ്ടു വൈദികരുമുണ്ടായിരുന്നു. ബഥനി മലയിൽ മാർ ഈവാനിയോസ് പിതാവിന്റെ ശിക്ഷണം സ്വീകരിച്ച് വളർന്ന വൈദികരായ രണ്ടു പേർ. അതിൽ ഒരാൾ മറ്റേ ആളിനോടു ചോദിച്ചു:

"പിതാവിന്റെ പ്രസംഗത്തിൽ എന്തെങ്കിലും പുതുമയുണ്ടായിരുന്നോ?"

മറ്റേ വൈദികൻ : "എന്തു പുതുമ? പിതാവ് എന്നും പറയുന്ന വിഷയമല്ലേ ഇന്നും പറഞ്ഞത്?"

"വിഷയത്തിലെ പുതുമയല്ല, ശൈലിയിലെ പുതുമ. ഇന്നത്തെ ശൈലി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മാത്രമല്ല പഴയ ചില അനുഭവങ്ങൾ അയവിറക്കാനും അവയുടെ പൊരുൾ മനസിലാക്കാനും സാധിച്ചു...."



"എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ. എന്താണ് പഴയ കാര്യം?" മറ്റേ വൈദികൻ.

"നമ്മൾ മുണ്ടൻ മലയിലായിരുന്നപ്പോൾ കുളിക്കാൻ പോകുന്നത് ഒരു ആറ്റിലായിരുന്നില്ലേ. പോകും വഴി ഒരു പാറയിൽ കൂടെ നടന്നു പോകുമായിരുന്നല്ലോ. പിതാവ് ഒരു നിയമം ഉണ്ടാക്കിയതും നമ്മൾ അത് അനുസരിച്ചതും ഓർക്കുന്നോ....."

"അതേ അതേ..... ഓർക്കുന്നു. പിതാവ് ആ പാറയിൽ ഒരു കുരിശ് വരച്ചിട്ട് ആ വഴി കുളിക്കാൻ പോകുന്നവരെല്ലാം ആ പാറയിൽ മുട്ടുകുത്തണമെന്ന് വ്യവസ്ഥ വച്ചത്. അതല്ലേ...."

"അതു തന്നെ..... അതിന്റെ പൊരുൾ ഇന്നാണ് എനിക്കു പിടികിട്ടിയത്..... പിതാവ് ഇന്ന് പ്രസംഗത്തിൽ പറഞ്ഞതോർക്കുന്നോ? പത്രോസാകുന്ന പാറയുടെ മുമ്പിൽ മുട്ടുമടക്കാതെ കേരളസഭയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്ന്....."

"സെറാമ്പൂരിൽ വച്ചേ പിതാവ് കത്തോലിക്കാ സഭയെപ്പറ്റി പഠിക്കുകയും അതിനെ സ്നേഹിക്കുകയും ചെയ്തിരുന്നു. കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയിൽ പങ്കുചേരാൻവേണ്ടിയാണ് ബഥനി ആശ്രമം സ്ഥാപിച്ചത്. പില്ക്കാലത്ത് താനും തന്റെ അനുയായികളും കത്തോലിക്കാസഭയിൽ, പത്രോസിന്റെ പാറയിൽ വന്നുചേരുമെന്ന് പിതാവിന് അറിയാമായിരുന്നു. അതിനുവേണ്ടി നമ്മെ ഒരുക്കുകയായിരുന്നു അന്നത്തെ നിയമത്തിന്റെ ലക്ഷ്യം. പാറയിൽ കുമ്പിട്ടു പഠിച്ച് പരിശീലിച്ച് അവസാനം പത്രോസാകുന്ന പാറയിൽ പണിത സഭയിൽ എത്തിച്ചേരുക."

"എനിക്കും ഇപ്പോൾ എല്ലാം വ്യക്തമാകുന്നു. ഈ ഉദ്ദേശ്യം പിതാവിന്റെ മനസിൽ ഉണ്ടായിരുന്നുവെന്നത് വ്യക്തം. വ്യക്തമായ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളുമില്ലാതെ ഒന്നും ചെയ്യുന്ന ആളല്ലല്ലോ തിരുമേനി."

www.malankaralibrary.com

# "മുകൾഭാഗം ഒരു പോലിരിക്കട്ടെ."

അന്ന് എല്ലാവർക്കും ഒരു ഉത്സവം പോലെയായിരുന്നു. പട്ടത്ത് മലങ്കരകത്തോലിക്കാസഭയുടെ വകയായി ഒരു ഹൈസ്ക്കൂൾ വരുന്നു. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകൾ ഒരുമിച്ചു തുടങ്ങിക്കൊണ്ടാണ് സ്ക്കൂളിന്റെ ഉദ്ഘാടനം. സചിവോത്തമൻ സി. പി. രാമസ്വാമി അയ്യരുടെ മഹനീയ നാമം നിലനിർത്താനുള്ള ശ്രമത്തിൽ അദ്ദേഹത്തിന്റെ നാമധേയമാണ് സ്കൂളിന് നൽകിയിരിക്കുന്നത് - സചിവോത്തമൻ സി.പി.രാമസ്വാമി അയ്യർ മെമ്മോറിയൽ ഹൈസ്കൂൾ.

ഉദ്ഘാടനത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. പൊതുയോഗത്തിൽ പ്രസംഗിക്കേണ്ടവരും ആശംസകൾ അർപ്പിക്കേണ്ടവരുമൊക്കെ എത്തിക്കൊണ്ടിരുന്നു. പരിപാടി വിജയമാക്കാൻ ശ്രോതാക്കളും അനേകർ എത്തിയിട്ടുണ്ട്. ഇനി സചിവോത്തമൻ സി.പി. മാത്രം എത്തിയാൽ മതി.... തിരക്കുള്ള ജീവിതമല്ലേ മന്ത്രിയുടേത്. അതിനാൽ കൃത്യസമയത്തേ എത്തുകയുള്ളൂ. മാത്രമല്ല താൻ സമയനിഷ്ഠ പാലിക്കുന്നവനായിരുന്നാൽ മാത്രംപോരല്ലോ..... തന്നെ കണ്ട് നല്ല പാഠങ്ങൾ പഠിക്കാൻ കാത്തിരിക്കുന്ന ജനസഞ്ചയത്തിന് മാതൃക കാട്ടുകയും വേണമല്ലോ. അതിനാൽ കൃത്യസമയത്തു വരുക കൃത്യസമയത്തു പോകുക..... അതാണ് മാതൃകാ



ദിവാനിൽ നിന്ന് സാധാരണക്കാരായ ജനങ്ങൾ പഠിക്കേണ്ടത്.....

പരിപാടികൾ ആരംഭിക്കാനുള്ള സമയം അടുത്തുകൊണ്ടിരിക്കുന്നു...... ഒരുക്കങ്ങളൊക്കെ എങ്ങനെയുണ്ടെന്ന് അവസാനമായൊന്നു നോക്കാമെന്ന് തിരുമേനി വിചാരിച്ചു. പൊതുയോഗം നടക്കേണ്ട ഹാളിൽ എല്ലാം സജ്ജമാണ്. മനോഹരമായി തോരണങ്ങൾ കെട്ടി അലങ്കരിച്ചിട്ടുണ്ട്. സ്റ്റേജ് അതിമനോഹരമായിരിക്കുന്നു. എല്ലാം വെള്ളവിരിച്ച് അലങ്കരിച്ചിട്ടുണ്ട്. ഇതെല്ലാം തീർച്ചയായും ദിവാന് വളരെ സന്തോഷം നൽകും. ഇത് മലങ്കര കത്തോലിക്കാസഭയും ദിവാനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു പുതിയ അധ്യായത്തിനു തുടക്കം കുറിക്കും......

കഴിഞ്ഞകാലത്തിൻ ആ ബന്ധം അത്ര ആസ്വാദ്യമല്ലായിരുന്നു...... തെറ്റിദ്ധാരണകൊണ്ടു സംഭവിച്ചതാണ്. മലങ്കരകത്തോലിക്കരും അവരുടെ നേതാവായ മാർ ഈവാനിയോസും ദിവാന് എതിരാണെന്നൊരു ചിന്ത അദ്ദേഹത്തിന്റെ മനസ്സിൽ എത്തിയിരുന്നോ ആവോ?...... അറിഞ്ഞുകൂടാ...... എങ്കിലും എന്തൊക്കെയോ തെറ്റിദ്ധാരണകളുണ്ടായിരുന്നെന്നത് സത്യം......

ഇതാണ് സന്ദർഭം, തെറ്റിദ്ധാരണകൾ നീക്കാൻ ദിവാനെ മലങ്കര കത്തോലിക്കർ നിന്ദിക്കുന്നില്ലെന്നു മാത്രമല്ല, വളരെയേറെ ബഹുമാനിക്കുന്നു. അതിന്റെ സുവ്യക്തമായ അടയാളമാണ് അദ്ദേഹത്തിന്റെ നാമത്തിൽ ഒരു സ്കൂൾ ആരംഭിക്കുന്നത്. അദ്ദേഹത്തെത്തന്നെ വിളിച്ച് അതിന്റെ ഉദ്ഘാടനം നടത്തുന്നതു തന്നെ അദ്ദേഹത്തെ ജനമദ്ധ്യത്തിൽ ആദരിക്കാനാണല്ലോ...... എന്തായാലും ഇനി സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾക്ക് ഒരു വലിയ മാറ്റം വരും. അനുകൂലമായ പലതും ഇനി ദിവാനിൽ നിന്നും ഗവൺമെന്റിൽ നിന്നും പ്രതീക്ഷിക്കാം......

തിരുമേനിയുടെ കണ്ണുകൾ സ്റ്റേജിൽ ഒരുക്കി വച്ചിരിക്കുന്ന പടങ്ങളിലേക്ക് തിരിഞ്ഞു. പല പടങ്ങളുണ്ട് കൂദാശകർമ്മം നടക്കുന്നതിനാൽ മാർപാപ്പയുടെ പടം വേണം. അത് വച്ചിട്ടുണ്ട്. അലങ്ക

www.malankaralibrary.com

രിച്ചു തന്നെയാണ് വച്ചിരിക്കുന്നത്...... സ്കൂൾ ദിവാന്റെ നാമധേയത്തിലായതുകൊണ്ട് അദ്ദേഹത്തിന്റെ പടവും വയ്ക്കുന്നതു നല്ലതാണ്...... അദ്ദേഹത്തിന്റെ പടവും അലങ്കരിച്ചു വച്ചിട്ടുണ്ട്.

തിരുമേനി ശ്രദ്ധാപൂർവ്വം നോക്കി...... മാർപാപ്പയുടെ പടത്തേക്കാൾ വലുതാണ് ദിവാന്റെ പടം...... എന്തുപറ്റി? മാർപാപ്പയുടെ ഒരു വലിയ പടം സംഘടിപ്പിക്കാൻ കഴിയാതെ പോയോ? ഒരു പക്ഷേ കിട്ടിക്കാണില്ല......

വീണ്ടും പടങ്ങളിലേക്ക് സൂക്ഷിച്ചു നോക്കി. വലിയപടമായതുകൊണ്ട് ദിവാന്റെ പടം മാർപാപ്പയുടെ പടത്തേക്കാൾ ഉയർന്നിരിക്കുന്നു. ഈ രംഗം ദിവാനു ഏറ്റവും ഇഷ്ടമുള്ളതായിരിക്കും...... ഇനി ഗവൺമെന്റിൽ നിന്നുള്ള ഏത് ആനുകൂല്യവും പ്രതീക്ഷിക്കാം......

പക്ഷേ അതു വേണോ? മാർപാപ്പയുടെ പടത്തെക്കാൾ ദിവാന്റെ പടം ഉയർന്നു നിൽക്കണോ? അങ്ങനെ ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കണോ? വേണ്ടാ......

ദിവാന്റെ പടം അവിടെ നിന്ന് എടുത്തു മാറ്റിയാലോ? പക്ഷേ ദിവാന്റെ നാമധേയത്തിലാണ് സ്കൂൾ. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ ഒരു പടം എങ്കിലും വയ്ക്കാതിരുന്നാൽ, തന്നെ ആക്ഷേപിക്കാനാണ് ഉദ്ഘാടനത്തിന് വിളിക്കുന്നതെന്ന് അദ്ദേഹം ചിന്തിക്കാൻ സാധ്യതയുണ്ട്.

വേണ്ടാ...... ദിവാന്റെ പടം എടുത്തു മാറ്റേണ്ട...... പക്ഷേ മാർപാപ്പയുടെ മുകളിൽ അദ്ദേഹത്തിന്റെ പടം വരുത്തിക്കൊണ്ട് അദ്ദേഹത്തെ സന്തോഷിപ്പിക്കുകയും വേണ്ട......

തിരുമേനി പൊതുയോഗസ്ഥലത്തിന്റെ ചുമതലയുള്ള ആളിനെ വിളിച്ചു പറഞ്ഞു "ആ പടങ്ങളെല്ലാം ശരിയായി ക്രമപ്പെടുത്തി വയ്ക്കൂ. എല്ലാറ്റിന്റെയും അടിഭാഗം ഒരേ ലൈനിൽ ആക്കിയാണ് ഇപ്പോൾ വച്ചിരിക്കുന്നത്. പക്ഷേ അത് ഭംഗിയായില്ല......



നോക്കിയേ ഇപ്പോൾ ഒന്നു വലുത്. ഒന്ന് ചെറുത്...... അങ്ങനെ തോന്നുന്നില്ലേ. അതിനാൽ അവയെല്ലാം എടുത്ത് എല്ലാറ്റിന്റെയും മുകൾഭാഗം ഒരു രേഖയിൽ വരത്തക്കവണ്ണം ക്രമപ്പെടുത്തി വയ്ക്കൂ......"

ചുമതലക്കാരൻ ഉടൻ തന്നെ പടങ്ങളെടുത്തു തിരുമേനി പറഞ്ഞതുപോലെ മാറ്റി വച്ചു...... ഹാ എത്ര നന്നായിരിക്കുന്നു. എല്ലാറ്റിന്റെയും മുകൾഭാഗം ഒരു പോലെ ഒരേ ലൈനിൽ...... അടിഭാഗമോ ഓരോന്നും ഓരോ വിധത്തിൽ......

ഇപ്പോൾ പടങ്ങൾ എങ്ങനെ? പാപ്പയുടെ പടത്തെക്കാൾ വലിയ ദിവാന്റെ പടത്തിന്റെയും പാപ്പയുടെ പടത്തിന്റെയും മുകൾഭാഗം ഒരേ ലൈനിൽ...... അടിഭാഗമോ...... ദിവാന്റെ പടത്തിന്റെ അടിഭാഗം പാപ്പയുടെ പടത്തേക്കാൾ വളരെ അടിയിൽ...... ഇപ്പോൾ ആരാണ് വലിയവൻ?

www.malankaralibrary.com

# "കെട്ടിടം കുലുങ്ങുന്നെന്നോ.....?"

മലങ്കര കത്തോലിക്കാസഭയുടെ തലവനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പുമായ മാർ ഈവാനിയോസ് തിരുവനന്തപുരം അതിഭദ്രാസന അരമനയിൽ വാഴുന്നകാലം. പേരിൽ അരമനയെന്ന് അറിയപ്പെട്ടിരുന്നെങ്കിലും ആ കെട്ടിടം വളരെ പഴയതും ജീർണ്ണത ആരംഭിച്ചിരുന്നതുമായിരുന്നു. തത്ക്കാലത്തെ ആവശ്യം നിറവേറ്റാൻ വേണ്ടി ഒരു പഴയകെട്ടിടം വാങ്ങി ആർച്ചുബിഷപ്പ്സ് ഹൗസ് എന്ന് പേരിടുകയായിരുന്നു. ജോലിത്തിരക്കിനിടയിലും പഠനത്തിൽ നിന്നോ സഭാപരമായ പ്രവർത്തനങ്ങളിൽ നിന്നോ ആദ്ധ്യാത്മികകടമകളിൽ നിന്നോ അണുവിട പിന്മാറാതെ കൃത്യതയും നിഷ്ഠയും പാലിച്ചുകൊണ്ട് ആർച്ചുബിഷപ്പ് എല്ലാവർക്കും മാതൃകയായി ജീവിക്കുന്ന കാലം. എല്ലാം ചെയ്യുന്നതിനിടയ്ക്കും പുതിയ കാര്യങ്ങൾ പഠിക്കുന്നതിലും പുതിയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിലും പഴയ ബന്ധങ്ങൾ കൂടുതൽ സുദൃഢമാക്കുന്നതിലും ആർച്ചുബിഷപ്പ് ശ്രദ്ധിച്ചിരുന്നു.

അന്നൊരു ഞായറാഴ്ചയായിരുന്നു.... സമയം നാലു



മണിയോടടുത്തു. പള്ളികളിലെ ശുശ്രൂഷകൾ കഴിഞ്ഞ് വൈദികരെല്ലാം അരമനയിൽ തിരിച്ചെത്തിയിട്ടുണ്ട്. പെട്ടെന്ന് ഒരു കാറ്റും മഴയും വന്നു.... വളരെ അപ്രതീക്ഷിതമായിരുന്നു..... മഴയെക്കാൾ കാറ്റ് ശക്തമായിരുന്നു. അത് ചുഴലിക്കാറ്റിന്റെ ഭാവമുൾക്കൊണ്ട് എവിടെ നിന്നോ ആരംഭിച്ച് അരമനയെ സമീപിച്ചുകൊണ്ടിരുന്നു. വരുന്ന വഴിയിൽ മരങ്ങളെല്ലാം പിഴുതെറിഞ്ഞുകൊണ്ടാണ് വരവ്..... അരമനയെന്ന് അറിയപ്പെട്ടിരുന്ന അജീർണ്ണത ആരംഭിച്ചു കഴിഞ്ഞ പഴയകെട്ടിടത്തെ സമീപിച്ചു കഴിഞ്ഞു. താണ്ഡവനൃത്തം പോലെ അത് ആടിത്തിമിർത്തു..... അരമനക്കെട്ടിടം ആലില പോലെ ആടി.... പള്ളിയിലെ ശുശ്രൂഷകൾ കഴിഞ്ഞ് ക്ഷീണിച്ചെത്തിയ വൈദികർ പുറത്തേയ്ക്കിറങ്ങി ഓടാൻ ശ്രമിക്കുകയാണ്. ഇനി ഈ കെട്ടിടത്തിനകത്തു നിന്നാൽ അപകടമാണ്. അത് വീഴാൻ ഇനി താമസമില്ല.

കെട്ടിടത്തിൽ നിന്ന് ഓടിപുറത്തിറങ്ങാൻ തുടങ്ങുന്നതിനിടയിൽ ആരോ ചോദിച്ചു, "പിതാവ് എന്തിയേ.....?" എവിടെയാണ് മാർ ഈവാനിയോസ്..... എങ്ങും പോയതായി അറിയില്ല..... എങ്കിൽ ഇവിടെത്തന്നെയുണ്ട്. ഈ കെട്ടിടത്തിൽത്തന്നെ..... പക്ഷേ, എന്തുകൊണ്ടാണ് ഇറങ്ങി വരാത്തത്? ഉറക്കമാണെന്നു വരുമോ? കെട്ടിടം ആലിലപോലെ വിറയ്ക്കുമ്പോൾ ആർക്കെങ്കിലും ഉറങ്ങാൻ സാധിക്കുമോ?

ഇല്ല..... പുറത്തെവിടെയോ പോയിരിക്കുകയാണ്..... കാറ് ഷെഡ്ഡിൽ തന്നെയുണ്ട് പിന്നെങ്ങനെ പുറത്തുപോയി.....

മുറിയിൽ പോയി നോക്കാൻതന്നെ ചിലർ തീരുമാനിച്ചു. ജീവിതത്തിൽ ഭയമുണ്ടായിരുന്നിട്ടും തിരുമേനിയുടെ കാര്യമായതിനാൽ പുറത്തിറങ്ങിയവർ വീണ്ടും അകത്തുകടന്നു.

www.malankaralibrary.com

തിരുമേനിയുടെ മുറിയിലേയ്ക്കോടി..... കാറ്റ് കെട്ടിടം മുഴുവൻ വല്ലാതെ ചലിപ്പിച്ചുകൊണ്ടിരിക്കുകയാണ്.....

അവർ ഓടിച്ചെന്ന് നോക്കി..... തിരുമേനി മുറിയിൽത്തന്നെയുണ്ട്. ഒരു ചാരുകസേരയിലിരുന്നു ഹീബ്രൂ വ്യാകരണം ശ്രദ്ധാപൂർവ്വം പഠിച്ചുകൊണ്ടിരിക്കുന്നു.....

ചെന്നവർ ഉറക്കെ വിളിച്ചു..... "പിതാവേ ഇറങ്ങി വാ..... കെട്ടിടമെല്ലാം കുലുങ്ങുന്നു." ശബ്ദം കേട്ടു തിരുമേനി തിരിഞ്ഞു നോക്കി..... തന്റെ വൈദികരാണ് പുറത്തു നിന്ന് വിളിക്കുന്നത്..... കാര്യം വ്യക്തമല്ല

"എന്ത് കെട്ടിടം വിറക്കുന്നെന്നോ?" അപ്പോഴാണ് പുസ്തകലോകത്തു നിന്ന് യഥാർത്ഥലോകത്തേയ്ക്ക് തിരുമേനിയുടെ ശ്രദ്ധതിരിയുന്നത്. ആടിയുലയുന്ന കെട്ടിടവും ഹുങ്കാരത്തോടെ വീശിയടിക്കുന്ന ചുഴലിക്കാറ്റും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. പുസ്തകം മടക്കി വച്ചിട്ട് അദ്ദേഹം ഓടിയിറങ്ങി..... അപ്പോഴേയ്ക്കും കാറ്റിന്റെ ശക്തി കുറഞ്ഞു കഴിഞ്ഞിരുന്നു.....

ഒന്നും സംഭവിച്ചില്ല..... എല്ലാം ശാന്തമായി..... എങ്കിലും അവിടെയുണ്ടായിരുന്ന വൈദികരുടെ ഹൃദയത്തിൻ തങ്ങളുടെ തിരുമേനിയുടെ അത്യുഗ്രമായ ഏകാഗ്രതയെപ്പറ്റിയുള്ള വിസ്മയത്തിന്റെ അലകൾ ഉയർന്നുപൊങ്ങിക്കൊണ്ടിരുന്നു.



# വിണ്ണിലോ മണ്ണിലോ?

**അ**ച്ചൻ വളരെ തീക്ഷണമതിയാണ്. എപ്പോഴും ഇടവകാതിർത്തിയിൽ തന്നെയുണ്ടാകും. ഇടവക, ഇടവകജനങ്ങൾ - അദ്ദേഹത്തിന്റെ ചിന്തയിൽ ഇവയ്ക്കേ സ്ഥാനമുള്ളൂ. പത്രോസിന്റെ പടകിലേയ്ക്ക് കൂടുതൽ കൂടുതൽ ജനങ്ങളെ ചേർക്കുക, ആ പടകിലുള്ളവരുടെ ക്ഷേമം സുനിശ്ചിതമാക്കുക... അതിനാൽ അധികം യാത്രയൊന്നും ചെയ്യുകയില്ല..... അരമനയിലേയ്ക്കും വളരെ കുറച്ചുമാത്രമേ പോകാറുള്ളൂ. ഏതെങ്കിലും കാര്യത്തിന് പിതാവിന്റെ അനുവാദം വേണമെങ്കിൽ, പുതിയ വികാസങ്ങളെപ്പറ്റി പിതാവിനെ അറിയിച്ചുകൊണ്ടിരിക്കാൻ- ഇതിനൊക്കെ വേണ്ടി മാത്രമേ അദ്ദേഹം അരമനയിൽ പോകാറുള്ളൂ.

അന്ന് വികാസത്തിന്റെ സദ്വാർത്തയും വികാസത്തോടനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയുള്ള അനുവാദം വാങ്ങിക്കേണ്ടതിന്റെ ആവശ്യകതയുമാണ് അദ്ദേഹത്തെ അരമനയിലെത്തിച്ചത്. പിതാവിനെക്കണ്ട് കാര്യങ്ങൾ അറിയിക്കുകയും വേണ്ട അനുവാദം സമ്പാദിക്കുകയും ചെയ്തിട്ട് ഉടനേ തിരിയെ വരുക......

രാത്രി കുറേ താമസിച്ചാണ് അച്ചൻ അരമനയിൽ എത്തിയത്...... പത്തു മണിയോളമായി. വന്ന വഴിയിൽത്തന്നെ പ്രൊക്കുറേറ്ററച്ചനെ കണ്ടു കാര്യങ്ങൾ പറഞ്ഞു. വേറെയും ചിലരെ സാന്ദർഭികമായി കണ്ടു...... എല്ലാവർക്കും വളരെ സന്തോഷം. മാർ

www.malankaralibrary.com

ഈവാനിയോസിന്റെ പ്രസ്ഥാനത്തിലേയ്ക്ക് ഒരു ഗ്രൂപ്പ് ആളുകൾ ചേരാൻ തയ്യാറായിരിക്കുന്നു.... എങ്ങനെയും അവരുടെ നല്ല തീരുമാനത്തെ പ്രോത്സാഹിപ്പിച്ച് സാക്ഷാത്ക്കാരത്തിൽ കൊണ്ടെത്തിക്കണമെന്ന് കണ്ടവരെല്ലാം പറഞ്ഞു വന്ന അച്ചനും അരമനയിലെ അച്ചന്മാർക്ക് വളരെ സന്തോഷം.

ഇനി വേണ്ടത് പിതാവിനെ കാണുകയാണ്. പിതാവിനെപ്പറ്റി അവരോട് തിരക്കി..... പിതാവ് ഇവിടെത്തന്നെയുണ്ട്......... പക്ഷേ, നാളെ അതിരാവിലെ ദൂരെ എവിടെയോ പോകുകയാണ്. കാണണമെങ്കിൽ രാത്രിയിൽത്തന്നെ കണ്ടുകൊള്ളണം. ഈ രാത്രിയിൽ കണ്ടില്ലെങ്കിൽ പല ദിവസങ്ങൾക്കു ശേഷമേ ഇനി കാണാൻ പറ്റുകയുള്ളൂ.

അച്ചൻ പിതാവിന്റെ മുറിയിലേയ്ക്ക് ഓടി പിതാവ് കിടക്കുന്നതിനുമുമ്പ് കണ്ടു കാര്യങ്ങൾ സാധിക്കണം. മുറിയിൽ ഒരു ലൈറ്റ് കിടപ്പുണ്ട്...... അതിന്റെ അർത്ഥം ഉറങ്ങിയിട്ടില്ലെന്നാണ്. പക്ഷേ കതക് അടച്ചിരിക്കുന്നു. വല്ലതും വായിക്കുകയാവും......

അച്ചൻ കതകിൽ കൊട്ടി. മറുപടിയൊന്നുമില്ല...... കുറേകൂടി ശക്തമായി മുട്ടിവിളിച്ചു...... ഇല്ല പ്രതികരണമില്ല...... ഒരു പക്ഷേ വായിച്ചുകൊണ്ടിരുന്നതിനിടയിൽ ഉറങ്ങിപ്പോയതായിരിക്കും...... കുറേ കൂടി ശക്തമായി മുട്ടിവിളിച്ചു. ഇപ്പോഴും പ്രതികരണമില്ല...... എന്തുപറ്റി? മുറിയിൽ ഇല്ലെന്നുള്ളതു തീർച്ച. ഉണ്ടായിരുന്നെങ്കിൽ മറുപടി തരുമായിരുന്നു...... എന്തിനാണ് ലൈറ്റ് ഇട്ടിരിക്കുന്നത്? അതിന്റെ അർത്ഥം ഉറങ്ങിയിട്ടില്ലെന്നും അടുത്തുത്തന്നെ ഉണ്ടെന്നുമല്ലേ......

ഒരു പക്ഷേ മുറ്റത്ത് ഉലാത്തുകയാവും..... അച്ചൻ മുറ്റത്തിറങ്ങി നോക്കി..... ഇല്ല മുറ്റത്തെങ്ങും ആരെയും കാണുന്നില്ല..... അവിടെയും ഇവിടെയും ചെന്നു നോക്കി..... എങ്ങും പിതാവില്ല..... നിരാശതോന്നിയ അച്ചൻ ഒരിക്കൽകൂടി പ്രൊക്കുറേറ്ററച്ചന്റെ മുറി



യിലെത്തി. അച്ചൻ ഉറങ്ങാൻ തുടങ്ങുകയാണ്. വന്ന വൈദികൻ പുറത്തു നിന്നുകൊണ്ടു തന്നെ വിളിച്ചു ചോദിച്ചു. "പിതാവ് മുറിയിലില്ലല്ലോ. വല്ലയിടത്തും പോയിട്ടുണ്ടാകുമോ?"

അകത്തു നിന്ന് മറുപടി "അതെങ്ങനെ? ഈ രാത്രിയിലോ..... അതും ആരോടും പറയാതെ. പിതാവ് ഇവിടെത്തന്നെയുണ്ടാകും. ഒന്നുകിൽ മുറിയിൽ, മുറിയിലില്ലെങ്കിൽ പരിസരത്ത് എവിടെയെങ്കിലും..... എന്തായാലും പിതാവ് ഇവിടെത്തന്നെയുണ്ട്. അച്ചൻ വരാന്തയിലും മുറ്റത്തുമൊക്കെ ഒന്ന് നോക്ക്....."

അച്ചൻ വീണ്ടും മുറ്റത്തിറങ്ങി അങ്ങോളമിങ്ങോളം നടന്നു നോക്കി..... അവിടെയെങ്ങും പിതാവില്ല..... ഒരു പക്ഷേ ഇപ്പോഴേക്കും പിതാവ് മുറിയിൽ വന്നിട്ടുണ്ടാക്കും..... അച്ചൻ വീണ്ടും മുറിയിൽച്ചെന്ന് നോക്കി..... ആ ലൈറ്റ് അതുപോലെ കത്തുന്നുണ്ട്. കതക് അടച്ചിരിക്കുന്നു..... അച്ചൻ ശക്തിയോടെ കതകിൽ മുട്ടി..... മറുപടിയില്ല.....

ഇനി എന്താണു ചെയ്യുക? ഇത്രയും ദൂരം വന്നിട്ട് പിതാവിനെ കാണാതെ പോകേണ്ടി വരുമല്ലോ..... പുനരൈക്യപ്പെടാൻ ഒരുങ്ങിയിരിക്കുന്നവരോട് എന്താണ് മറുപടി പറയുക..... അദ്ദേഹം വാച്ചിൽ നോക്കി..... മണി 12 ആകുന്നു. ഇനി എന്തായാലും പിതാവിനെ കാണാൻ കഴിയുകയില്ല..... ഉറക്കമായിരിക്കും..... അതിരാവിലെ യാത്രചെയ്യാനുള്ളതുകൊണ്ട് നേരത്തേ ഉറങ്ങിയിട്ടുണ്ടാകും. വളരെ വേഗം ഗാഢനിദ്രയിൽ ലയിച്ചിട്ടുണ്ടാകും..... എന്തായാലും ഇനി ഉപദ്രവിക്കേണ്ട......

തനിക്ക് സജ്ജമാക്കിയിട്ടിരുന്ന മുറിയിലേയ്ക്ക് അദ്ദേഹം പോകാനിറങ്ങി...... ചാപ്പൽ വഴികടന്നു പോയപ്പോൾ അതിന്റെ മദ്ബഹായിലെ ഒരു ജന്നൽ തുറന്നിട്ടിരിക്കുന്നത് കണ്ടു. ഉത്തരവാദപ്പെട്ടവരുടെ അശ്രദ്ധ. കതക് അടയ്ക്കേണ്ടതായിരുന്നു. അത് പുറത്തു നിന്ന് ചാരിയിട്ടിട്ടു പോകാമെന്ന് വിചാരിച്ച് അടുത്തു

www.malankaralibrary.com

വന്നു...... ജനലിൽ കൂടി അകത്തേയ്ക്ക് നോക്കി. കെടാവിളക്കിന്റെ പ്രകാശം മദ്ബഹായിലുണ്ട്..... ആരോ അകത്തുണ്ടല്ലോ..... പിതാവ്..... മുട്ടിൻമേൽ നിൽക്കുന്നു..... തറയിലല്ല..... അല്ല ആകാശത്ത് ഉയർന്നു നിൽക്കുന്നു..... മുട്ടിന്മേൽ നിൽക്കുന്ന രൂപത്തിൽത്തന്നെ..... അതേ തറയിലല്ല..... ഒത്തിരി ഉയരത്തിലാണ്..... അതോ തനിക്കു തോന്നുന്നതാണോ?..... ആകാശത്തിൽത്തന്നെ..... ഉയർന്നു നില്ക്കുന്നു. ആ വൈദികൻ ആകെ ഭ്രമിച്ചു പോയി..... പരിസരബോധം നഷ്ടപ്പെടുന്നതുപോലെ..... തലചുറ്റുന്നോ?..... കണ്ണുകാണാമോ?..... കാലുകൾ വിറയ്ക്കുന്നോ? ഒരു നിമിഷത്തെ പരി്രമത്തിനു ശേഷം അദ്ദേഹം ഓടി തനിക്കു സജ്ജമാക്കിയിട്ടിരുന്ന മുറിയിൽ കടന്ന് കതകടച്ചു.....



# പശുവും വയ്ക്കോലും

മഠത്തിന്റെ മുറ്റത്തു ഒരു കാറു വന്നു നിന്നു. സിസ്റ്റേഴ്സ് ഓടി ഇറങ്ങി വന്നു. കാറ് കണ്ടപ്പോഴേ മനസ്സിലായി സന്ദർശകനാരാണെന്ന്. പിതാവാണ് സന്ദർശകൻ..... പ്രതീക്ഷിച്ചിരുന്നതാണ്. കാരണം, നങ്ങ്യാർകുളങ്ങരയിലെ ആ മഠം കഴിഞ്ഞ ആഴ്ചയിൽ ആരംഭിച്ചതേയുള്ളൂ. ആളിലും അർത്ഥത്തിലും പരാധീനതയുള്ള പുത്തൻ മഠം. പിതാവിനോടൊപ്പം കൽക്കട്ടയിൽ താമസിച്ചു യൂറോപ്യൻ സിസ്റ്റേഴ്സിൽ നിന്ന് സന്ന്യാസപാഠങ്ങളും സെറാമ്പൂർ കോളേജിൽ നിന്ന് ഉന്നത വിദ്യാഭ്യാസവും ലഭിച്ച പ്രഗല്ഭരുണ്ട്. പക്ഷേ അവരുടെയും സംഖ്യ വളരെ കുറവ്. അധികംപേർ ഇല്ലാതിരിക്കുന്നതും സൗകര്യമായിയെന്ന് ചിന്തിപ്പിക്കുന്ന വിധത്തിലുള്ള സാമ്പത്തിക വൈഷമ്യം..... വിശേഷങ്ങൾ അന്വേഷിക്കാൻ, പ്രോത്സാഹനം നൽകാൻ പിതാവ് വരാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ സ്വഭാവം നല്ലവണ്ണം അറിയാവുന്നവരാണ് മഠത്തിലെ അംഗങ്ങൾ.

വന്നപാടേ പിതാവ് ക്ഷേമം അന്വേഷിച്ചു തുടങ്ങി. ആരോഗ്യപരമായ പ്രശ്നമൊന്നുമില്ല, ആർക്കും തന്നെ. പക്ഷേ, സാമ്പത്തികമായ ബുദ്ധിമുട്ട് പറഞ്ഞറിയിക്കാനാകുന്നതിലധികമാണ്. ഭക്ഷണത്തിനു തന്നെയും വിഷമം, മറ്റു ആവശ്യങ്ങളെപ്പറ്റി പറയാതിരിക്കുകയാണ് ഭേദം.

ക്ഷേമാന്വേഷണം ആ വഴിക്കാണ് നീങ്ങിയത്. പിതാവ് ചോദിച്ചു, "രാവിലെ കാപ്പിക്കും ചായയ്ക്കുമൊക്കെ പാലു വേണ്ടേ."

www.malankaralibrary.com

വേണമെന്ന് ആരും പറഞ്ഞില്ല. വേണ്ടായെന്നു പറയാൻ സാധ്യവുമല്ല.

ചോദ്യകർത്താവു തന്നെ ഉത്തരവും പറഞ്ഞു. "ഒരു പശുവിനെ വാങ്ങിനിറുത്തുന്നതു നല്ലതാണ്. അങ്ങനെയായാൽ പാലിന്റെ പ്രശ്നം അവസാനിക്കും....."

നല്ല ആശയം ആർക്കും അതിൽ അഭിപ്രായ ഭിന്നതയില്ല. ഇന്നത്തെ സ്ഥിതിയിൽ ഏറ്റവും ആദ്യം പരിഹരിക്കേണ്ട പ്രശ്നമാണത്.....

പക്ഷേ, പ്രായോഗിക ബുദ്ധിമുട്ട് ശരിക്കറിയാവുന്ന സിസ്റ്റേഴ്സ് മറുപടി ഒന്നും പറഞ്ഞില്ല. അവർക്കറിയാം നല്ലതെല്ലാം ചെയ്യാൻ അനുവദിക്കുന്ന സാമ്പത്തിക സ്ഥിതിയല്ല തങ്ങളുടേതെന്ന്...., എത്രയോ നല്ല കാര്യങ്ങളുണ്ട്. പക്ഷേ, ചെയ്യാൻ പണം വേണ്ടേ..... ആരുതരും പണം?

പിതാവിന്റെ അഭിപ്രായത്തോടു യോജിപ്പാണെങ്കിലും ആരും ഒന്നും പറഞ്ഞില്ല..... സാധ്യമല്ലാത്തതിനെപ്പറ്റി സംസാരിച്ചിട്ടെന്തു ഫലം.....

ആ നിശബ്ദത അധികം ദീർഘിച്ചില്ല. പിതാവിന്റെ കൈ പോക്കറ്റിലേയ്ക്ക് നീങ്ങുന്നതും തിരിയെ വരുന്നതും അവർ ശ്രദ്ധിച്ചു. കൈ നിറയെ പണമുണ്ട്..... പശുവിനെ വാങ്ങാൻ സഹായിക്കുകയാകും പിതാവിന്റെ പ്ലാൻ.....

എടുത്ത രൂപ സുപ്പീരിയറിന്റെ പക്കലേയ്ക്കു നീട്ടിക്കൊണ്ടു പറഞ്ഞു, "ഇത് അമ്പതുരൂപയുണ്ട് പശുവിനെ വാങ്ങാനാണ്..... അങ്ങനെ ഒരു പ്രശ്നം അവസാനിക്കട്ടെ....."

"രൂപ വാങ്ങിച്ചെങ്കിലും പശുവിനെ വാങ്ങുന്ന ആശയത്തോടു അവർക്ക് പൂർണ്ണമായി യോജിക്കാൻ കഴിയുന്നില്ല. ആവശ്യമില്ലാത്തതുകൊണ്ടല്ല, തങ്ങളുടെ വൈദഗ്ദ്ധ്യത്തിലുള്ള വിശ്വാ



സക്കുറവുകൊണ്ട്. പലപ്പോഴും പശുക്കച്ചവടങ്ങൾ പരാജയത്തിലവസാനിക്കാറുണ്ട്. പശുവിന്റെ പ്രായവും ഗുണവുമെല്ലാം നോക്കി തിട്ടപ്പെടുത്താൻ കഴിയുന്നവർക്കേ പശുക്കച്ചവടം ലാഭകരമാക്കാൻ പറ്റുകയുള്ളൂ. സിസ്റ്റേഴ്സ് എവിടെ പോയാണ് പശുവിനെ വാങ്ങുന്നത്. അല്ലെങ്കിൽ ആ ആവശ്യത്തിനുവേണ്ടി ആരെയാണ് ആശ്രയിക്കുക....." ചോദ്യങ്ങൾ പലതും മനസ്സിൽ ഉയരുന്നു. എങ്കിലും ഒന്നും ചോദിച്ചില്ല..... മൗനം പാലിക്കുകമാത്രം ചെയ്തു.

എന്നാൽ പിതാവ് ചോദിക്കാത്ത ചോദ്യത്തിനുള്ള ഉത്തരവും പറഞ്ഞു,

"നിങ്ങൾ പശുവിനെ വാങ്ങാൻ പോകേണ്ട. ഒരാൾ ഇന്നു വൈകുന്നേരം ഇവിടെ പശുവിനെ കൊണ്ടു വരും..... എല്ലാം ഏർപ്പാടുചെയ്തിട്ടുണ്ട്. പശുവിനെ കൊണ്ടുവരുന്ന ആളിന്റെ കൈയിൽ ഈ അമ്പതു രൂപ കൊടുക്കണമെന്നു മാത്രം. ബാക്കിയെല്ലാം ശരിയായി ഏർപ്പാടു ചെയ്തിട്ടുണ്ട്....."

അപ്പോഴാണ് പുതിയൊരു പ്രശ്നത്തെപ്പറ്റി സിസ്റ്റേഴ്സ് ഓർത്തത്. പശുവിനെ വാങ്ങിയാൽ അതിന് തീറ്റി കൊടുക്കേണ്ടേ? എവിടെ പോയാണ് പുല്ലു ശേഖരിക്കുക? അല്ലെങ്കിൽ വയ്ക്കോൽ വാങ്ങിസൂക്ഷിക്കണം. പശുവിനെ വാങ്ങാൻ നിവൃത്തിയില്ലാത്തവർ എങ്ങനെ വയ്ക്കോലിനെപ്പറ്റി ചിന്തിക്കും.....

പശുവിനെ വേണ്ടായിരുന്നു..... ഇവിടെ വളർത്താൻ നിവൃത്തിയില്ല..... എങ്ങനെ അതു പിതാവിനോടു പറയും മാത്രമല്ല പിതാവ് വാങ്ങിക്കഴിഞ്ഞു. ഇനി തിരിയെക്കൊടുക്കാൻ പറ്റില്ലല്ലോ.....

മനസ്സിലെ ചിന്ത ഇങ്ങനെ നീങ്ങുന്നതിനിടയിൽ എല്ലാവരും മൗനം പാലിച്ചു..... ആർക്കും ഒന്നും പറയാനില്ല. പശുവിനെ വാങ്ങേണ്ടായിരുന്നുവെന്നതാണ് എല്ലാവരുടേയും അഭിപ്രായം പക്ഷേ, ഇനി ഒന്നും ചെയ്യാനാകുകയില്ല. വാങ്ങിക്കഴിഞ്ഞു.

www.malankaralibrary.com

മനസ്സിലെ ചിന്ത ആരുടേയോ അധരത്തിലൂടെ പുറത്തു വന്നു.....

"പിതാവേ, പശുവിനെ വാങ്ങിക്കേണ്ടായിരുന്നു..... തീറ്റികൊടുക്കാൻ ഒരു മാർഗ്ഗവുമില്ലിവിടെ....."

"അത് എനിക്കറിയില്ലേ..... വയ്ക്കോൽ വേണം അല്ലേ..... പശുവിനെ വാങ്ങുന്നതിനു മുമ്പേതന്നെ വയ്ക്കോൽ ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇന്നോ നാളെയോ വയ്ക്കോൽ ഇവിടെയെത്തും. നൂറു രൂപയുടെ വയ്ക്കോലാണ് ഏർപ്പാടു ചെയ്തിരിക്കുന്നത്..... അതു കുറേകാലത്തേയ്ക്ക് മതിയാകും....."

"ഇങ്ങനെയും ഒരു താൽപര്യമോ? ഇത്രയും ശ്രദ്ധാപൂർവ്വമായ പരിഗണനയോ? ചോദിക്കാതെ പശുവിനെ വാങ്ങിത്തരുന്നു..... പശുവിന്റെ ആവശ്യം സ്വയം അറിഞ്ഞ് വയ്ക്കോൽ വാങ്ങിത്തരുന്നു..... ഈ പരിഗണനയ്ക്ക് എന്താണ് പേരു പറയുക..... പൈതൃകമായ പരിഗണനയെന്നോ? സിസ്റ്റേഴ്സിന്റെ മനസ്സിൽ കൂടി പിന്നീട് കടന്നു പോയത് ഈ ചിന്തയാണ്.



# "ചാക്കോച്ചൻ പറഞ്ഞതാണ് ശരി....."

പുനരൈക്യവും മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപനവും കഴിഞ്ഞ് മലങ്കര പുനരൈക്യ പ്രസ്ഥാനം ഒരു അതിരൂപതയും ഒരു രൂപതയുമായി പുരോഗമിച്ചുകൊണ്ടിരുന്ന കാലം. എല്ലാ ദിക്കിലും ശത്രുക്കൾ ഏറെ ഉണ്ടായിരുന്നതിനാൽ വളരെ സൂക്ഷിച്ചു മാത്രമേ ഓരോ ചുവടും വയ്ക്കാൻ ആകുമായിരുന്നുള്ളൂ. ഏറ്റവും ബുദ്ധിപൂർവ്വകമായ ചുവടു വയ്പ്പ് അങ്ങനെ ശത്രുതകളെ അതിജീവിച്ച് മുന്നേറുക- അതായിരുന്നു അക്കാലത്തെ പ്രവർത്തനകശൈലി......

തിരുവനന്തപുരത്ത് കുറേ സ്ഥലം വാങ്ങണം....... ആലോചിച്ചു ചെയ്യേണ്ട കാര്യമാണ്. വിശദമായ പഠനവും വേണം....... ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് അതിരൂപതാ പ്രൊക്കുറേറ്ററെയും മറ്റ് ഉന്നത സ്ഥാനികളായ വൈദികരെയും വിളിച്ച് വിഷയം അവതരിപ്പിച്ചു. ഓരോ ആളും തന്റെ അഭിപ്രായങ്ങൾ അറിയിച്ചുകൊണ്ടിരുന്നു....... എല്ലാ അഭിപ്രായങ്ങൾക്കും കൊടുക്കേണ്ടതായ ഗൗരവം നൽകി. തൂക്കിനോക്കി സ്വീകരിക്കേണ്ടത് സ്വീകരിച്ച്, മാറ്റം വരുത്തേണ്ടത് മാറ്റം വരുത്തി, തള്ളിക്കളയേണ്ടത് തള്ളികളഞ്ഞ്, ആ ആലോചന മുന്നേറിക്കൊണ്ടിന്നു. തിരു

www.malankaralibrary.com

മേനിയുടെ മുറിയിൽ ആരംഭിച്ച കൺസൽട്ടേഷൻ സമയം ഏറെ ആയിട്ടും തീരുമാനത്തിലെത്താതെ മുന്നേറി. പലർക്കും മറ്റുപല പരിപാടികളുമുണ്ട്. ചിലരെല്ലാം അസ്വസ്ഥരായിക്കഴിഞ്ഞിരുന്നു....... മുറിയിൽ നിന്ന് ആലോചനാസംഘം പതുക്കെ വരാന്തയിലേയ്ക്ക് നീങ്ങി....... എന്തെങ്കിലും തീരുമാനിക്കാതെപോയാൽ ശരിയാകുകയില്ല....... അപ്പോഴാണ് ഭക്ഷണ കാര്യങ്ങളുടെ ചുമതലയുള്ള ചാക്കോച്ചേട്ടൻ ആ വഴി വന്നത്....... ദൂരെ വച്ചു തന്നെ തിരുമേനിയും അച്ചന്മാരും എന്താണ് ആലോചിക്കുന്നതെന്ന് ചാക്കോച്ചേട്ടന് മനസ്സിലായി. എന്താണ് ഏറ്റവും അഭികാമ്യമായ തീരുമാനമാകേണ്ടതെന്ന് ചാക്കോച്ചേട്ടന് നേരത്തേ അറിയാം. വാങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ചാക്കോച്ചനു നല്ല വശമാണ്. ഇപ്പോഴത്തെ ഉടമസ്ഥനെയും വാങ്ങുമ്പോൾ പാലിക്കേണ്ട വ്യവസ്ഥയെയും പറ്റി ചാക്കോച്ചേട്ടന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്.

പക്ഷേ താൻ ഒരഭിപ്രായം പറയാൻ പാടില്ല....... ഉന്നതനായ മാർ ഈവാനിയോസ് തിരുമേനിയെ ഉപദേശിക്കാൻ താൻ ആരാണ്....... മഹാബുദ്ധിമാൻ എന്ന് എല്ലാവരും സമ്മതിക്കുന്ന ആളിന് ബുദ്ധി ഉപദേശിക്കുകയോ? അതും തിരുമേനിയും വൈദികരും തമ്മിൽ ആലോചിക്കുന്നതിനിടയിൽ.......

ചാക്കോച്ചേട്ടൻ അടുത്തുകൂടി കടന്നുപോകുന്നതിനിടയിൽ അദ്ദേഹത്തിന്റെ മനസ്സിൽ നിന്ന് വസ്തുവിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം താനറിയാതെ പുറത്തു വന്നു....... പറയാൻ ഉദ്ദേശിച്ചതല്ല. എങ്കിലും എല്ലാം കേട്ട സ്ഥിതിക്ക് പറയാതിരിക്കാൻ സാധിക്കുമായിരുന്നില്ല....... ചാക്കോച്ചേട്ടൻ വന്നപാടേ ആ വഴി കടന്നുപോയപ്പോൾ ഇത്രയും പറഞ്ഞുപോയെന്നു മാത്രം.......



അധികം ചുവടുകൾ വച്ചില്ല....... തിരുമേനിയുടെ ശബ്ദം കാതിലലച്ചു....... "ചാക്കോച്ചൻ പറഞ്ഞതാണ് ശരി....... അവിടെ നിൽക്കൂ......." പാവം ചാക്കോച്ചേട്ടൻ സ്തംഭിച്ചുപോയി താൻ വെറുതേ പറഞ്ഞുപോയ വാക്കുകൾ തിരുമേനി ഗൗരവമായി എടുക്കുന്നെന്നോ? ചാക്കോച്ചേട്ടൻ തിരിഞ്ഞു വന്നു തന്റെ അഭിപ്രായം വ്യക്തമായി അറിയിച്ചു.......

എല്ലാവരുടേയും മനസ്സിൽ ഒരേ ചിന്ത. ഇത്രയും ഉന്നതനായ തിരുമേനി വെറും നിസാരനായ ചാക്കോച്ചേട്ടന്റെ പോലും അഭിപ്രായത്തിന് ഇത്രയും പ്രാധാന്യം കൊടുക്കുന്നല്ലോ....... യഥാർത്ഥ മഹത്ത്വം ഉന്നതങ്ങളിൽ മാത്രമല്ല നോക്കുക....... ആഴങ്ങളിലും അതിന്റെ കണ്ണുകളെത്തും.......

www.malankaralibrary.com

# "നമ്മെക്കാൾ വലിയവനല്ലേ ദൈവം....."

പാറേട്ടച്ചൻ ബഥനിയുടെ സുഹൃത്തും ബഥനിസ്ഥാപകന്റെ ഉറ്റമിത്രവുമായിരുന്നു. അദ്ദേഹം ബഥനിയിൽ അംഗമല്ല. സന്ന്യാസം സ്വീകരിക്കാതെ ഒരു രൂപതാ വൈദികനായിത്തന്നെ നിലകൊണ്ടു. എങ്കിലും ബ്രഹ്മചാരിയായിരുന്നു. സന്ന്യാസത്തോടും സന്ന്യസ്തരോടും വലിയ മതിപ്പും ബഹുമാനവും പുലർത്തിയിരുന്നു. ബഥനിസ്ഥാപകന്റെ ഉറ്റമിത്രമെന്നനിലയിൽ സന്ന്യാസികളെയും സന്ന്യാസിനികളെയും സന്ദർശിച്ച് ആവശ്യങ്ങൾ അന്വേഷിക്കുകയും സഹായങ്ങൽ എത്തിച്ചുകൊടുക്കുകയും ചെയ്തിരിന്നു. ബഥനിയുടെ പേരിലുള്ള ഇടവകകളുടെ രൂപീകരണത്തിൽ മാർ ഈവാനിയോസിനെ ഏറെ സഹായിച്ച നിസ്വാർത്ഥനായ സമുദായ സ്നേഹിയായിരുന്നു പാറേട്ടച്ചൻ......

വ്യക്തവും ശക്തവുമായ തീരുമാനങ്ങളോടെ മാർ ഈവാനിയോസ് സമുദായ പരിഷ്ക്കരണ ലക്ഷ്യങ്ങളോടെ മുന്നേറി. പ്രാർത്ഥനയുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ പുത്തൻകൂർ സമുദായത്തിലേക്ക് വെളിച്ചം കടന്നെത്താനുള്ള വാതായനം കത്തോലിക്കാ പുനരൈക്യമാണെന്ന് അദ്ദേഹത്തിനു വ്യക്തമായി. പുനരൈക്യത്തിനുള്ള ശ്രമങ്ങളുമായി മാർ ഈവാനിയോസ് മുന്നേറിയപ്പോൾ അദ്ദേഹത്തോടൊപ്പം വലംകൈ എന്ന നിലയിൽ പാറേട്ടച്ചൻ പ്രവർത്തിക്കുന്നുണ്ടായിരുന്നു.



പിന്നീട് സമുദായ ചരിത്രത്തിൽ പലതും സംഭവിച്ചു.. വട്ടിപ്പണക്കേസിൽ ഉണ്ടായ വിജയം...... ആദ്യം പുനരൈക്യത്തിന് അനുകൂലമായി നിന്ന മെത്രാന്മാരുടെയും സമുദായനേതാക്കളുടെയും പിന്മാറ്റം......

മാർ ഈവാനിയോസ് പിൻമാറാൻ തയ്യാറായില്ല...... പുനരൈക്യശ്രമങ്ങളുമായി മുന്നോട്ടു തന്നെ നീങ്ങിക്കൊണ്ടിരിന്നു...... കൂടെ മാർ തെയോഫിലോസ് തിരുമേനിയുണ്ട്....... ബഥനി സന്ന്യാസിനികൾ ഒറ്റക്കെട്ടായി മാർ ഈവാനിയോസിനോടൊപ്പം നിലകൊണ്ടു...... ബഥനി സന്ന്യാസികളിലും നല്ലൊരുഭാഗം പിതാവിനോടൊപ്പമാണ്......

ചിന്തയും പഠനവുംആലോചനയും പുനരാലോചനയുമായി മുന്നേറിയ കാലം...... അവസാനം അതു നടന്നു...... ബഥനിസ്ഥാപകനും മാർ തെയോഫിലോസ് തിരുമേനിയും...... ബഥനി സിസ്റ്റേഴ്സും.. കുറേ ബഥനി വൈദികരും പുനരൈക്യപ്പെട്ടു...... മാർ ഈവാനിയോസിന്റെ വലംകൈ ആയിരുന്ന പാറേട്ടച്ചൻ എവിടെ? ഇല്ല...... അദ്ദേഹം പുനരൈക്യത്തിനില്ല...... എല്ലാവർക്കും അത്യധികം വേദനയുളവാക്കിയ സംഭവം. മാർ ഈവാനിയോസിനോടൊപ്പം പാറേട്ടച്ചൻ ഉണ്ടാകുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെ പുനരൈക്യപ്രസ്ഥാനം വലിയ വിജയം കൈവരിക്കുമെന്ന് എല്ലാവർക്കും തീർച്ചയായിരുന്നു...... പക്ഷേ അതു സംഭവിച്ചില്ല.... പാറേട്ടച്ചൻ പുനരൈക്യപ്പെട്ടില്ല. ദുഃഖം ഈ ഭാഗത്തു മാത്രമല്ല..... ഒരു പക്ഷേ ഈ ഭാഗത്തെ ദുഃഖത്തെക്കാൾ വലിയ ദുഃഖം പാറേട്ടച്ചൻ അനുഭവിക്കുന്നുണ്ടായിരുന്നു. താൻ ആത്മാർത്ഥമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്ത മാർ ഈവാനിയോസ് സമുദായം ഉപേക്ഷിച്ചു പോയതിലുള്ള ദുഃഖം പാറേട്ടച്ചനെയും വല്ലാതെ കദനക്കടലിലാഴ്ത്തി......

www.malankaralibrary.com

......കാലം മുന്നോട്ടു പോയി......

ഇപ്പോൾ പുനരൈക്യനായകൻ രോഗഗ്രസ്ഥനാണ്. അന്ത്യവിളി കാത്ത് തിരുവനന്തപുരത്ത് രോഗശയ്യയിൽ കിടക്കുന്നു......

അന്ന് ഒരു രോഗീ സന്ദർശനമുണ്ടായി. പാറേട്ടച്ചനാണ് സന്ദർശകൻ...... രോഗിയുടെ അടുക്കൽ നിന്ന് എല്ലാവരും മാറിക്കൊടുത്തു...... ഗുരുവും ശിഷ്യനും കണ്ടുമുട്ടുകയാണ്...... ആരും അടുത്തു വേണ്ടാ...... ആത്മമിത്രങ്ങളുടെ കൂടിവരവാണ്. സ്വൈര്യം കെടുത്തരുത്...... ആ മുറിയിൽ മാർ ഈവാനിയോസും പാറേട്ടച്ചനും മാത്രം.... മിനിട്ടുകൾ മാത്രം ദീർഘിച്ച ആ സന്ദർശനം അവസാനിച്ചു. പാറേട്ടച്ചൻ മുറിയിൽ നിന്ന് ഇറങ്ങിപ്പോയി......

രോഗിയെ ശുശ്രൂഷിച്ചിരുന്നവർ വീണ്ടും അടുത്തു വന്നു. ഒരാൾ ചോദിച്ചു, "പിതാവേ, പാറേട്ടച്ചനല്ലേ വന്നിട്ടു പോയത്? അദ്ദേഹം നമ്മോടൊപ്പം പുനരൈക്യപ്പെട്ടില്ലല്ലോ...... കഷ്ടമായിപ്പോയി...... നമുക്ക് എന്തു പ്രതീക്ഷയായിരുന്നു......"

"പുനരൈക്യപ്പെട്ടില്ല.. അദ്ദേഹമിപ്പോൾ മെത്രാനാകാൻ പോകുകയാണ്. ഉം.... നമ്മേക്കാൾ വലിയവനല്ലേ ദൈവം......"

അടുത്ത ദിവസം വാർത്ത വന്നു. പാറേട്ടച്ചൻ മാർ ഈവാനിയോസ് എന്ന പേരിൽ ഓർത്തഡോക്സ് സഭയുടെ മെത്രാനാകുന്നു.. വായിച്ചവർക്കെല്ലാം മനസ്സിലായി മരണക്കിടക്കയിൽ കഴിയുന്ന സുഹൃത്തിന്റെ ഓർമ്മ നിലനിർത്താനാണ് ഫാദർ പാറേട്ട്, മാത്യൂസ് മാർ ഈവാനിയോസ് എന്ന നാമധേയം തെരഞ്ഞെടുത്തതെന്ന്......



# ഒരു വിലാപം

**ആ**ർച്ച് ബിഷപ്പ് മാർ ഈവാനിയോസ് ദിവംഗതനായി. വാർത്ത കാട്ടുതീയ് പോലെ നാടെങ്ങും പരന്നു. അടുത്തു നിന്നും അകലെ നിന്നും ആയിരങ്ങൾ ആ മഹാനുഭാവനെ അവസാനമായൊന്നു കാണാൻ തിരുവനന്തപുരത്തേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. തിരുവനന്തപുരം നഗരത്തിന്റെ ചരിത്രത്തിൽ അസാധാരണ രംഗങ്ങൾ സൃഷ്ടിച്ച സംഭവമായിരുന്നു അത്. വന്നവരിൽ അനേകർ മത ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവരായിരുന്നു. അവരിൽ മാർ ഈവാനിയോസിന്റെ അനുയായികളായിതീർന്നു കത്തോലിക്കാസഭയുടെ അംഗങ്ങളായവരുമുണ്ടായിരുന്നു. മാർ ഈവാനിയോസിന്റെ ധീരമായ ചുവടുവയ്പ്പിൽ അഭിമാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പാരമ്പര്യകത്തോലിക്കരുണ്ടായിരുന്നു. നാട്ടുകാർ ആ കൂട്ടത്തിലുണ്ടായിരുന്നു, വിദേശികളുണ്ടായിരുന്നു. രാഷ്ട്രീയ നേതാക്കന്മാർ പലർ ആ അന്ത്യ ശുശ്രൂഷകളിൽ സംബന്ധിച്ചു. പാവപ്പെട്ട കൃഷീവലന്മാരും സമ്പന്നരായ മുതലാളിമാരും വ്യാപാരികളുമൊക്കെ അക്കൂട്ടത്തിലുണ്ടായിരുന്നു. ജീവിതത്തിന്റെ നാനാ തുറകളിലും പെട്ട വൈവിധ്യമാർന്ന ഒരു ജനസമുദ്രം കേരളത്തിന്റെ തലസ്ഥാന നഗരിയിൽ രൂപപ്പെടുത്തിയ അസാധാരണ സംഭവമായിരുന്നു അത്.

കബറടക്കത്തിന്റെ ആരാധനാക്രമാധിഷ്ഠിതമായ ശുശ്രൂഷ

www.malankaralibrary.com

കൾ ഒന്നൊന്നായി പുരോഗമിച്ചുകൊണ്ടിരുന്നു. ശുശ്രൂഷകളുടെ ഏതാണ്ട് അന്ത്യത്തോടെ നഗരികാണിക്കൽ ശുശ്രൂഷ ആരംഭിച്ചു. തിരുവനന്തപുരത്തിന്റെ തെരുവീഥികൾ വിലാപയാത്രയുടെ വഴിത്താരകളായി മാറി. ആ പാവന ശരീരം വഹിച്ചുകൊണ്ട് നീങ്ങിയ വാഹനത്തിന്റെ ഇരു വശങ്ങളിലും ജനങ്ങൾ തിങ്ങി നിറഞ്ഞ് ആ ഭൗതിക ശരീരം ഒന്നു കാണാൻ എത്തി നോക്കുന്നുണ്ടായിരുന്നു.

വിലാപയാത്ര കഴിഞ്ഞ് പട്ടത്തെ പൂർത്തിയാകാത്ത കത്തീഡ്രൽ ദേവാലയത്തിലെ പൂർണമായും സജ്ജീകൃതമായ കബറിടത്തിൽ കുന്തിരുക്കത്തിൽ പൊതിഞ്ഞ ആ മൃതദേഹം അടക്കം ചെയ്യപ്പെട്ടു. സമാപന ശുശ്രൂഷകൾ കഴിഞ്ഞ് തിരുമേനിമാരും വൈദികരും സന്ന്യസ്തരും ജനങ്ങളുമെല്ലാം പല വഴിക്ക് തിരിഞ്ഞുകൊണ്ടിരുന്നു.

കബറിടത്തിനു പുറത്ത് ഒരു കന്യാസ്ത്രീ കണ്ണട കൈയിലെടുത്ത് മുഖം പൊത്തി വിങ്ങി വിങ്ങി കരയുന്നുണ്ടായിരുന്നു. അവരുടെ സന്ന്യാസ വസ്ത്രത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാകുമായിരുന്നു. അവർ ആർച്ചു ബിഷപ്പ് ആരംഭിച്ച ബഥനി സന്ന്യാസിനീ സഭയിലോ അദ്ദേഹം തന്റെ അതിരൂപതയിൽ പ്രവർത്തനത്തിനായിക്കൊണ്ടു വന്ന മറ്റേതെങ്കിലും സന്ന്യാസിനീ സമൂഹത്തിലേയോ അംഗമല്ല. മറ്റേതോ സമൂഹമാണ്. ആർക്കും അവരെ അതിനു മുമ്പ് കണ്ട പരിചയവും ഇല്ല. എന്താണിവരുടെ പ്രശ്നം? ഇങ്ങനെ വിതുമ്പാൻ എന്തുണ്ടായി? വല്ല അപകടവും സംഭവിച്ചിട്ടുണ്ടാകുമോ?

പലരുടെയും മനസിൽ ഇത്തരം ചോദ്യങ്ങളുയരുന്നുണ്ടായിരുന്നു. പരിചയമില്ലാത്തതുകൊണ്ട് ആരും നേരിട്ടു ചോദിച്ചില്ല. ഇവർ ഇവിടെത്തന്നെ നില്ക്കുന്നതെന്ത്? തിരിയെ പോകേണ്ടതല്ലേ.

അവരുടെ അസാധാരണമായ പെരുമാറ്റം ശ്രദ്ധിച്ചുകൊണ്ടിരുന്ന മദർ മാക്സാ അടുത്തു വന്നു തിരക്കി. "എന്താ സിസ്റ്റർ? എന്തു പറ്റി? എന്താണ് കരയുന്നത്? വല്ലതും ആവശ്യമുണ്ടെങ്കിൽ പറഞ്ഞാൽ മതി. ഞങ്ങളെല്ലാം ഇവിടെയുണ്ടല്ലോ. വീട്ടിൽ നിന്ന്



വല്ല ദുഃഖവാർത്തയും കേട്ടോ? സിസ്റ്ററിന്റെ വീടെവിടെയാണ്....?"

വളരെ നേരം പാടുപെട്ടപ്പോൾ ആ സിസ്റ്റർ തന്റെ ദുഃഖകാരണം വെളിപ്പെടുത്തി.

അഞ്ചു വർഷം മുമ്പാണത് സംഭവിച്ചത്. സിസ്റ്ററിന് കലശലായ തലവേദന. തൃശൂർകാരിയും തൃശൂർ ആസ്ഥാനമുള്ള ഒരു സന്ന്യാസിനീ ഭവനത്തിലെ അംഗവുമായ സിസ്റ്റർ എല്ലായിടത്തും ചികിത്സിച്ച് ആശയറ്റ് തിരുവനന്തപുരത്ത് ഒരു പ്രസിദ്ധനായ ഡോക്ടറിനെ കാണാനെത്തി. വിദഗ്ദ്ധവും വിശദവുമായ പരിശോധനയ്ക്കു ശേഷം ഡോക്ടറിന് രോഗകാരണവും നിവാരണമാർഗ്ഗവും മനസ്സിലായി. വളരെ വിലപിടിപ്പുള്ളതും വിദേശ നിർമ്മിതവുമായ കണ്ണട ഉപയോഗിക്കുകയുമാണ് തലവേദന സുഖമാകാനുള്ള ഏക മാർഗ്ഗം. അതിന്റെ വിലയെപ്പറ്റി കേട്ടപ്പോൾ സിസ്റ്റർ തളർന്നു പോയി. ഒരിക്കലും തനിക്ക് അത് ലഭിക്കാൻ പോകുന്നില്ല. തന്റെ സന്ന്യാസ ഭവനത്തിന് ഇത്രയും വലിയൊരു തുക ചെലവാക്കാൻ സാധിക്കുകയില്ല.

പരിശോധനകളെല്ലാം കഴിഞ്ഞെങ്കിലും പ്രശ്നത്തിനു പരിഹാരം കാണാതെ മടങ്ങണമെന്ന ചിന്ത സിസ്റ്ററിനെ നിരാശപ്പെടുത്തി. തൃശൂരേയ്ക്ക് നിരാശയോടെ മടങ്ങാൻ തുടങ്ങുമ്പോൾ ഒരാൾ വന്നു പറഞ്ഞു തിരുവനന്തപുരം ആർച്ചു ബിഷപ്പിനെ കാണണമെന്ന്.

ആർച്ചു ബിഷപ്പിനെപ്പറ്റി കേട്ടിട്ടേയുള്ളൂ. ഇതുവരെ കണ്ടിട്ടില്ല. ഒരു പരിചയവുമില്ല. ആ സ്ഥിതിക്ക് തന്നെ കാണണമെന്ന് പറയുന്നതിന്റെ അർത്ഥം? ആവശ്യപ്പെടുന്നത് ആർച്ചു ബിഷപ്പല്ലേ. അതും കേരളത്തിലെ, ഇന്ത്യയിലെ തന്നെ, ഏറ്റവും പ്രസിദ്ധനായ ആർച്ചു ബിഷപ്പ്. കാണാതെ പോകുന്നതു ശരിയല്ല.

സിസ്റ്റർ അരമനയിൽ ചെന്ന് ആർച്ചു ബിഷപ്പിനെക്കണ്ടു. ചെന്നപാടേ കണ്ണിന്റെ അസുഖത്തെപ്പറ്റിയും വാങ്ങേണ്ട കണ്ണടയുടെ വിലയെപ്പറ്റിയും തിരക്കിയശേഷം ആവശ്യമായ തുക വച്ചു നീട്ടി.......

www.malankaralibrary.com

വാങ്ങാമോ? ആർച്ചു ബിഷപ്പിന് ബുദ്ധിമുട്ടാകില്ലേ, അതും പുതിയൊരു അതിരൂപതയിലെ ആർച്ചു ബിഷപ്പിന്? നിർബന്ധിച്ചപ്പോൾ തുക വാങ്ങി.

തന്റെ ആവശ്യത്തെപ്പറ്റി ആരാണ് ആർച്ചു ബിഷപ്പിനോട് പറഞ്ഞത്? ഒന്നും അറിഞ്ഞു കൂടാ. എന്നാൽ അന്നുവരെ അനുഭവിക്കാൻ സാധിക്കാതിരുന്ന പിതൃവാത്സല്യം ആണ് ആർച്ചു ബിഷപ്പിൽ നിന്ന് അനുഭവിച്ചത്. തന്റെ സ്വന്തം സന്ന്യാസിനീ ഭവനത്തിൽ നിന്നോ സ്വന്തം മാതാപിതാക്കളിൽ നിന്നോ കിട്ടിയിട്ടുള്ള സ്നേഹവും കരുതലുമെല്ലാം ഈ വാത്സല്യത്തിന്റെ മുമ്പിൽ നിഷ്പ്രഭമാകുന്നു...

വിതുമ്പിക്കൊണ്ട് സിസ്റ്റർ കൂട്ടിച്ചേർത്തു : അന്ന് കണ്ടതിനു ശേഷം പിന്നീടൊരിക്കലും കണ്ടിട്ടില്ല. എന്നാൽ ഇന്നലെ പിതാവിന്റെ മരണ വാർത്ത കേട്ടു. എങ്ങനെയും ആ മുഖം ഒന്നുകൂടെ കാണണമെന്നു എനിക്ക് നിർബന്ധമായിരുന്നു. അതു സാധിക്കുന്നില്ലെങ്കിൽ എന്റെ ജീവിതത്തിന് അർത്ഥമില്ലാതെ പോകുമെന്ന് എനിക്കു തോന്നി. ഇങ്ങോട്ടു വരാൻ അനുവാദമില്ലായിരുന്നു. ഇത്രയും ദൂരെയൊന്നും പോകാൻ ഞങ്ങൾക്ക് അനുവാദമില്ലാത്തതാണ്. സ്വന്തം വീട്ടുകാർ മരിച്ചാൽ പോലും ദൂരെയാണെങ്കിൽ പോയി കാണാൻ അനുവദിക്കാറില്ല. ഞാൻ ശാഠ്യം പിടിച്ചതുകൊണ്ട് മാത്രമാണ് അനുവദിച്ചത്.

എന്റെ അപ്പച്ചൻ എന്നെ വിട്ടുപോയി. ഇതിലധികം ദുഃഖം എനിക്ക് അനുഭവിക്കാനില്ല. വെറുമൊരു അപരിചിതയും അന്യയുമായ സന്ന്യാസിനിയെ ഇത്ര വാത്സല്യപൂർവ്വം കരുതാൻ ഞാൻ എന്തു നന്മ ചെയ്തു......

കൈയിലിരുന്ന കണ്ണട കാണിച്ചുകൊണ്ട് അവർ പറഞ്ഞു. “എന്റെ അപ്പച്ചൻ തന്ന കണ്ണടയാണിത്....”

വീണ്ടും അവരുടെ കണ്ണുകൾ സജലമായി......